


VOL NO: 06 I ISSUE 03

www.nerpatham.com

mail@nerpatham.com

2022 JANUARY 15 I ₹10


# നേർപഥം

വാരിക

## നവോത്ഥാനത്തിന്റെ ഇന്നലെകൾ

സ്രഷ്ടാവും മാർഗദർശകനുമായ അല്ലാഹു, തന്റെ സൃഷ്ടികളെ നേർവഴി നടത്താനായി നൽകിയതാണ് വേദഗ്രന്ഥങ്ങൾ. എന്നാൽ ഈ പ്രമാണങ്ങളിൽ പോലും തങ്ങളുടെ ഇംഗിതത്തിനനുസരിച്ച് മനുഷ്യർ ആശയങ്ങൾ കയറ്റിക്കൂട്ടാൻ തുടങ്ങി. ഇതിന് അറുതിവരുത്തിക്കൊണ്ടാണ് ലോകർക്കാകമാനം വഴികാട്ടുവാൻ മാറ്റത്തിരുത്തലുകൾക്ക് സാധ്യമാവാത്ത വിശുദ്ധ ക്വുർആൻ അന്തിമ ദൂതനിലൂടെ സ്രഷ്ടാവ് അവതരിപ്പിച്ചത്.

# വേദഗ്രന്ഥങ്ങളും വിശ്വാസിയും


|| സ്വപ്നങ്ങളുടെ മനഃശാസ്ത്രം

|| സാമ്പത്തികരംഗത്തെ ചതിക്കുഴികൾ

|| വീണുപോയവരെ ചേർത്തുപിടിക്കുക




കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക: 9207525244
WhatsApp: 9207525244

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 9207525244



ഹുസൈൻ സലഫിയുടെ
**'പ്രകാശം പരത്തിയ പ്രവാചകന്മാർ'**
എന്ന പുസ്തക പരമ്പരയിലെ **670** രൂപ വിലവരുന്ന
4 പുസ്തകങ്ങൾ
ഇപ്പോൾ വെറും **500** രൂപക്ക്...!!!

ഈ ഓഫർ
ഡിസംബർ 5 മുതൽ
ജനുവരി 15 വരെ

yono SBI | SBI Payments
MERCHANT NAME: WISDOM ISLAMIC ORGANIZATION
UPI ID: WISDOMISLAMICCLT@SBI
SCAN & PAY
BHIM SBI Pay
BHIM | UPI


## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

0260
നേർപഥം
വാരിക

2022 ജനുവരി 15
1442 ജുമാദൽ ആഖിർ 12
പുസ്തകം 06 / ലക്കം 03






Printed, published
& owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Design, Cover & Layout:
Musthafa Mannarottil



Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly




കവർ സ്റ്റോറി
10
വേദഗ്രന്ഥങ്ങളും
വിശ്വാസിയും
ശമീർ മദീനി

05
മുഖമൊഴി
സാമ്പത്തിക രംഗത്തെ
ചതിക്കുഴികൾ

06
നിയമപഥം
മൗലികാവകാശങ്ങൾ
അബൂഫായിദ

07
ആരോഗ്യപഥം
സ്വപ്നങ്ങളുടെ മന:ശാസ്ത്രം
ഡോ. എം. സബീൽ ബിൻ
അബ്ദുസ്സലാം

17
ലേഖനം
തസ്ബീഹിന്റെ
പ്രാധാന്യം
ഇബ്റാഹീം ഇബ്നു മൂസ

18
ലേഖനം
നവോത്ഥാനത്തിന്റെ
ഇന്നലെകൾ
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

22
ക്വുർആൻദർശനം
അദ്ദാരിയാത് 
(വിതറുന്നവ)

26
ചരിത്രപഥം
ഖയ്ബർ യുദ്ധം
ഹുസൈൻ സലഫി

31
കവിത
കൊലയാളി
ന്യായങ്ങൾ
സുലൈമാൻ പെരുമുക്ക്

32
ശാന്തിഗേഹം
വീണുപോയവരെ
ചേർത്തുപിടിക്കുക
ഡോ.സി.മുഹമ്മദ് റാഫി ചെമ്പ്ര

34
ബാലപഥം
വാനവും
ലോകവും
സാദിഖ് ബിൻ സലീം

# വിസ്ഡം യൂത്ത് പ്രൊഫെയ്സിന് പ്രൗഢമായ സമാപനം

പെരിന്തൽമണ്ണ: മതനിരാസവും സ്വതന്ത്രചിന്തയും നാടിന്റെ സ്വൈരം കെടുത്തുമെന്ന് വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന സമിതി രണ്ട് ദിവസങ്ങളിലായി സംഘടിപ്പിച്ച 'പ്രൊഫെയ്സ്' പ്രൊഫഷണൽസ് ഫാമിലി കോൺഫറൻസ് അഭിപ്രായപ്പെട്ടു. തിന്മക്കെതിരെ മതബോധത്തിലൂടെയും വിജ്ഞാനത്തിലൂടെയും പ്രതിരോധം തീർക്കണമെന്നും കോൺഫറൻസ് അഭിപ്രായപ്പെട്ടു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് ഹാരിസ് മദനി കായക്കൊടി അധ്യക്ഷനായി. നജീബ് കാന്തപുരം എംഎൽഎ മുഖ്യാതിഥിയായിരുന്നു. വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറി കെ. താജുദ്ദീൻ സ്വലാഹി മുഖ്യ പ്രഭാഷണം നടത്തി.

വിസ്ഡം യൂത്ത് പ്രൊഫഷണൽ എക്സലൻസ് അവാർഡ് ഡോ. പി.പി നസീഫിന് നൽകി. ഡോ അബ്ദുല്ല ബാസിൽ, പി.ഒ ഫസീഹ്, പി.എച്ച് മൻസൂർ, സി. മുഹമ്മദ് അജ്മൽ, ഡോ. അലി അജ്മാൻ, ത്വൽഹത്ത് സ്വലാഹി എന്നിവർ സംസാരിച്ചു.

'ഇസ്‌ലാമും സമകാലിക വെല്ലുവിളികളും' എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചക്ക് ടി. കെ നിഷാദ് സലഫി, പ്രഫ. ഹാരിസ്ബിൻ സലീം, അബ്ദുൽഹമീദ് പറപ്പൂർ, ഡോ. മുബശ്ശിർ എന്നിവർ നേതൃത്വം നൽകി. വിസ്ഡം പണ്ഡിത വിഭാഗം പ്രസിഡന്റ് ഹുസൈൻ സലഫി ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറി ജംഷീർ സ്വലാഹി മോഡറേറ്ററായിരുന്നു. അബ്ദുൽ ജബ്ബാർ അബ്ദുല്ല മദീനി, മുജീബ് ഒട്ടുമ്മൽ, നിഷാദ് സലഫി, ഡോ.നജ്മുദ്ദീൻ കുരിയാടൻ എന്നിവർ പ്രസംഗിച്ചു.

ആദർശ സെഷനിൽ ഡോ. അഹ്മദ് കുട്ടി കണ്ണിയൻ മോഡറേറ്ററായിരുന്നു. അബൂബക്കർ സലഫി, ടി. കെ അശ്റഫ്, ഫൈസൽ മൗലവി, സി.പി സലീം, മുഹമ്മദ് സ്വാദിഖ് മദീനി, യു. മുഹമ്മദ് മദനി, എന്നിവർ സംസാരിച്ചു. മുജാഹിദ് ബാലുശ്ശേരി സമാപനപ്രസംഗം നടത്തി.

'കൗമാര സംഗമം' വിസ്ഡം സ്റ്റുഡൻറ്സ് സംസ്ഥാന പ്രസിഡന്റ് അൻഷദ് അൽഹികമി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് നൂറുദ്ദീൻ സ്വലാഹി അധ്യക്ഷനായി. സി. മുഹമ്മദ് അജ്മൽ, ഡോ. അബ്ദുല്ല ബാസിൽ, മുസ്തഫ മദനി, ഷിയാദ് ഹസൻ, ത്വൽഹത്ത് സ്വലാഹി എന്നിവർ സംസാരിച്ചു. ■

# ജെൻഡർ രാഷ്ട്രീയ ലോബിക്ക് സാംസ്കാരികബോധം അടിയറവ് വെക്കരുത്: വിസ്ഡം പ്രൊഫെയ്സ്

പെരിന്തൽമണ്ണ: ജെൻഡർ ന്യൂട്രൽ യൂണിഫോം വിദ്യാർഥികളിൽ അടിച്ചേൽപ്പിച്ച് നവലിബറൽ ചിന്തകരിലൂടെ ശക്തിയാർജിക്കാൻ വഴികൾ തേടുന്ന ജെൻഡർ രാഷ്ട്രീയ ലോബിക്ക് ഉന്നതമായ മലയാള സാംസ്കാരിക ബോധത്തെ അടിയറവ് വെക്കരുതെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സമിതി സംഘടിപ്പിച്ച 'പ്രൊഫെയ്സ്' പ്രൊഫഷണൽസ് ഫാമിലി കോൺഫറൻസിൽ നടന്ന പാനൽ ചർച്ച അഭിപ്രായപ്പെട്ടു.

ലൈംഗിക സ്വത്വത്തെക്കുറിച്ച് ചെറുപ്പത്തിലേ കുട്ടികളിൽ ആശയക്കുഴപ്പം ഉണ്ടാക്കി, സ്വവർഗ രതി സാർവത്രികമാക്കാനുള്ള കുതന്ത്രമാണിതിന് പിന്നിലുള്ളത്. സമൂഹം ഇതിനെതിരെ ഉണരുകയും വിദ്യാർഥികളുടെ വിഷയത്തിൽ രക്ഷിതാക്കൾ അതീവ ജാഗ്രത പുലർത്തുകയും വേണം.

വിവാഹപ്രായമുയർത്തുന്നതിലൂടെ സ്ത്രീസമൂഹത്തിൽ അരക്ഷിതത്വം വ്യാപകമാകുമെന്നതിൽ ആശങ്കയുണ്ട്, രാഷ്ട്രീയ കലാപങ്ങൾക്ക് മതത്തിന്റെ പരിവേഷം നൽകി സമാധാനം തകർക്കുന്ന ഇരുട്ടിന്റെ ശക്തികളെ ഒറ്റപ്പെടുത്തണമെന്നും പ്രൊഫെയ്സ് അഭിപ്രായപ്പെട്ടു. ■



# സാമ്പത്തികരംഗത്തെ ചതിക്കുഴികൾ

മലയാളികൾ സാക്ഷരതയിൽ മുന്നിൽ നിൽക്കുന്നവരാണ്. പ്രബുദ്ധകേരളം എന്നൊക്കെ നാം നമ്മുടെ സംസ്ഥാനത്തെ വിശേഷിപ്പിക്കാറുണ്ട്. എന്നാൽ ഈ സാക്ഷരതയുടെയും പ്രബുദ്ധതയുടെയുമൊന്നും അടയാളം ചിലപ്പോഴൊക്കെ ചില മലയാളികൾക്കിടയിൽ കാണപ്പെടാറില്ല. അതിലൊന്നാണ് സാമ്പത്തിക ചൂഷണരംഗം.

പത്തുവെച്ചാൽ നൂറു കിട്ടുമെന്ന പരസ്യം കണ്ടാലുടൻ ചാടി വീഴുകയായി. ലക്ഷങ്ങളും കോടികളും അതിനായി നൽകാൻ ഒരു മടിയും കാണിക്കില്ല. തുടക്കത്തിൽ തട്ടിപ്പുകാർ ലാഭവിഹിതമെന്നു പറഞ്ഞ് കാശ് കൊടുക്കും. അതോടെ അവരിലുള്ള വിശ്വാസം വർധിക്കും. കടം വാങ്ങിയും ഉള്ളതെല്ലാം വിറ്റുപെറുക്കിയുമൊക്കെ പണം നൽകും. ഒടുവിൽ കോടികൾ കൈക്കലാക്കി തട്ടിപ്പുകാർ മുങ്ങും.

ഇത്തരം സംഭവങ്ങൾ നടന്നതിന്റെ വാർത്തകൾ പലപ്പോഴും കേട്ടവർ പോലും പിന്നീട് അത്തരം തട്ടിപ്പുകളിൽ അകപ്പെടുന്നുവെങ്കിൽ അവരെ എന്താണ് വിശേഷിപ്പിക്കുക? ധനത്തോടുള്ള അമിതമായ ആർത്തിമൂലം കിടപ്പാടം പോലും നഷ്ടപ്പെട്ട എത്രയോ ആളുകൾ നമുക്കിടയിലുണ്ട്. ഭർത്താക്കൻമാരറിയാതെ തട്ടിപ്പുകാരുടെ വലയിൽ കുരുങ്ങി സ്വർണവും കാശും നഷ്ടപ്പെടുത്തുന്ന സ്ത്രീകളുടെ എണ്ണവും കുറവല്ല. മന്ത്രവാദത്തിനായും നിധി ലഭിക്കുന്നതിനുമൊക്കെ ലക്ഷങ്ങൾ നൽകി വഞ്ചിക്കപ്പെടുന്ന അനേകരുണ്ട്.

സാമ്പത്തിക രംഗത്ത് മനുഷ്യൻ പുതിയ വഴികൾ തേടുമ്പോൾ അത് അവനെ വലിയ അപകടങ്ങളിലേക്കും പരാജയങ്ങളിലേക്കും കൊണ്ടെത്തിക്കുന്നത് സ്വാഭാവികമാണ്. അതിന്റെ പേരിൽ കുടുംബവും ബന്ധുക്കളും അനുഭവിക്കുന്ന പ്രയാസങ്ങളും തീരാവേദനകളും വറ്റാത്ത കണ്ണീരായി അവശേഷിക്കുന്ന എത്രയോ സംഭവങ്ങൾ ദിനപത്രങ്ങളിലൂടെയും വാർത്താ ചാനലുകളിലൂടെയും നാം കണ്ടുകൊണ്ടിരിക്കുന്നു.

ഇത്തരത്തിലുള്ള സംഭവങ്ങളിൽ പ്രതിയായി മാറുന്നവരും ഇരയായി മാറുന്നവരും ആരാണ്? അവരിൽ പാവപ്പെട്ടവരുണ്ട്, ഇടത്തരക്കാരുണ്ട്, വൻ സമ്പന്നരുണ്ട്. സാമ്പത്തിക പരാധീനതകളുള്ളവർ അതിൽനിന്ന് കരകേറുവാനും സമ്പന്നർ അതിമോഹം മൂത്ത് ഇരട്ടിയിരട്ടിയായി വർധിപ്പിക്കുവാനുമുള്ള ശ്രമം നടത്തുമ്പോഴാണ് ഇരകളോ പ്രതികളോ ആയി മാറുന്നത്. ഇസ്‌ലാം പഠിപ്പിച്ച 'ഉള്ളത് കൊണ്ട് തൃപ്തിപ്പെട്ട് ജീവിക്കണം' എന്ന തത്വം ഉൾക്കൊണ്ട് ജീവിക്കാൻ മനുഷ്യർ ശ്രമിക്കുന്നില്ല. കിടമത്സരത്തിലാണവനെപ്പോഴും. താൻ മറ്റുള്ളവരെക്കാൾ ഉയർന്നു നിൽക്കണം; എല്ലാ കാര്യത്തിലും എന്നതാണവന്റെ ചിന്ത. അതിന് ഏതു നീച മാർഗവും അവലംബിക്കാൻ മടികാണിക്കുന്നില്ല. ഒരു സത്യവിശ്വാസി ഏത് നിലക്കുള്ള ജീവിത ശൈലി സ്വീകരിക്കണമെന്ന് നബി(സ്വ) കൃത്യമായി പഠിപ്പിച്ചിട്ടുണ്ട്.

'നിങ്ങൾ നിങ്ങളുടെ താഴെയുള്ളവരിലേക്ക് നോക്കുക. നിങ്ങൾ നിങ്ങളുടെ മുകളിലുള്ളവരിലേക്ക് നോക്കരുത്. അല്ലാഹു നിങ്ങൾക്ക് ചെയ്തുതരുന്ന അനുഗ്രഹത്തെ നിസ്സാരമായി കാണാതിരിക്കാൻ അതാണ് ഉത്തമം' എന്നാണ് അവിടുന്ന് കൽപിച്ചിരിക്കുന്നത്. അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ ആസ്വദിച്ച് ജീവിക്കുമ്പോൾ തന്നെ അതിന് നന്ദികാണിക്കുകയും വേണം.

'സമ്പത്തും സന്താനങ്ങളും ഐഹിക ജീവിതത്തിന്റെ അലങ്കാരങ്ങളാണ്' എന്നാണ് വിശുദ്ധ ക്വുർആൻ അറിയിക്കുന്നത്. 'തീർച്ചയായും അവൻ ധനത്തോടുള്ള സ്‌നേഹം കഠിനമായുള്ളവനാകുന്നു' എന്ന അല്ലാഹുവിന്റെ വചനം എത്ര ശരിയാണ്. അതുകൊണ്ടാണല്ലോ ധനത്തിന്റെ പേരിൽ മക്കൾ പിതാവിനെയും പിതാവ് മക്കളെയുമൊക്കെ വെട്ടിക്കൊന്നതിന്റെ റിപ്പോർട്ടുകൾ നമുക്ക് വായിക്കേണ്ടിവരുന്നത്.



# മൗലികാവകാശങ്ങൾ

**അബൂഫായിദ**

ജനാധിപത്യരാജ്യത്തിൽ പൗരന് അന്തസ്സും വ്യക്തിത്വവും സ്വാതന്ത്ര്യവും നിലനിർത്തുന്നതിന് ഒഴിവാക്കാൻ പാടില്ലാത്ത ചില പ്രാഥമിക അവകാശങ്ങൾ ഉണ്ടായിരിക്കണം. അതാണ് മൗലികാവകാശങ്ങൾ (Fundamental Rights) എന്നറിയപ്പെടുന്നത്. ജീവിക്കുന്നതിനും സഞ്ചരിക്കുന്നതിനും അഭിപ്രായം പ്രകടിപ്പിക്കുന്നതിനുമുള്ള അവകാശങ്ങൾ ഇതിൽപ്പെടുന്നു.

ഇന്ത്യൻ ഭരണഘടനയിലെ മൂന്നാം ഭാഗത്തിൽ 12 മുതൽ 35 വരെയുള്ള അനുഛേദങ്ങളിലാണ് മൗലികവാകാശങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നത്. ചില പ്രത്യേക സാഹചര്യങ്ങളിലൊഴിച്ച്, ഈ മൗലികാവകാശങ്ങൾ നിഷേധിക്കാനുള്ള അധികാരം ഭരണകൂടത്തിന് ഇല്ലായെന്ന് ഇന്ത്യൻ ഭരണഘടന വ്യവസ്ഥ ചെയ്യുന്നു. നിയമത്തിന്റെ ദൃഷ്ടിയിൽ എല്ലാ പൗരന്മാരെയും സമന്മാരായി കണക്കാക്കണമെന്നത് ഇത് പ്രകാരം മൗലികാവകാശമാകുന്നു. മൗലികാവകാശ ധ്വംസനമുണ്ടായാൽ കോടതി മുഖേന അതു സംരക്ഷിച്ചു കിട്ടുന്നതിനുള്ള അവകാശം പൗരനുണ്ട്. നിയമനിയന്ത്രണങ്ങൾക്ക് വിധേയമായി വ്യക്തിയുടെ അഭിപ്രായസ്വാതന്ത്ര്യം, സംഘടനാ പ്രവർത്തനങ്ങൾക്കുള്ള സ്വാതന്ത്ര്യം, രാജ്യത്തിനകത്തുള്ള സഞ്ചാരസ്വാതന്ത്ര്യം, രാജ്യത്തിനകത്ത് എവിടെയും താമസിക്കുന്നതിനുള്ള സ്വാതന്ത്ര്യം, തൊഴിൽ സ്വാതന്ത്ര്യം എന്നിവയാണ് പ്രധാന മൗലികാവകാശങ്ങൾ.

വ്യക്തിയുടെ ജീവനോ സ്വാതന്ത്ര്യമോ അപഹരിക്കുവാൻ പാടില്ലെന്ന് ഭരണഘടനയിലെ 21-ാം വകുപ്പായ ജീവസ്വാതന്ത്ര്യ സംരക്ഷണം വ്യക്തമാക്കിയിട്ടുണ്ട്. ഭരണഘടനയിലെ വിവിധ വകുപ്പുകൾക്ക് വിധേയമായി പൗരന്മാരുടെ പേരിൽ നിയമനടപടികൾ കൈക്കൊള്ളുന്നതിന് അവകാശമുണ്ട്. അടിമത്തം, ബാലവേല എന്നിവയും നിരോധിച്ചിട്ടുണ്ട്. നിബന്ധനകൾക്ക് വിധേയമായി മതസ്വാതന്ത്ര്യത്തിനുള്ള അവകാശം രാജ്യത്തിലെ ജനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ഇന്ത്യൻ പൗരസമൂഹത്തിൽപ്പെട്ട ന്യൂനപക്ഷ സമുദായങ്ങൾക്ക് വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്നതിനുള്ള പ്രത്യേകമായ അവകാശം ഭരണഘടന പരിരക്ഷിക്കുന്നു.

മതസ്വാതന്ത്ര്യം എന്നത് ഒരു വ്യക്തിയുടെയോ സമൂഹത്തിന്റെയോ മതസ്വാതന്ത്ര്യത്തെ പിന്തുണയ്ക്കുന്ന ഒരു തത്വമാണ്. പൊതുവായി അല്ലെങ്കിൽ സ്വകാര്യമായി, ഇഷ്ടപ്പെട്ട മതം വിശ്വസിക്കാനും അതനുസരിച്ചു ജീവിക്കാനും അത് പഠിക്കാനും പ്രചരിപ്പിക്കാനുമുള്ള അവകാശം, ആരാധനയ്ക്കുള്ള അവകാശം, മതസ്ഥാപനങ്ങൾ ഉണ്ടാക്കാനും സ്ഥാവര ജംഗമ സ്വത്തുക്കൾ ആർജിക്കാനുമുള്ള അവകാശം, എന്നിവയ്ക്കൊപ്പം ഒരാളുടെ മതമോ വിശ്വാസങ്ങളോ മാറ്റാനോ ഉപേക്ഷിക്കാനോ ഉള്ള അവകാശം, ഏതെങ്കിലും മതമോ വിശ്വാസമോ പ്രകടിപ്പിക്കാതിരിക്കാനുള്ള അവകാശം എന്നിവയെല്ലാം മതസ്വാതന്ത്ര്യത്തിൽ ഉൾപ്പെടുന്നു. മതസ്വാതന്ത്ര്യത്തെ മിക്ക രാജ്യങ്ങളും ഒരു മൗലിക മനുഷ്യാവകാശമായി കണക്കാക്കുന്നു.

ഔദ്യോഗിക മതമുള്ള ഒരു രാജ്യത്ത്, മതസ്വാതന്ത്ര്യം എന്നതുകൊണ്ട് പൊതുവെ കണക്കാക്കുന്നത് ഔദ്യോഗിക മതത്തിന് പുറമെ മറ്റുവിഭാഗങ്ങളുടെ മതപരമായ ആചാരങ്ങൾ സർക്കാർ അനുവദിക്കുന്നുവെന്നും മറ്റുവിശ്വാസങ്ങളിൽ വിശ്വാസികളെ ഉപദ്രവിക്കുന്നില്ലെന്നുമാണ്.

1993ൽ യുഎന്നിന്റെ മനുഷ്യാവകാശ സമിതി സിവിൽ, രാഷ്ട്രീയ അവകാശങ്ങൾക്കായുള്ള അന്താരാഷ്ട്ര ഉടമ്പടിയുടെ ആർട്ടിക്കിൾ 18ൽ 'ദൈവശാസ്ത്രപരവും ദൈവശാസ്ത്രപരമല്ലാത്തതും നിരീശ്വരവാദപരവുമായ വിശ്വാസങ്ങളെയും ഒപ്പം ഒരു മതത്തിലും വിശ്വസിക്കാതിരിക്കാനുള്ള അവകാശത്തെയും സംരക്ഷിക്കുന്നു' എന്ന് പ്രഖ്യാപിച്ചു. 'ഒരു മതം അല്ലെങ്കിൽ വിശ്വാസം സ്വീകരിക്കാനുള്ള സ്വാതന്ത്ര്യം' എന്നത് ഒരു മതം അല്ലെങ്കിൽ വിശ്വാസം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തോടൊപ്പം ഒരാളുടെ നിലവിലെ മതം അല്ലെങ്കിൽ വിശ്വാസത്തെ മറ്റൊന്നിലേക്ക് മാറ്റിസ്ഥാപിക്കാനുള്ള അവകാശവും നിരീശ്വരവാദ വീക്ഷണങ്ങൾ സ്വീകരിക്കുവാനുള്ള അവകാശവും ഉൾപ്പെടുന്നുവെന്ന് വ്യക്തമാക്കി.



# സ്വപ്നങ്ങളുടെ മനഃശാസ്ത്രം

ഡോ. എം. സബീൽ ബിൻ അബ്ദുസ്സലാം, പട്ടാമ്പി

എന്താണ് സ്വപ്നം? മനുഷ്യനെ എക്കാലത്തും ചിന്തിപ്പിച്ചിട്ടുള്ള ഒരു വിഷയമാണിത്. മനഃശാസ്ത്രജ്ഞനായ സിഗ്മണ്ട് ഫ്രോയിഡിന്റെ അഭിപ്രായത്തിൽ സ്വപ്നങ്ങൾ എന്നത് ഓരോ മനുഷ്യന്റെയും ഉപബോധ (Subconscious) മനസ്സിന്റെ ആഗ്രഹങ്ങളുടെയും സംഘർഷങ്ങളുടെയും പ്രതിഫലനമാണ്. അദ്ദേഹത്തിന്റെതായി The Interpretations of dreams എന്ന ഒരു സ്വപ്നവ്യാഖ്യാന ഗ്രന്ഥം തന്നെയുണ്ട്. സ്വപ്നങ്ങളെക്കുറിച്ച് പഠിക്കുന്ന ശാസ്ത്ര ശാഖയാണ് Onierology.

യൂസുഫ് നബി(അ)ക്ക് സ്വപ്നങ്ങൾ വ്യാഖ്യാനിക്കുവാനുള്ള പ്രത്യേക കഴിവ് അല്ലാഹു നൽകിയിരുന്നു. ക്വുർആനിൽ വന്നിട്ടുള്ള രണ്ട് ഉദാഹരണങ്ങൾ കാണുക:

1. ''അവനോടൊപ്പം രണ്ട് യുവാക്കളും ജയിലിൽ പ്രവേശിച്ചു. അവരിൽ ഒരാൾ പറഞ്ഞു: 'ഞാൻ വീഞ്ഞ് പിഴിഞ്ഞെടുക്കുന്നതായി സ്വപ്നം കാണുന്നു.' മറ്റൊരാൾ പറഞ്ഞു: 'ഞാൻ എന്റെ തലയിൽ റൊട്ടി ചുമക്കുകയും എന്നിട്ട് അതിൽനിന്ന് പറവകൾ തിന്നുകയും ചെയ്യുന്നതായി ഞാൻ സ്വപ്നം കാണുന്നു. ഞങ്ങൾക്ക് താങ്കൾ അതിന്റെ വ്യാഖ്യാനം വിവരിച്ചുതരൂ. തീർച്ചയായും ഞങ്ങൾ താങ്കളെ കാണുന്നത് സദ്വൃത്തരിൽ ഒരാളായിട്ടാണ്'' (12:36).

'' അവൻ (യൂസുഫ്) പറഞ്ഞു:

നിങ്ങൾക്ക് (കൊണ്ടുവന്ന്) നൽകപ്പെടാറുള്ള ഭക്ഷണം നിങ്ങൾക്ക് വന്നെത്തുന്നതിന്റെ മുമ്പായി അതിന്റെ വ്യാഖ്യാനം ഞാൻ നിങ്ങൾക്ക് വിവരിച്ചുതരാതിരിക്കുകയില്ല. എന്റെ രക്ഷിതാവ് എനിക്ക് പഠിപ്പിച്ചുതന്നതിൽപെട്ടതത്രെ അത്. അല്ലാഹുവിൽ വിശ്വസിക്കാത്തവരും പരലോകത്തെ നിഷേധിക്കുന്നവരുമായിട്ടുള്ളവരുടെ മാർഗം തീർച്ചയായും ഞാൻ ഉപേക്ഷിച്ചിരിക്കുന്നു'' (12:37).

''ജയിലിലെ രണ്ട് സുഹൃത്തുക്കളേ, എന്നാൽ നിങ്ങളിലൊരുവൻ തന്റെ യജമാനന്ന് വീഞ്ഞ് കുടിപ്പിച്ചുകൊണ്ടിരിക്കും. എന്നാൽ മറ്റേ ആൾ ക്രൂശിക്കപ്പെടും. എന്നിട്ട് അയാളുടെ തലയിൽ നിന്ന് പറവകൾ കൊത്തിത്തിന്നും. ഏതൊരു കാര്യത്തെപ്പറ്റി നിങ്ങൾ ഇരുവരും വിധി ആരായുന്നുവോ ആ കാര്യം തീരുമാനിക്കപ്പെട്ട് കഴിഞ്ഞിരിക്കുന്നു'' (12:41).

2. ''(ഒരിക്കൽ) രാജാവ് പറഞ്ഞു: തടിച്ചുകൊഴുത്ത ഏഴ് പശുക്കളെ ഏഴ് മെലിഞ്ഞ പശുക്കൾ തിന്നുന്നതായി ഞാൻ സ്വപ്നം കാണുന്നു. ഏഴ് പച്ചക്കതിരുകളും ഏഴ് ഉണങ്ങിയ കതിരുകളും ഞാൻ കാണുന്നു. ഹേ, പ്രധാനികളേ, നിങ്ങൾ സ്വപ്നത്തിന് വ്യാഖ്യാനം നൽകുന്നവരാണെങ്കിൽ എന്റെ ഈ സ്വപ്നത്തിന്റെ കാര്യത്തിൽ നിങ്ങളെനിക്ക് വിധി പറഞ്ഞുതരൂ'' (12:43).

''അദ്ദേഹം (യൂസുഫ്) പറഞ്ഞു: നിങ്ങൾ ഏഴുകൊല്ലം തുടർച്ചയായി കൃഷി ചെയ്യുന്നതാണ്. എന്നിട്ട് നിങ്ങൾ കൊയ്തെടുത്തതിൽനിന്ന് നിങ്ങൾക്ക് ഭക്ഷിക്കുവാൻ അൽപം ഒഴിച്ച് ബാക്കി അതിന്റെ കതിരിൽ തന്നെ വിട്ടേക്കുക. അതിന്ന ശേഷം പ്രയാസകരമായ ഏഴ് വർഷം വരും. ആ വർഷങ്ങൾ, അന്നേക്കായി നിങ്ങൾ മുൻകൂട്ടി സൂക്ഷിച്ച് വെച്ചിട്ടുള്ളതിനെയെല്ലാം തിന്നുതീർക്കുന്നതാണ്. നിങ്ങൾ കാത്തുവെക്കുന്നതിൽനിന്ന് അൽപം ഒഴികെ. പിന്നീട് അതിന് ശേഷം ഒരു വർഷം വരും. അന്ന് ജനങ്ങൾക്ക് സമൃദ്ധി നൽകപ്പെടുകയും അന്ന് അവർ (വീഞ്ഞും മറ്റും) പിഴിഞ്ഞെടുക്കുകയും ചെയ്യും'' (12:47-49).

**സ്വപ്നങ്ങളെക്കുറിച്ച് ഗവേഷണം നടത്തുന്ന Rosalind Cortwright പറയുന്നു: ''അധിക സ്വപ്നങ്ങളും ഉപദ്രവ സ്വഭാവം (Negative) ഉള്ളവയായിരിക്കും. അതായത് ഭയം, ഉത്കണ്ഠ, ദേഷ്യം, കൺഫ്യൂഷൻ തുടങ്ങിയവ. ഇതിൽനിന്നും അമിഗ്ഡാലയുടെ സ്വപ്നത്തിലെ സാന്നിധ്യം മനസ്സിലാക്കാം"**
(Brain The process of awakening, P: 125).
**മേൽപറഞ്ഞ വികാരങ്ങളും അമിഗ്ഡാലയുമായാണ് ബന്ധപ്പെട്ടുകിടക്കുന്നത്. ചീത്ത സ്വപ്നങ്ങളെല്ലാം പിശാചിൽനിന്നാണെന്ന നബിവചനം നാം കണ്ടല്ലോ. ഇത് പിശാചിന് അമിഗ്ഡാലയെന്ന ഭാഗത്തിലുള്ള സ്വാധീനം വ്യക്തമാക്കുന്നു.**
**പലർക്കും 'ദിവ്യസ്വപ്നങ്ങൾ' ഉണ്ടായതായും ദൈവത്തെയും പുണ്യവാളൻമാരെയും മറ്റും ദർശിച്ചതായുമുള്ള കഥകൾ നാം കേട്ടിട്ടുണ്ട്. അവരുടെ സ്വപ്നങ്ങൾ ഇസ്‌ലാമിക മാനദണ്ഡം ഉപയോഗിച്ച് വിലയിരുത്തുമ്പോൾ ബോധ്യമാകും സത്യാവസ്ഥ.**

ദൈവിക ബോധന പ്രകാരം സംസാരിക്കുന്ന മുഹമ്മദ് നബി (സ്വ) സ്വപ്നങ്ങളെക്കുറിച്ച് പറഞ്ഞു:''സ്വപ്നങ്ങൾ മൂന്ന് തരമുണ്ട്. ഒന്ന് മനസ്സിൽനിന്ന് ഉണ്ടാകുന്നത്. രണ്ടാമത്തേത് ഭയപ്പെടുത്തുന്നത്; (ദുഖഃമുണ്ടാക്കുന്നതെന്ന് ഇബ്നുമാജയുടെ ഹദീഥിൽ). അത് പിശാചിൽനിന്നാണ്, പിന്നെ സന്തോഷമുളളത് അല്ലാഹുവിൽ നിന്നും'' (ബുഖാരി, മുസ്‌ലിം).



സത്യമായതും പുലരുന്നതുമായ സ്വപ്നങ്ങൾ അല്ലാഹുവിൽ നിന്നാണ്. മറ്റൊരു തരം മനസ്സിന്റെ പ്രതിഫലനങ്ങളും. പേടിപ്പെടുത്തുന്നത്, അശ്ലീലമായത് തുടങ്ങിയ ചീത്ത സ്വപ്നങ്ങൾ തീർച്ചയായും പിശാചിൽനിന്നുമാണ്.

Psychology Today: Dreaming up a good mood, Brain: The Process of awakening തുടങ്ങിയ ലേഖനങ്ങളിൽ സ്വപ്നങ്ങളുമായി ബന്ധപ്പെട്ടു വന്ന ചില കാര്യങ്ങൾ വിശദീകരിക്കാം:

നമ്മുടെ സ്വപ്നങ്ങൾ സംഭവിക്കുന്നത് ഉറക്കത്തിലെ REM (Rapid Eye movement) ഘട്ടത്തിലാണ്. ഈ ഘട്ടത്തിൽ മസ്തിഷ്കത്തിലെ പ്രേരണകളും വികാരങ്ങളുമായി ബന്ധപ്പെട്ട ഭാഗങ്ങൾ (Amygdala, hippocampus) മാത്രം ഉണർന്നിരിക്കുകയും (ഈ ഭാഗത്താണ് സ്വപ്നങ്ങൾ ഉത്ഭവിക്കുന്ന ഉപബോധമനസ്സ് - Sub conscious Mind- ഉള്ളത്). ബോധമനസ്സും (conscious mine) ചിന്തകളും ഉറങ്ങുകയും ചെയ്യുന്നു.

അതായത് സ്വപ്നങ്ങളുടെ ഉത്ഭവം അമിഗ്ഡാലയിൽനിന്നാണ്. എന്നാൽ ബോധമനസ്സ് ഉറക്കത്തിൽ ആയതിനാൽ സ്വപ്നങ്ങളുടെ ശരിതെറ്റുകൾ ബോധമ



**ഉറങ്ങാൻ കിടക്കുമ്പോൾ പ്രവാചകൻ നിർദ്ദേശിച്ച മര്യാദകൾ ഉറക്കത്തിൽ പിശാചിന്റെ ഉപദ്രവങ്ങൾ തടയാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നു. ഉറങ്ങുമ്പോൾ അംഗശുദ്ധി വരുത്തുക, ആയത്തുൽ കുർസിയ്യും അൽഫലക്വ്, അന്നാസ് തുടങ്ങിയ സൂറത്തുകളും പാരായണം ചെയ്യുക, കിടക്കുന്ന വിരിപ്പ് കുടയുകയും വൃത്തിയാക്കുകയും ചെയ്യുക, വലതു ഭാഗത്തേക്ക് ചെരിഞ്ഞ് കിടക്കുക.**

നസ്സുകൊണ്ട് നമുക്ക് ചിന്തിക്കാനും വേർതിരിക്കാനും കഴിയില്ല. അതിനാൽ സ്വപ്നങ്ങൾ യാഥാർഥ്യമാണെന്ന് നമുക്ക് അനുഭവപ്പെടുന്നു.

സ്വപ്നങ്ങളെക്കുറിച്ച് ഗവേഷണം നടത്തുന്ന Rosalind Cortwright പറയുന്നു: ''അധിക സ്വപ്നങ്ങളും ഉപദ്രവ സ്വഭാവം (Negative) ഉള്ളവയായിരിക്കും. അതായത് ഭയം, ഉത്കണ്ഠ, ദേഷ്യം, കൺഫ്യൂഷൻ തുടങ്ങിയവ. ഇതിൽനിന്നും അമിഗ്ഡാലയുടെ സ്വപ്നത്തിലെ സാന്നിധ്യം മനസ്സിലാക്കാം.'' (Brain The process of awakening, P: 125).

മേൽപറഞ്ഞ വികാരങ്ങളും അമിഗ്ഡാലയുമായാണ് ബന്ധപ്പെട്ടുകിടക്കുന്നത്. ചീത്ത സ്വപ്നങ്ങളെല്ലാം പിശാചിൽനിന്നാണെന്ന നബിവചനം നാം കണ്ടല്ലോ. ഇത് പിശാചിന് അമിഗ്ഡാലയെന്ന ഭാഗത്തിലുള്ള സ്വാധീനം വ്യക്തമാക്കുന്നു.

പലർക്കും 'ദിവ്യസ്വപ്നങ്ങൾ' ഉണ്ടായതായും ദൈവത്തെയും പുണ്യവാളൻമാരെയും മറ്റും ദർശിച്ചതായുമുള്ള കഥകൾ നാം കേട്ടിട്ടുണ്ട്. അവരുടെ സ്വപ്നങ്ങൾ ഇസ്‌ലാമിക മാനദണ്ഡം ഉപയോഗിച്ച് വിലയിരുത്തുമ്പോൾ ബോധ്യമാകും സത്യാവസ്ഥ.

## രണ്ട് സ്വപ്നരോഗങ്ങളും അവയുടെ ചികിത്സയും

### (1) സ്വപ്നാടനം

ധാരാളമായി കേട്ട് പരിചയമുളള ഒരു രോഗമാണ് സ്വപ്നാടനം (Somnambulism) അഥവാ ഉറക്കത്തിൽ എഴുന്നേറ്റ് നടക്കൽ. ഇവിടെ വ്യക്തിയെ നിയന്ത്രിക്കുന്നത് അബോധമനസ്സാണ് (Subconscious mind). അതായത് ബോധമനസ്സ് ഉറക്കത്തിലാണ്. ഇത്തരം വ്യക്തികൾ ഉറക്കത്തിൽ അബോധാവസ്ഥയിൽ പല സാഹസങ്ങളും ചെയ്യാറുണ്ടത്രെ. ചെറിയ കാര്യങ്ങൾ മുതൽ അപകടകരമായ കാര്യങ്ങൾവരെ. ഉദാ: അടുക്കളയിൽ പോയി തീ കത്തിച്ച് പാചകം ചെയ്യുക, വെള്ളം കോരുക, എന്തിന് ചിലർ റോഡിലൂടെ വാഹനം ഓടിച്ച് പോവുക വരെ ചെയ്യാറുണ്ടത്രെ! ചിലർ ഒന്നും സംഭവിക്കാതെ തിരിച്ചെത്തും. ചുരുക്കം ചിലർക്ക് അപകടങ്ങൾ സംഭവിക്കാറുമുണ്ട്. ഉപബോധമനസ്സ് എന്നത് കേവലം ഒരു മനസ്സല്ല, മറിച്ച് അതിൽ സ്വതന്ത്രമായ മറ്റൊരു വ്യക്തിത്വം ഉണ്ട്.

### (2) Sleep Paralysis

ഈ രോഗമുളളവർ ഉറക്കത്തിൽ ഭീകര സ്വപ്നങ്ങൾ കണ്ട് ഞെട്ടിയുണരുകയും ഉണർന്നാൽ തങ്ങളുടെ ശരീരം ആരോ പിടിച്ചുവെച്ചതായും മരവിച്ചതായും അനുഭവപ്പെടുകയും ചെയ്യുന്നു. ചിലരെ ഈ രോഗം ജീവിതാന്ത്യം വരെ അലട്ടാറുണ്ടത്രെ!

മുകളിൽ പറഞ്ഞ രണ്ട് രോഗങ്ങളുടെയും കാരണങ്ങൾ കൃത്യമായി വിശദീകരിക്കാൻ മനഃശാസ്ത്രജ്ഞർക്ക് സാധിച്ചിട്ടില്ല. അതിനാൽ മരുന്നുകളുടെ ഫലം പരിമിതമാണ്. ശരിയല്ലാത്ത ഉറക്ക ക്രമങ്ങൾ, മനസ്സിലെ അസ്വസ്ഥതകൾ, ശരിയല്ലാത്ത ഉറക്ക ചുറ്റുപാടുകൾ, വൃത്തിരഹിതമായ സാഹചര്യങ്ങൾ, ചിന്തകൾ എന്നിവ (Improper Sleep hygiene) ഈ രോഗം ആവർത്തിക്കാനുള്ള ചില കാരണങ്ങളായി മനോരോഗ വിദഗ്ധർ കരുതുന്നു. (Sleep disorders: diagnosis, arrangement and treatment, a hand book of clinicians, London 2002, P : 146, 147).

അതുകൊണ്ട് തന്നെയാവാം, പ്രവാചകൻ(സ്വ) ഉറക്കത്തിൽ പിശാചിന്റെ ഉപദ്രവങ്ങൾ തടയാൻ നിർദേശങ്ങൾ നൽകിയത്. ഉറങ്ങുമ്പോൾ അംഗശുദ്ധി വരുത്തുക, ആയത്തുൽ കുർസിയ്യും അൽഫലക്വ്, അന്നാസ് തുടങ്ങിയ സൂറത്തുകളും പാരായണം ചെയ്യുക, കിടക്കുന്ന വിരിപ്പ് കുടയുകയും വൃത്തിയാക്കുകയും ചെയ്യുക, വലതു ഭാഗത്തേക്ക് ചെരിഞ്ഞ് കിടക്കുക.(വിവിധ ഹദീഥുകളിലായി വന്നത്).

സ്രഷ്ടാവും മാർഗദർശകനുമായ അല്ലാഹു, തൻെറ സൃഷ്ടികളെ നേർവഴി നടത്താനായി നൽകിയതാണ് വേദഗ്രന്ഥങ്ങൾ. എന്നാൽ ഈ പ്രമാണങ്ങളിൽ പോലും തങ്ങളുടെ ഇംഗിതത്തിനനുസരിച്ച് മനുഷ്യർ ആശയങ്ങൾ കയറ്റിക്കൂട്ടാൻ തുടങ്ങി. ഇതിന് അറുതിവരുത്തിക്കൊണ്ടാണ് ലോകർക്കാകമാനം വഴി കാട്ടുവാൻ മാറ്റത്തിരുത്തലുകൾക്ക് സാധ്യമാവാത്ത വിശുദ്ധ ക്വുർആൻ അന്തിമ ദൂതനിലൂടെ സ്രഷ്ടാവ് അവതരിപ്പിച്ചത്.



# വേദഗ്രന്ഥങ്ങളും വിശ്വാസിയും

ശമീർ മദീനി
9048221212

ഇസ്‌ലാം പഠിപ്പിക്കുന്ന വിശ്വാസ കാര്യങ്ങളിലെ സുപ്രധാനമായ ഒന്നാണ് വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം. അല്ലാഹു അവതരിപ്പിച്ച വേദഗ്രന്ഥങ്ങളെയൊക്കെയും അംഗീകരിക്കുവാനും സത്യപ്പെടുത്തുവാനും ഒരു വിശ്വാസി ബാധ്യസ്ഥനാണ്. അവയിലേതെങ്കിലുമൊന്ന് നിഷേധിച്ചാൽതന്നെ എല്ലാറ്റിനെയും നിഷേധിച്ചതിന് തുല്യമാണ്.

വിശ്വാസികളോടായി അല്ലാഹു പറയുന്നത് കാണുക: ``നിങ്ങൾ പറയുക: അല്ലാഹുവിലും, അവങ്കൽ നിന്ന് ഞങ്ങൾക്ക് അവതരിപ്പിച്ചു കിട്ടിയതിലും, ഇബ്റാഹീമിനും ഇസ്മാഈലിനും ഇസ്ഹാക്വിനും യഅ്ക്വൂബിനും യഅ്ക്വൂബ് സന്തതികൾക്കും അവതരിപ്പിച്ച് കൊടുത്തതിലും, മൂസാ, ഈസാ എന്നിവർക്ക് നൽകപ്പെട്ടതിലും, സർവപ്രവാചകൻമാർക്കും അവരുടെ രക്ഷിതാവി

ങ്കൽനിന്ന് നൽകപ്പെട്ടതി(സന്ദേശങ്ങളി)ലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല. ഞങ്ങൾ അവന് (അല്ലാഹുവിന്) കീഴ്പെട്ട് ജീവിക്കുന്നവരുമാകുന്നു'' (ക്വുർആൻ 2:136).

മറ്റൊരിടത്ത് അല്ലാഹു പറയുന്നു: '' സത്യവിശ്വാസികളേ, അല്ലാഹുവിലും അവന്റെ ദൂതനിലും അവന്റെ ദൂതന് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും മുമ്പ് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും നിങ്ങൾ വിശ്വസിക്കുവിൻ. അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ ദൂതൻമാരിലും അന്ത്യദിനത്തിലും വല്ലവനും അവിശ്വസിക്കുന്ന പക്ഷം തീർച്ചയായും അവൻ ബഹുദൂരം പിഴച്ചു പോയിരിക്കുന്നു'' (ക്വുർആൻ 4:136)

## വേദഗ്രന്ഥങ്ങൾ എന്ത്, എന്തിന്?

കാരുണ്യവാനായ അല്ലാഹു അവന്റെ കാരുണ്യത്തിന്റെ ഭാഗമായി സൃഷ്ടികൾക്ക് മാർഗദർശനവും ഇഹപര വിജയത്തിന്റെ മാർഗരേഖകളുമായി വിവിധ കാലഘട്ടങ്ങളിലായി വിവിധ പ്രവാചകന്മാർക്ക് വേദഗ്രന്ഥങ്ങളവതരിപ്പിച്ചുണ്ട്. മൂസാ നബി(അ)ക്ക് അവതരിച്ച തൗറാത്തും ദാവൂദ് നബി(അ)ക്ക് ലഭിച്ച സബൂറും ഈസാ(അ)ക്ക് കിട്ടിയ ഇഞ്ചീലും അവയിൽ പെട്ടതാണ്. ഇത്തരത്തിലുള്ള ദൈവിക ഗ്രന്ഥങ്ങളിൽ അവസാനത്തെതാണ് വിശുദ്ധ ക്വുർആൻ.

അല്ലാഹു പറയുന്നു: ''അവൻ ഈ വേദഗ്രന്ഥത്തെ മുൻവേദങ്ങളെ ശരിവെക്കുന്നതായിക്കൊണ്ട് സത്യവുമായി നിനക്ക് അവതരിപ്പിച്ചുതന്നിരിക്കുന്നു. അവൻ തൗറാത്തും ഇൻജീലും അവതരിപ്പിച്ചു. ഇതിനു മുമ്പ്; മനുഷ്യർക്ക് മാർഗദർശനത്തിനായിട്ട് സത്യാസത്യവിവേചനത്തിനുള്ള പ്രമാണവും അവൻ അവതരിപ്പിച്ചിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചവരാരോ അവർക്ക് കഠിനമായ ശിക്ഷയാണുള്ളത്. അല്ലാഹു പ്രതാപിയും ശിക്ഷാനടപടി സ്വീകരിക്കുന്നവനുമാകുന്നു'' (ക്വുർആൻ 3:3,4).

വിവിധ കാലങ്ങളിലായി വ്യത്യസ്ത ജനസമൂഹങ്ങളിലേക്ക് അവതരിച്ചവയാണെങ്കിലും അടിസ്ഥാന കാര്യങ്ങളിൽ പരസ്പരം യോജിക്കുന്നവയാണ് ദൈവിക ഗ്രന്ഥങ്ങളൊക്കെയും. എന്നാൽ വിശദമായ നിയമനിർദേശങ്ങളിലും കർമാനുഷ്ഠാനങ്ങളിലും വ്യത്യാസങ്ങളുണ്ടായിരിക്കും. തികച്ചും ദൈവികമായ ഉദ്ദേശ്യലക്ഷ്യങ്ങളും യുക്തിരഹസ്യങ്ങളുമനുസരിച്ചാണ് അവയുടെ അവതരണവും അവയിലെ വ്യത്യാസങ്ങളും.

അല്ലാഹു പറയുന്നു: ''(നബിയേ,) നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നിരിക്കുന്നു. അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവെക്കുന്നതും അവയെ കാത്തുരക്ഷിക്കുന്നതുമത്രെ അത്. അതിനാൽ നീ അവർക്കിടയിൽ നാം അവതരിപ്പിച്ച് തന്നതനുസരിച്ച് വിധി കൽപിക്കുക. നിനക്ക് വന്നുകിട്ടിയ സത്യത്തെ വിട്ട് നീ അവരുടെ തന്നിഷ്ടങ്ങളെ പിൻപറ്റിപോകരുത്. നിങ്ങളിൽ ഓരോ വിഭാഗത്തിനും ഓരോ നിയമക്രമവും കർമമാർഗവും നാം നിശ്ചയിച്ച് തന്നിരിക്കുന്നു...'' (ക്വുർആൻ 5:48).

സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹുവിൽ നിന്നുള്ള മാർഗദർശനമാകുന്ന അവന്റെ വേദനിർദേശങ്ങൾ ശരിയായ രൂപത്തിൽ മനസ്സിലാക്കി പിൻപറ്റുക എന്നത് സർവ നന്മകളിലേക്കും ശാശ്വത വിജയത്തിലേക്കും സമാധാനപൂർണമായ ജീവിതത്തിലേക്കും മനുഷ്യരാശിയെ കൈപിടിച്ചാനയിക്കുന്ന മഹത്തായ അനുഗ്രഹമാണ്. അവ ഏതെങ്കിലും മനുഷ്യ മസ്തിഷ്കത്തിൽ ഉരുത്തിരിഞ്ഞ ആശയങ്ങളും സന്ദേശങ്ങളുമല്ല. അവ എത്തിച്ചുകൊടുക്കാൻ ഏൽപ്പിക്കപ്പെട്ട പ്രവാചകന്മാർക്കുപോലും അതിൽ കൈകടത്തുവാനോ മാറ്റം വരുത്തുവാനോ അർഹതയില്ല. സർവസ്വവും പടച്ചു പരിപാലിക്കുന്ന, സർവ ചരാചരങ്ങൾക്കും ശരിയായ മാർഗദർശനം നൽകുകയും ചെയ്ത പടച്ചവന്റെ വാക്കുകളും ഉപദേശങ്ങളുമാണവ. അതു

സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹുവിൽനിന്നുള്ള മാർഗദർശനമാകുന്ന അവന്റെ വേദനിർദേശങ്ങൾ ശരിയായ രൂപത്തിൽ മനസ്സിലാക്കി പിൻപറ്റുക എന്നത് സർവ നന്മകളിലേക്കും ശാശ്വത വിജയത്തിലേക്കും സമാധാനപൂർണമായ ജീവിതത്തിലേക്കും മനുഷ്യരാശിയെ കൈപിടിച്ചാനയിക്കുന്ന മഹത്തായ അനുഗ്രഹമാണ്. അവ ഏതെങ്കിലും മനുഷ്യമസ്തിഷ്കത്തിൽ ഉരുത്തിരിഞ്ഞ ആശയങ്ങളും സന്ദേശങ്ങളുമല്ല. അവ എത്തിച്ചുകൊടുക്കാൻ ഏൽപിക്കപ്പെട്ട പ്രവാചകന്മാർക്കുപോലും അതിൽ കൈകടത്തുവാനോ മാറ്റം വരുത്തുവാനോ അർഹതയില്ല. സർവസ്വവും പടച്ചു പരിപാലിക്കുന്ന, സർവ ചരാചരങ്ങൾക്കും ശരിയായ മാർഗദർശനം നൽകുകയും ചെയ്ത പടച്ചവന്റെ വാക്കുകളും ഉപദേശങ്ങളുമാണവ.

കൊണ്ടുതന്നെ അവ പറഞ്ഞുതരുന്ന വിശ്വാസ-ആചാര-സംസ്കാര-സ്വഭാവാദി സർവതും സ്വീകരിച്ച് അവയ്ക്കനുസരിച്ച് ജീവിതം ചിട്ടപ്പെടുത്താൻ മനുഷ്യൻ ബാധ്യസ്ഥനാണ്.


എന്നാൽ ദൈവിക ഗ്രന്ഥങ്ങളെയും ദൈവദൂതന്മാരെയും പരിഗണിക്കുകയോ സ്വീകരിക്കുകയോ ചെയ്യാതെ നിഷേധിക്കുകയും അവഹേളിക്കുകയും ചെയ്തവർ ചരിത്രത്തിലനവധിയുണ്ടായിട്ടുണ്ട്. അവരിൽ പലർക്കും ഇഹലോകത്തുതന്നെ അതിന്റെ ദുരന്തഫലം അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. പാരത്രിക ജീവിതത്തിൽ ഏതായാലും അവർക്ക് രക്ഷയോ സമാധാനമോ ഉണ്ടായിരിക്കില്ലെന്ന് സ്രഷ്ടാവ് മുന്നറിയിപ്പു നൽകിയിട്ടുണ്ട്:

''അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെപ്പറ്റി തർക്കിക്കുന്നവരുടെ നേർക്ക് നീ നോക്കിയില്ലേ; എങ്ങനെയാണ് അവർ വ്യതിചലിപ്പിക്കപ്പെടുന്നത് എന്ന്? വേദഗ്രന്ഥത്തെയും നാം നമ്മുടെ ദൂതൻമാരെ അയച്ചത് എന്തൊരു ദൗത്യം കൊണ്ടാണോ അതിനെയും നിഷേധിച്ചുകളഞ്ഞവരത്രെ അവർ. എന്നാൽ വഴിയെ അവർ അറിഞ്ഞുകൊള്ളും. അതെ; അവരുടെ കഴുത്തുകളിൽ കുരുക്കുകളും ചങ്ങലകളുമായി അവർ വലിച്ചിഴക്കപ്പെടുന്ന സന്ദർഭം; ചുട്ടുതിളക്കുന്ന വെള്ളത്തിലൂടെ. പിന്നീട് അവർ നരകാഗ്നിയിൽ എരിക്കപ്പെടുകയും ചെയ്യും'' (ക്വുർആൻ 40:69--72).

വേദഗ്രന്ഥത്തിലുടെ അവതരിപ്പിക്കപ്പെടുന്ന തെളിവുകളും നിർദേശങ്ങളും അവഗണിച്ച് ജീവിക്കുന്നവർക്ക് പാരത്രിക ജീവിതത്തിൽ അവ എതിർരേഖയായി വരുന്നതാണ്. കണ്ടില്ല, അറിഞ്ഞില്ല എന്ന് ഒഴിവുകഴിവുകൾ നിരത്തി രക്ഷപ്പെടാൻ സാധിക്കാത്തവിധം അല്ലാഹു തെളിവുകൾ സ്ഥാപിക്കുകയാണ് അവയിലൂടെ.

അപ്രകാരംതന്നെ ദൈവികമായ നിർദേശങ്ങളവതരിപ്പിക്കുന്ന വേദഗ്രന്ഥങ്ങളെ പിൻപറ്റുന്ന ജനങ്ങൾക്ക് ആ നന്മയുടെ അടിത്തറയിൽ ഐക്യപ്പെടുവാനും ഛിദ്രകൾ ഇല്ലാതാക്കാനും സാധിക്കുന്നതാണ്. അല്ലാഹു പറയുന്നു:


''മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. അനന്തരം (അവർ ഭിന്നിച്ചപ്പോൾ വിശ്വാസികൾക്ക്) സന്തോഷവാർത്ത അറിയിക്കുവാനും (നിഷേധികൾക്ക്) താക്കീത് നൽകുവാനുമായി അല്ലാഹു പ്രവാചകൻമാരെ നിയോഗിച്ചു. അവർ (ജനങ്ങൾ) ഭിന്നിച്ച വിഷയത്തിൽ തീർപ്പുകൽപ്പിക്കുവാനായി അവരുടെകൂടെ സത്യവേദവും അവൻ അയച്ചുകൊടുത്തു. എന്നാൽ വേദം നൽകപ്പെട്ടവർ തന്നെ വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിനുശേഷം അതിൽ (വേദവിഷയത്തിൽ) ഭിന്നിച്ചിട്ടുള്ളത് അവർ തമ്മിലുള്ള മാത്സര്യം മൂലമല്ലാതെ മറ്റൊന്നുകൊണ്ടുമല്ല. എന്നാൽ ഏതൊരു സത്യത്തിൽനിന്ന് അവർ ഭിന്നിച്ചകന്നുവോ ആ സത്യത്തിലേക്ക് അല്ലാഹു തന്റെ



**നീതിനിഷ്ഠമായ വിധികളും തർക്ക പരിഹാരങ്ങളും വേദഗ്രന്ഥത്തെ അവലംബിക്കുന്ന ജനങ്ങൾക്ക് എളുപ്പത്തിൽ സാധ്യമാണ്. നന്മ-തിന്മകൾ എന്തെന്ന് ആധികാരികമായി പറഞ്ഞുതരുന്ന, ന്യൂനതകളും അന്യായങ്ങളും കലരാത്ത സുവ്യക്തമായ നിയമങ്ങളും നിർദേശങ്ങളും മനുഷ്യർക്ക് പറഞ്ഞുകൊടുക്കുന്ന ആധികാരിക രേഖയായി ദൈവിക ഗ്രന്ഥം നിലകൊള്ളുമ്പോൾ ആ ജനതയ്ക്കുണ്ടാകുന്ന സ്വസ്ഥതയും സമാധാനവും അനിർവചനീയമായിരിക്കും. നേരെമറിച്ച് ദൈവിക ഗ്രന്ഥങ്ങളെ മാറ്റിനിർത്തിക്കൊണ്ട് മനുഷ്യരിലേക്ക് പ്രസ്തുത വിഷയങ്ങളും തർക്കങ്ങളും ഏൽപിക്കപ്പെടുമ്പോൾ അവരുടെ പരിഹാരങ്ങളിലും വിധിതീർപ്പുകളിലും പലതരത്തിലുള്ള മാനുഷിക ദൗർബല്യങ്ങളുമുണ്ടാവുക സ്വാഭാവികമാണ്.**

താൽപര്യപ്രകാരം സത്യവിശ്വാസികൾക്ക് വഴി കാണിച്ചു. താൻ ഉദ്ദേശിക്കുന്നവരെ അല്ലാഹു ശരിയായ പാതയിലേക്ക് നയിക്കുന്നു'' (ക്വുർആൻ 2:213).

നീതിനിഷ്ഠമായ വിധികളും തർക്ക പരിഹാരങ്ങളും വേദഗ്രന്ഥത്തെ അവലംബിക്കുന്ന ജനങ്ങൾക്ക് എളുപ്പത്തിൽ സാധ്യമാണ്. നന്മ-തിന്മകൾ എന്തെന്ന് ആധികാരികമായി പറഞ്ഞുതരുന്ന, ന്യൂനതകളും അന്യായങ്ങളും കലരാത്ത സുവ്യക്തമായ നിയമങ്ങളും നിർദേശങ്ങളും മനുഷ്യർക്ക് പറഞ്ഞുകൊടുക്കുന്ന ആധികാരിക രേഖയായി ദൈവിക ഗ്രന്ഥം നിലകൊള്ളുമ്പോൾ ആ ജനതയ്ക്കുണ്ടാകുന്ന സ്വസ്ഥതയും സമാധാനവും അനിർവചനീയമായിരിക്കും. നേരെമറിച്ച് ദൈവിക ഗ്രന്ഥങ്ങളെ മാറ്റി




നിർത്തിക്കൊണ്ട് മനുഷ്യരിലേക്ക് പ്രസ്തുത വിഷയങ്ങളും തർക്കങ്ങളും ഏൽപിക്കപ്പെടുമ്പോൾ അവരുടെ പരിഹാരങ്ങളിലും വിധിതീർപ്പുകളിലും പലതരത്തിലുള്ള മാനുഷിക ദൗർബല്യങ്ങളുമുണ്ടാവുക സ്വാഭാവികമാണ്. ഭൗതിക പ്രത്യയശാസ്ത്രങ്ങളുടെ കുറവുകളും പരാജയങ്ങളും അവിടെയാണ് നാം കാണുന്നത്.

## അന്തിമ വേദഗ്രന്ഥം

സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹു അവതരിപ്പിച്ച വേദഗ്രന്ഥങ്ങളിൽ അവസാനത്തേതാണ് വിശുദ്ധ ക്വുർആൻ. ദൈവികമെന്ന് അത് സ്വയം ആവർത്തിച്ചാവർത്തിച്ച് അവകാശപ്പെടുന്നു:

"തീർച്ചയായും ഇത് (ക്വുർആൻ) ലോകരക്ഷിതാവ് അവതരിപ്പിച്ചത് തന്നെയാകുന്നു. വിശ്വസ്താത്മാവ് (ജിബ്‌രീൽ) അതുംകൊണ്ട് ഇറങ്ങിയിരിക്കുന്നു; നിന്റെ ഹൃദയത്തിൽ. നീ താക്കീത് നൽകുന്നവരുടെ കൂട്ടത്തിലായിരിക്കുവാൻ വേണ്ടിയത്രെ അത്. സ്പഷ്ടമായ അറബി ഭാഷയിലാണ് (അത് അവതരിപ്പിച്ചത്)'' (ക്വുർആൻ 26:192-195).

''അലിഫ്-ലാം-മീം. ഈ ഗ്രന്ഥത്തിന്റെ അവതരണം സർവലോകരക്ഷിതാവിങ്കൽ നിന്നാകുന്നു. ഇതിൽ യാതൊരു സംശയവുമില്ല'' (ക്വുർആൻ 32:1-2).

''യാസീൻ. തത്വസമ്പൂർണമായ ക്വുർആൻ തന്നെയാണെ സത്യം; നീ ദൈവദൂതൻമാരിൽ പെട്ടവൻ തന്നെയാകുന്നു. നേരായ പാതയിലാകുന്നു (നീ). പ്രതാപിയും കരുണാനിധിയുമായിട്ടുള്ളവൻ അവതരിപ്പിച്ചതത്രെ ഇത് (ക്വുർആൻ)'' (ക്വുർആൻ 36:1-5).

''ഈ ഗ്രന്ഥത്തിന്റെ അവതരണം പ്രതാപിയും യുക്തിമാനുമായ അല്ലാഹുവിങ്കൽ നിന്നാകുന്നു'' (39:1).

''ഹാ-മീം. ഈ ഗ്രന്ഥത്തിന്റെ അവതരണം പ്രതാപിയും സർവജ്ഞനുമായ അല്ലാഹുവിങ്കൽ നിന്നാകുന്നു'' (ക്വുർആൻ 40:1-2).

''ഹാമീം. പരമകാരുണികനും കരുണാനിധിയുമായിട്ടുള്ളവന്റെ പക്കൽനിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ ഇത്. വചനങ്ങൾ വിശദീകരിക്കപ്പെട്ട ഒരു വേദഗ്രന്ഥം. മനസ്സിലാക്കുന്ന ആളുകൾക്ക് വേണ്ടി അറബി ഭാഷയിൽ പാരായണം ചെയ്യപ്പെടുന്ന (ഒരു ഗ്രന്ഥം)'' (ക്വുർആൻ 41:1-3).

''അതിന്റെ മുന്നിലൂടെയോ, പിന്നിലൂടെയോ അതിൽ അസത്യം വന്നെത്തുകയില്ല. യുക്തിമാനും സ്തുത്യർഹനുമായിട്ടുള്ളവന്റെ പക്കൽനിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത്'' (ക്വുർആൻ 41:42).

''ഹാമീം. ഈ വേദഗ്രന്ഥത്തിന്റെ അവതരണം പ്രതാപിയും യുക്തിമാനുമായ അല്ലാഹുവിങ്കൽ നിന്നാകുന്നു'' (ക്വുർആൻ 45:1-2).

46:1-2, 56:80, 69:43 തുടങ്ങിയ വചനങ്ങൾ കാണുക.

ദൈവികതയിൽ സംശയിക്കുന്നവരോടായി ക്വുർആൻ നടത്തിയ ശക്തമായ വെല്ലുവിളി നൂറ്റാണ്ടുകളായി എതിരാളികളുടെ കർണപുടങ്ങളിൽ ആഞ്ഞടിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നോളം ആ വെല്ലുവിളി ധൈര്യസമേതം ഏറ്റെടുക്കാൻ ആരും തയ്യാറായിട്ടില്ല.

അല്ലാഹു പറയുന്നു: ''(നബിയേ,) പറയുക: ഈ ക്വുർആൻ പോലൊന്ന് കൊണ്ടുവരുന്നതിനായി മനുഷ്യരും ജിന്നുകളും ഒന്നിച്ചുചേർന്നാലും തീർച്ചയായും അതുപോലൊന്ന് അവർ കൊണ്ടുവരികയില്ല. അവരിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നതായാൽ പോലും'' (ക്വുർആൻ 17:88).

ക്വുർആനിനെ പോലൊരു ഗ്രന്ഥം കൊണ്ടുവരാൻ സാധ്യമല്ലെങ്കിൽ, വേണ്ട അതിലുള്ള 114 അധ്യായങ്ങളിൽ 10 എണ്ണത്തിന് സമാനമായിട്ടെങ്കിലും കൊണ്ടുവരൂ എന്ന് ക്വുർആൻ വെല്ലുവിളിക്കുന്നു:

''അതല്ല, അദ്ദേഹം അത് കെട്ടിച്ചമച്ചു എന്നാണോ അവർ പറയുന്നത്? പറയുക: എന്നാൽ ഇതുപോലെയുള്ള പത്ത് അധ്യായങ്ങൾ ചമച്ചുണ്ടാക്കിയത് നിങ്ങൾ കൊണ്ടുവരൂ. അല്ലാഹുവിന് പുറമെ നിങ്ങൾക്ക് സാധിക്കുന്നവരെയെല്ലാം നിങ്ങൾ വിളിച്ചുകൊള്ളുകയും ചെയ്യുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ'' (ക്വുർആൻ 11:13).

നിരക്ഷരനായ മുഹമ്മദ് നബി(സ)യുടെ നാവിലൂടെ ലോകം ശ്രവിച്ച ഈ വചനങ്ങൾക്ക് തുല്യമായി തുച്ഛമായ വചനങ്ങളെങ്കിലും കൊണ്ടുവരാൻ അഗ്രഗണ്യരായ സാഹിത്യകാരന്മാരെ ക്വുർആൻ വെല്ലുവിളിച്ചു. എന്നിട്ടും അവർക്കത് നേരിടാൻ സാധിച്ചില്ല.

വീണ്ടും ഒരുപടികൂടി ഇറങ്ങിച്ചെന്നുകൊണ്ട് ക്വുർആൻ അതിന്റെ വെല്ലുവിളി ഒന്നുകൂടി ശക്തമായി ആവർത്തിക്കുന്നു:

''നമ്മുടെ ദാസന് നാം അവതരിപ്പിച്ചുകൊടുത്തതിനെ (വിശുദ്ധ ക്വുർആനെ) പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിന്റേത് പോലുള്ള ഒരു അധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിന് പുറമെ നിങ്ങൾക്കുള്ള സഹായികളേയും വിളിച്ചുകൊള്ളുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ (അതാണ ല്ലോ വേണ്ടത്)'' (ക്വുർആൻ 2:23).

''അതല്ല, അദ്ദേഹം (നബി) അത് കെട്ടിച്ചമച്ചതാണ് എന്നാണോ അവർ പറയുന്നത്? (നബിയേ,) പറയുക: എന്നാൽ അതിന് തുല്യമായ ഒരു അധ്യായം നിങ്ങൾ കൊണ്ടുവരൂ. അല്ലാഹുവിന് പുറമെ നിങ്ങ

**പിൽക്കാലത്ത് കൈകടത്തലും മാറ്റത്തിരുത്തലുകളും സംഭവിച്ച മുൻവേദങ്ങളുടെ അടിസ്ഥാന ആശയങ്ങളെ സംരക്ഷിക്കുന്നതും സന്മാർഗ ദർശനവും ദൈവികാനുഗ്രഹവുമാണ് വിശുദ്ധ ക്വുർആൻ. കിടയറ്റ ധാർമികതയും സദാചാരവുമാണ് ക്വുർആൻ മാനവരാശിക്കു മുമ്പിൽ സമർപ്പിക്കുന്നത്. ക്വുർആൻ നിഷിദ്ധമാക്കിയ വല്ലതും മനുഷ്യ സമൂഹത്തിന് നന്മയും ഉത്തമവുമാണ് എന്നോ ക്വുർആൻ അനുവദിച്ച വല്ലതും ദോഷകരമായതിനാൽ വിലക്കേണ്ടതായിരുന്നുവെന്നോ വസ്തുനിഷ്ഠമായി വിമർശിക്കാൻ ഇന്നോളം ആർക്കും സാധിച്ചിട്ടില്ല.**



**ഓരോ പ്രത്യേക കാലഘട്ടത്തിലേക്ക് മാത്രമായിട്ടായിരുന്നു മുൻ വേദഗ്രന്ഥങ്ങളവതരിപ്പിക്കപ്പെട്ടത്. എന്നാൽ വിശുദ്ധ ക്വുർആൻ ലോകാവസാനം വരെയുള്ള സർവ ജനങ്ങളിലേക്കുമായി അവതരിപ്പിക്കപ്പെട്ട അന്തിമ വേദഗ്രന്ഥമാണ്. ക്വുർആനിന്റെ അവതരണത്തോടെ പരിമിതകാലത്തേക്ക് അവതരിക്കപ്പെട്ട മുൻവേദഗ്രന്ഥങ്ങളുടെ കാലപരിധിയും ദൗത്യവും അവസാനിച്ചു.**

ൾക്ക് സാധിക്കുന്നവരെയെല്ലാം വിളിച്ചുകൊള്ളുകയും ചെയ്യുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ'' (ക്വുർആൻ 10:38).

അതിന് സാധ്യമല്ലെന്ന് തറപ്പിച്ച് പറഞ്ഞ ക്വുർആൻ ശക്തമായ ഓരോ താക്കീതും എതിരാളികൾക്ക് നൽകുന്നുണ്ട്:

''നിങ്ങൾക്കത് ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ നിങ്ങൾക്കത് ഒരിക്കലും ചെയ്യാൻ കഴിയുകയുമില്ല. മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തുസൂക്ഷിച്ചുകൊള്ളുക. സത്യനിഷേധികൾക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതാകുന്നു അത്'' (ക്വുർആൻ 2:24).

സ്രഷ്ടാവും രക്ഷിതാവുമായ അല്ലാഹുവിന്റെ അന്തിമവേദമായ വിശുദ്ധ ക്വുർആൻ ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിനോ ദേശക്കാർക്കോ മാത്രമായുള്ളതല്ല. പ്രത്യുത സർവരിലേക്കുമായുള്ള സർവലോക രക്ഷിതാവിന്റെ സന്ദേശമത്രെ അത്.

''ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ക്വുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ...'' (ക്വുർആൻ 2:185).

''ഇത് മനുഷ്യർക്കായുള്ള ഒരു വിളംബരവും ധർമനിഷ്ഠ പാലിക്കുന്നവർക്ക് മാർഗദർശനവും, സാരോപദേശവുമാകുന്നു'' (ക്വുർആൻ 3:138).

(14:52), (17:89), (18:54), (30:58) മുതലായ സൂക്തങ്ങൾ കാണുക.

ക്വുർആൻ ആഴത്തിൽ പഠിക്കുവാനും ഉറ്റാലോചിക്കുവാനും ആഹ്വാനം ചെയ്യുന്ന അല്ലാഹു അതിന്റെ വചനങ്ങൾ തമ്മിലുള്ള ചേർച്ചയും ആശയപ്പൊരുത്തവും അതിന്റെ ദൈവികതക്കുള്ള മറ്റൊരു ദൃഷ്ടാന്തമായി എടുത്തു കാട്ടുന്നത് കാണുക:

''അവർ ക്വുർആനിനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുധ്യം കണ്ടെത്തുമായിരുന്നു'' (ക്വുർആൻ 4:82).


പിൽക്കാലത്ത് കൈകടത്തലും മാറ്റത്തിരുത്തലുകളും സംഭവിച്ച മുൻവേദങ്ങളുടെ അടിസ്ഥാന ആശയങ്ങളെ സംരക്ഷിക്കുന്നതും സന്മാർഗ ദർശനവും ദൈവികാനുഗ്രഹവുമാണ് വിശുദ്ധ ക്വുർആൻ. കിടയറ്റ ധാർമികതയും സദാചാരവുമാണ് ക്വുർആൻ മാനവരാശിക്കുമുമ്പിൽ സമർപ്പിക്കുന്നത്. ക്വുർആൻ നിഷിദ്ധമാക്കിയ വല്ലതും മനുഷ്യ സമൂഹത്തിന് നന്മയും ഉത്തമവുമാണ് എന്നോ ക്വുർആൻ അനുവദിച്ച വല്ലതും ദോഷകരമായതിനാൽ വിലക്കേണ്ടതായിരുന്നുവെന്നോ വസ്തുനിഷ്ഠമായി വിമർശിക്കാൻ ഇന്നോളം ആർക്കും സാധിച്ചിട്ടില്ല.

അല്ലാഹു പറയുന്നു: ''തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴികാണിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു'' (ക്വുർആൻ 17:9).

''അല്ലാഹു തന്റെ പൊരുത്തം തേടിയവരെ അത് മുഖേന സമാധാനത്തിന്റെ വഴികളിലേക്ക് നയിക്കുന്നു. തന്റെ ഉത്തരവ് മുഖേന അവരെ അന്ധകാരങ്ങളിൽനിന്ന് അവൻ പ്രകാശത്തിലേക്ക് കൊണ്ടുവരികയും നേരായ പാതയിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു'' (ക്വുർആൻ 5:16).

മുൻവേദങ്ങൾക്ക് സംഭവിച്ചതുപോലെയുള്ള കൈകടത്തലുകളിൽനിന്ന് സംരക്ഷിച്ച് അന്ത്യനാൾ വരെയുള്ള സർവ മനുഷ്യർക്കും മാർഗദർശക ഗ്രന്ഥമായി ക്വുർആനിനെ നിലനിർത്തുമെന്നും അല്ലാഹു സന്തോഷവാർത്ത അറിയിച്ചിട്ടുണ്ട്:

''തീർച്ചയായും നാമാണ് ആ ഉൽബോധനം




അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തു സൂക്ഷിക്കുന്നതുമാണ്'' (ക്വുർആൻ 15:9).

### മുൻവേദങ്ങൾക്ക് എന്ത് സംഭവിച്ചു?

ഓരോ പ്രത്യേക കാലഘട്ടത്തിലേക്ക് മാത്രമായിട്ടായിരുന്നു മുൻ വേദഗ്രന്ഥങ്ങളവതരിപ്പിക്കപ്പെട്ടത്. എന്നാൽ വിശുദ്ധ ക്വുർആൻ ലോകാവസാനം വരെയുള്ള സർവ ജനങ്ങളിലേക്കുമായി അവതരിപ്പിക്കപ്പെട്ട അന്തിമ വേദഗ്രന്ഥമാണ്.

ക്വുർആനിന്റെ അവതരണത്തോടെ പരിമിതകാലത്തേക്ക് അവതരിക്കപ്പെട്ട മുൻവേദഗ്രന്ഥങ്ങളുടെ കാലപരിധിയും ദൗത്യവും അവസാനിച്ചു.

അല്ലാഹു പറയുന്നു: ''ഇതിനു മുമ്പ്; മനുഷ്യർക്ക് മാർഗദർശനത്തിനായിട്ട് സത്യാസത്യവിവേചനത്തിനുള്ള പ്രമാണവും അവൻ അവതരിപ്പിച്ചിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചവരാരോ അവർക്ക് കഠിനമായ ശിക്ഷയാണുള്ളത്. അല്ലാഹു പ്രതാപിയും ശിക്ഷാനടപടി സ്വീകരിക്കുന്നവനുമാകുന്നു. ഭൂമിയിലോ ആകാശത്തോ ഉള്ള യാതൊരു കാര്യവും അല്ലാഹുവിന്ന് അവ്യക്തമായിപ്പോകുകയില്ല; തീർച്ച'' (ക്വുർആൻ 3:4,5).

മുൻ വേദഗ്രന്ഥങ്ങളെ ഏൽപിക്കപ്പെട്ട സമൂഹങ്ങൾ അവയോട് വേണ്ടപോലെ നീതി പുലർത്തിയില്ലായെന്ന് മാത്രമല്ല, അവയിൽ കൈകടത്തലുകൾ നടത്തുകയും സ്വാർഥ താൽപര്യങ്ങൾക്കനുസരിച്ച് ദുർവ്യാഖ്യാനിക്കുകയും ചെയ്തു:

''എന്നാൽ സ്വന്തം കൈകൾകൊണ്ട് ഗ്രന്ഥം എഴുതിയുണ്ടാക്കുകയും എന്നിട്ട് അത് അല്ലാഹുവിങ്കൽ നിന്ന് ലഭിച്ചതാണെന്ന് പറയുകയും ചെയ്യുന്നവർക്കാകുന്നു നാശം. അത് മുഖേന വിലകുറഞ്ഞ നേട്ടങ്ങൾ കരസ്ഥമാക്കാൻ വേണ്ടിയാകുന്നു (അവരിത് ചെയ്യുന്നത്). അവരുടെ കൈകൾ എഴുതിയ വകയിലും അവർ സമ്പാദിക്കുന്ന വകയിലും അവർക്ക് നാശം'' (ക്വുർആൻ 2:79).

''നിങ്ങൾ വരൂ. അല്ലാഹുവിന്റെ ദൂതൻ നിങ്ങൾക്ക് വേണ്ടി പാപമോചനത്തിന് പ്രാർഥിച്ചുകൊള്ളും എന്ന് അവരോട് പറയപ്പെട്ടാൽ അവർ അവരുടെ തല തിരിച്ചുകളയും. അവർ അഹങ്കാരം നടിച്ചുകൊണ്ട്തിരിഞ്ഞുപോകുന്നതായി നിനക്ക് കാണുകയും ചെയ്യാം'' (ക്വുർആൻ 63:5).

ക്വുർആൻ പറഞ്ഞ ഈ വസ്തുതകൾ നൂറുശതമാനവും ശരിവെക്കുന്നതാണ് ഇന്ന് നിലവിലുള്ള, മുൻവേദഗ്രന്ഥങ്ങളെന്ന് ഗണിക്കപ്പെടുന്നവയുടെ അവസ്ഥ.. നിഷ്പക്ഷവും വസ്തുനിഷ്ഠവുമായി അവ പഠനവിധേയമാകുന്ന ആർക്കും ഇത് ബോധ്യപ്പെടുന്നതാണ്. പരസ്പര വിരുദ്ധമായ വചനങ്ങളും ആശയപ്പൊരുത്തമില്ലാത്ത വിവരണങ്ങളും അവയിൽ കാണാം. മനുഷ്യർക്ക് മാതൃകയും സന്മാർഗദർശികളുമായി ദൈവത്താൽ നിയോഗിതരായ പ്രവാചകന്മാരെ പോലും ദുർമാർഗികളും കൊള്ളരുതാത്തവരുമായി ചിത്രീകരിക്കുന്ന വചനങ്ങൾ അവയിൽ കാണുന്നു എന്നത് എന്തുമാത്രം വിരോധാഭാസമല്ല!

അതിനാൽ, കൈകടത്തലുകളിൽനിന്നും സുരക്ഷിതവും നൂറുശതമാനവും ദൈവികമെന്ന് ഉറപ്പുള്ളതുമായ അന്തിമ വേദഗ്രന്ഥം വിശുദ്ധ ക്വുർആൻ മാത്രമാണ്. അതനുസരിച്ച് ജീവിക്കുകയാണ് രക്ഷയുടെയും വിജയത്തിന്റെയും മാർഗം.

''എന്റെ ഉൽബോധനത്തെ വിട്ട് വല്ലവനും തിരിഞ്ഞുകളയുന്നപക്ഷം തീർച്ചയായും അവന് ഇടുങ്ങിയ ഒരു ജീവിതമാണുണ്ടായിരിക്കുക. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവനെ നാം അന്ധനായ നിലയിൽ എഴുന്നേൽപിച്ച് കൊണ്ടുവരുന്നതുമാണ്. അവൻ പറയും: എന്റെ രക്ഷിതാവേ, നീ എന്തിനാണെന്നെ അന്ധനായ നിലയിൽ എഴുന്നേൽപിച്ച് കൊണ്ടുവന്നത്? ഞാൻ കാഴ്ചയുള്ളവനായിരുന്നല്ലോ! അല്ലാഹു പറയും: അങ്ങനെത്തന്നെയാകുന്നു. നിനക്ക് നമ്മുടെ ദൃഷ്ടാന്തങ്ങൾ വന്നെത്തുകയുണ്ടായി. എന്നിട്ട് നീ അത് മറന്നുകളഞ്ഞു. അതുപോലെ ഇന്ന് നീയും വിസ്മരിക്കപ്പെടുന്നു'' (ക്വുർആൻ 20:124-126).

ലേഖനം

# തസ്ബീഹിന്റെ പ്രാധാന്യം

ഇബ്റാഹീം ഇബ്‌നു മൂസ
8075254548

ഒരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം അവന്റെ ജീവിതത്തിലെ ഏറ്റവും ഉൽകൃഷ്ടമായ ഒരു കർമങ്ങളിൽ പെട്ടതാണ് അല്ലാഹുവും അവന്റെ റസൂലും പഠിപ്പിച്ചുതന്ന ദിക്റുകൾ ചൊല്ലുക എന്നത്. അതുമുഖേന മനസ്സിന് സമാധാനം ലഭിക്കുന്നതാണ്. പ്രവാചകൻ(സ്വ) നമുക്ക് ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിനായി കുറെ ദിക്റുകൾ പഠിപ്പിച്ചുതന്നിട്ടുണ്ട്. അവയിൽപ്പെട്ട തസ്ബീഹ് (സുബ്ഹാനല്ലാഹ്), തക്ബീർ (അല്ലാഹു അക്ബർ), തഹ്മീദ് (അൽഹംദുലില്ലാഹ്), തഹ്‌ലീൽ (ലാ ഇലാഹ ഇല്ലല്ലാഹ്) എന്നിവ. ക്വുർആനിലും ഹദീഥിലും ഒരുപാട് പരാമർശങ്ങൾ വന്ന ഒന്നാണ് തസ്ബീഹ്.

തസ്ബീഹിന്റെ വചനം: 'സുബ്ഹാനല്ലാഹി വബി ഹംദിഹി.' (അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം അവനെ വാഴ്ത്തുകയും ചെയ്യുന്നു).

സൃഷ്ടികൾ അല്ലാഹുവിന്റെ മേൽ ജൽപിക്കുന്ന എല്ലാവിധ ന്യൂനതകളിൽനിന്നും അവനെ മുക്തനാക്കുകയും അല്ലാഹുവിനുള്ളതായ എല്ലാ വിശേഷണങ്ങളും പൂർണാർഥത്തിൽ അവന് സ്ഥിരപ്പെടുത്തുകയുമാണ് ഇതിലൂടെ ചെയ്യുന്നത്.

**തസ്ബീഹിന്റെ മഹത്ത്വങ്ങൾ**

1) അല്ലാഹുവിനേറ്റവും അധികം ഇഷ്ടപ്പെട്ട വചനം: നബി(സ്വ)യിൽനിന്ന് അബൂഹുറയ്‌റ(റ) നിവേദനം ചെയ്യുന്നു: ''നാവിന് വളരെ ലഘുവായതും മീസാനിൽ ഏറ്റവും കനംതൂങ്ങുന്നതും പരമകാരുണികന് ഏറ്റവും ഇഷ്ടമുള്ളതുമായ രണ്ടു വാക്കുകൾ: സുബ്ഹാനല്ലാഹി വബി ഹംദിഹി, സുബ്ഹാനല്ലാഹിൽ അദ്വീം'' (ബുഖാരി: 6406).

2) ആയിരം നന്മ ലഭിക്കാൻ കാരണമാകുന്നു

സഅദ് ഇബ്‌നു അബീവക്വാസ്(റ) പറഞ്ഞതായി മുസ്അബ് ഇബ്‌നു സഅദ്(റ) പറയുന്നു: ''ഞങ്ങൾ റസൂലി(സ്വ)ന്റെ അടുത്തായിരുന്നപ്പോൾ അവിടുന്ന് ചോദിച്ചു: 'ഓരോ ദിവസവും ആയിരം നന്മ നേടിയെടുക്കുവാൻ നിങ്ങൾ ഓരോരുത്തരും അശക്തരാണോ?' അപ്പോൾ അവിടെ ഇരിക്കുന്നവരിൽനിന്ന് ഒരാൾ ചോദിച്ചു: 'ഞങ്ങളിൽ ഒരുവൻ എങ്ങനെ ആയിരം നന്മ കരസ്ഥമാക്കും?' റസൂൽ(സ്വ) പറഞ്ഞു: 'നൂറ് തസ്ബീഹ് ചൊല്ലുക, അപ്പോൾ അവന് ആയിരം നന്മ രേഖപ്പെടുത്തും, അല്ലെങ്കിൽ ആയിരം തിന്മ അവനിൽനിന്ന് മായ്ക്കപ്പെടും'' (മുസ്‌ലിം: 2698).

3) പാപങ്ങൾ മായ്ക്കപ്പെടും

അബൂഹുറയ്‌റ(റ)യിൽനിന്ന്: ''റസൂൽ(സ്വ) പറഞ്ഞു: 'ആരെങ്കിലും ഒരു ദിവസം നൂറു തവണ 'സുബ്ഹാനല്ലാഹി വബി ഹംദിഹി' എന്ന് പറഞ്ഞാൽ കടലിലെ നുരയോളമുണ്ടെങ്കിലും അവന്റെ തെറ്റുകൾ മായ്ക്കപ്പെടും'' (ബുഖാരി: 6405).

4) സ്വർഗത്തിലെ പ്രാർഥന

''അതിനകത്ത് അവരുടെ പ്രാർഥന അല്ലാഹുവേ, നിനക്ക് സ്തോത്രം (സുബ്ഹാനകല്ലാഹുമ്മ) എന്നായിരിക്കും...'' (ക്വുർആൻ 10:10).

**തസ്ബീഹ് ചൊല്ലുന്നത് ആരൊക്കെ?**

ചില നന്ദികെട്ട മനുഷ്യരും ധിക്കാരികളായ ജിന്നുകളുമൊഴികെ ആകാശഭൂമികളിലെ ജീവനുള്ളതും ഇല്ലാത്തതുമായ മുഴുവൻ ചരാചാരങ്ങളും അല്ലാഹുവിന് തസ്ബീഹ് ചൊല്ലുന്നു.

''ഏഴ് ആകാശങ്ങളും ഭൂമിയും അവയിലുള്ളവരും അവന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുന്നു. യാതൊരു വസ്തുവും അവനെ സ്തുതിച്ചുകൊണ്ട് (അവന്റെ) പരിശുദ്ധിയെ പ്രകീർത്തിക്കാത്തതായി ഇല്ല. പക്ഷേ, അവരുടെ കീർത്തനം നിങ്ങൾ ഗ്രഹിക്കുകയില്ല...'' (ക്വുർആൻ 17: 44).

''രാജാവും പരമപരിശുദ്ധനും പ്രതാപശാലിയും യുക്തിമാനുമായ അല്ലാഹുവെ ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം പ്രകീർത്തിച്ചുകൊണ്ടിരിക്കുന്നു'' (ക്വുർആൻ 62:1).

എ) പർവതങ്ങൾ

''സന്ധ്യാസമയത്തും സൂര്യോദയ സമയത്തും സ്തോത്രകീർത്തനം നടത്തുന്ന നിലയിൽ നാം പർവതങ്ങളെ അദ്ദേഹത്തോടൊപ്പം കീഴ്പെടുത്തുക തന്നെ ചെയ്തു'' (ക്വുർആൻ 38:18).

ബി) ഇടിനാദം

''ഇടിനാദം അവനെ സ്തുതിക്കുന്നതോടൊപ്പം (അവനെ) പ്രകീർത്തിക്കുന്നു...'' (ക്വുർആൻ 13:13).

സി) മലക്കുകൾ

''മലക്കുകൾ തങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം കീർത്തനം ചെയ്തുകൊണ്ട് സിംഹാസനത്തിന്റെ ചുറ്റും വലയം ചെയ്യുന്നതായി നിനക്ക് കാണാം...'' (ക്വുർആൻ 39:75)

ഡി) പക്ഷികൾ

''ആകാശങ്ങളിലും ഭൂമിയിലുമുള്ളവരും ചിറക് നിവർത്തിപ്പിടിച്ചുകൊണ്ട് പക്ഷികളും അല്ലാഹുവിന്റെ മഹത്ത്വം പ്രകീർത്തിച്ചുകൊണ്ടിരിക്കുന്നു എന്ന് നീ കണ്ടില്ലേ?...'' (ക്വുർആൻ 24:41).

അല്ലാഹു നമ്മോട് കൽപിക്കുന്നു: ''സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ ധാരാളമായി അനുസ്മരിക്കുകയും കാലത്തും വൈകുന്നേരവും അവനെ പ്രകീർത്തിക്കുകയും ചെയ്യുവിൻ'' (33:41,42).

''അത്യുന്നതനായ നിന്റെ രക്ഷിതാവിന്റെ നാമം പ്രകീർത്തിക്കുക'' (ക്വുർആൻ 87:1).

ലേഖനം



# നവോത്ഥാനത്തിന്റെ ഇന്നലെകൾ


കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

: 9947452245


നവോത്ഥാനത്തിന്റെ പിതൃത്വത്തെപ്പറ്റി മുസ്‌ലിം സംഘടനകൾ പരസ്പരം കലഹിച്ചുകൊണ്ടിരിക്കുന്ന വർത്തമാന കാല സാഹചര്യത്തിൽ അതിന്റെ ചരിത്രത്തിന്റെ ഓർമകളിലേക്ക് തിരിച്ചുപോകുന്നത് തീർച്ചയായും പ്രസക്തം തന്നെയാണ്. സാംസ്‌കാരിക നവോത്ഥാനത്തിന്റെയും മതപരമായ നവോത്ഥാന പ്രവർത്തനങ്ങളുടെയും അലയൊലികൾ പല രാജ്യങ്ങളിലും പല കാലഘട്ടങ്ങളിലും ഉണ്ടായിട്ടുണ്ട്. അവിടെയൊക്കെ പുതിയ പുതിയ മാറ്റങ്ങളുണ്ടായിട്ടുണ്ട്. സമവാക്യങ്ങൾ മാറിമറിഞ്ഞു വന്നിട്ടുണ്ട്. ഒരിക്കലും പ്രതാപം നഷ്ടപ്പെടുകയില്ല എന്ന് ചിന്തിച്ചിരുന്ന രാഷ്ട്രീയ, സാമൂഹ്യ, സാംസ്‌കാരിക ശക്തികൾ അസ്തമിച്ചുപോയിട്ടുണ്ട്. ഒരിക്കലും പഴയ തലയെടുപ്പോടുകൂടി തിരിച്ചുവരില്ല എന്ന് ചിന്തിച്ചിരുന്ന പല സംസ്‌കാരങ്ങളും തിരിച്ചുവന്നിട്ടുമുണ്ട്. കാലം മാറിക്കൊണ്ടിരുന്നപ്പോൾ പലരും അധഃപതനത്തിന്റെ ആഴങ്ങളിൽ പതിച്ചു, മറ്റു പലരും ഉത്ഥാനത്തിന്റെയും പുരോഗതിയുടെയും മുകളിലേക്ക് പോയി. എവിടെയും നീണ്ടകാലത്തെ സ്ഥിരത നമുക്ക് കാണാൻ കഴിയില്ല.

കേരളത്തിൽ മുഹമ്മദ് നബി(സ്വ) യുടെ കാലഘട്ടത്തിൽ തന്നെ ഇസ്‌ലാം വന്നിട്ടുണ്ട് എന്നാണ് ഭൂരിപക്ഷാഭിപ്രായം. കച്ചവടക്കാർ മുഖേനയാണ് ഇസ്‌ലാമിക സന്ദേശം ഇവിടെ എത്തിയിട്ടുള്ളത്. ആരും ഇസ്‌ലാമിക പ്രബോധകന്മാരായി ഇവിടെ വന്നതായിരുന്നില്ല. അറിയപ്പെട്ടിടത്തോളം കൃത്യതയുള്ള ചരിത്രം വെച്ച് നോക്കുമ്പോൾ പ്രവാചകന്റെ കാലത്ത് പ്രവാചകനോ സ്വഹാബിമാരോ അയച്ച ഒരു പ്രബോധക വിഭാഗം ഇവിടെ വന്നിട്ടില്ല. എന്നാൽ അറബികൾ തങ്ങളുടെ വരണ്ട മരുഭൂമിയിൽനിന്ന് പച്ചപ്പുകൾ തേടി കടലിന്റെ ഭീകരതകൾ താണ്ടിക്കൊണ്ട് പല നാടുകളിലും എത്തിച്ചേരുകയും അവിടങ്ങളിലുള്ള മനുഷ്യരുമായി ബന്ധപ്പെടുകയും അവരിലൂടെ നാഗരികതകളെപോലെ തന്നെ ധാർമികമായ ചിന്തകളും കൈമാറ്റം ചെയ്യുവാൻ പറ്റുമോ എന്ന് ചിന്തിച്ചിട്ടുമുണ്ടായിരുന്നു.

അങ്ങനെ അവരെത്തിപ്പെട്ട ഒരു സ്ഥലമാണ് കേരളവും. കച്ചവടക്കാരായിക്കൊണ്ടാണ് അവരിവിടെ വന്നത്. കേരളത്തിന്റെ ഭൂവിഭവങ്ങൾ ഉപയോഗപ്പെടുത്തപ്പെടാതെയിരുന്നപ്പോൾ അതിനെ ഉപയോഗിക്കാനും അവ ആവശ്യമുള്ളിടത്തേക്ക് കൊണ്ടുപോകാനും പറ്റിയ നല്ല കച്ചവട മനഃസ്ഥിതിയുള്ള ആളുകൾ ഇവിടെ വന്ന് താമസമുറപ്പിച്ചു. അന്ന് കേരളത്തിലെ മത-സാംസ്‌കാരിക രംഗം വളരെ ദുരിതമയമായിരുന്നു. അയിത്തം, താഴ്ന്ന ജാതിക്കാർക്ക് മാന്യമായി ജീവിക്കാൻ പറ്റാത്ത ദുരവസ്ഥ, ഉയർന്ന ജാതിക്കാർ താഴ്ന്ന ജാതിക്കാരുടെ

നേരെ നോക്കിയാൽ പോലും താളിയിട്ട് കണ്ണ് കഴുകണം എന്ന് ചിന്തിക്കാൻ മാത്രം മനുഷ്യർ അധഃപതിച്ച കാലം! ഈ സാഹചര്യത്തിലാണ് അറബിനാടുകളിൽനിന്ന് കച്ചവടക്കാർ ഇവിടെ വരുന്നത്. അവർക്കിവിടെ തൊഴിലാളികളെ ആവശ്യമായിരുന്നു. ഈ നാട്ടിലുള്ള പാവപ്പെട്ട മനുഷ്യരുടെ സഹകരണവും സഹായവും അവർക്കാവശ്യമായിരുന്നു; പ്രത്യേകിച്ചും കേരളത്തിന്റെ തീര പ്രദേശങ്ങളിൽ. അധമത്വത്തിന്റെ പടുകുഴിയിൽ ജീവിച്ചിരുന്ന ആ സമൂഹത്തെ അറബികൾ മനുഷ്യരായിക്കണ്ടു.

'നിങ്ങളുടെ മാതാപിതാക്കൾ ഒന്നാണ്. പല ഗോത്രക്കാരും വിഭാഗങ്ങളുമായി നിങ്ങൾ സൃഷ്ടിക്കപ്പെട്ടത് പരസ്പരം തിരിച്ചറിയാൻ വേണ്ടി മാത്രമാണ്. അല്ലാഹുവിനോടുള്ള ഭക്തിയും സ്നേഹവും കൊണ്ട് മാത്രമാണ് മനുഷ്യൻ ആദരണീയനായി മാറുക' എന്ന ക്വുർആൻ ദർശനത്തിന്റെ സമത്വസന്ദേശം മനസ്സിലാക്കുകയും അത് ജീവിതത്തിൽ പുലർത്തുകയും ചെയ്യുന്നവരായിരുന്നു ഇസ്‌ലാമികാദർശം ഉൾക്കൊണ്ട അറബ് സമൂഹം. അവരിൽ ചിലരാണ് കച്ചവടക്കാരായത്. അവർ തികഞ്ഞ മതബോധവും അറിവുമുള്ള ആളുകളായിരുന്നു എന്ന് സ്വയം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പുരാതന കേരളീയർ ഇസ്‌ലാമിലേക്ക് കടന്നുവന്നു തുടങ്ങി.

തൊഴിലാളികളെ ഒപ്പമിരുത്തി ഒരു പാത്രത്തിൽനിന്നും ഭക്ഷണം കഴിക്കുന്ന അറബ് നേതാക്കളും പണ്ഡിതൻമാരും കഫീലുമാരും ഇന്നും നമുക്ക് അപരിചിതമല്ല. സമത്വത്തിന്റെ മഹത്തായ പാരമ്പര്യം കണ്ട് ശീലിച്ചവരാണ് അറബികൾ. നീഗ്രോ അടിമയായ ബിലാലി(റ)നെ പോലുള്ളവരെയും പേരുകേട്ട തറവാട്ടുകാരെയുമൊക്കെ ഒരുപോലെ കണ്ട, ഒപ്പമിരുത്തിയ, എല്ലാവരെയും ഒരുപോലെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്ത പ്രവാചകൻ പകർന്നുനൽകിയ ജീവിത പാഠങ്ങളാണ് അനുയായികൾ പഠിച്ചത്. ആ അനുയായികളിൽ ചിലരാണ് കച്ചവടക്കാരായത്. അവർ മതത്തിന്റെ ആളുകളായിരുന്നു. അവർ നാഗരികതയെ പറ്റി ചിന്തിക്കുന്നവരായിരുന്നു. ലോകത്തിന്റെ പല ഭാഗത്തുമുള്ള വിഭവങ്ങളെന്താണെന്ന് തിരഞ്ഞുനടക്കുന്നവരായിരുന്നു. അവരിവിടെ വന്നപ്പോൾ ഇവിടെയുള്ള അടിച്ചമർത്തപ്പെടുന്ന മനുഷ്യരെ അവരെപ്പോലുള്ള മനുഷ്യരായിത്തന്നെ കണ്ടു. അവർക്കുവേണ്ടി കൂലിപ്പണിയെടുക്കുന്ന ചുമട്ടുതൊഴിലാളികളെ അവർ ഒപ്പമിരുത്തി അവരോടൊപ്പം ഭക്ഷണം കഴിച്ചു. കേരളക്കാർക്ക്, വിശിഷ്യാ അധഃസ്ഥിതരായി കഴിഞ്ഞുകൂടുന്ന കടലിന്റെ മക്കൾക്ക് അതൊരു അത്ഭുതമായിരുന്നു. അന്യരാജ്യത്തുനിന്ന് കപ്പൽ മാർഗം ഇവിടെയെത്തിയ നല്ലവരായ ഈ മനുഷ്യർ തങ്ങളെ ഒപ്പമിരുത്തി ഭക്ഷണം കഴിപ്പിക്കുന്നു, അവർ തങ്ങളോടൊപ്പം താമസിക്കാൻ തയ്യാറാകുന്നു. ഞങ്ങളെ തലോടുന്നു, തങ്ങൾക്ക് കൈ തരുന്നു, സദുപദേശം നൽകുന്നു, തങ്ങളെ താഴ്ന്നവരായി കാണുന്നില്ല...!

അങ്ങനെ മാനവികതയുടെ ജീവിക്കുന്ന പ്രതിരൂപങ്ങളായി അറബികളെ കണ്ടപ്പോൾ ഇന്നാട്ടുകാർക്ക് ഇസ്‌ലാമിനോട് താൽപര്യം തോന്നി. തൊഴിലാളികളോടൊപ്പം തൊഴിലെടുക്കുന്ന, തൊഴിലാളികൾക്ക് വേണ്ടി വിയർക്കുന്ന, അവരെ സ്നേഹിക്കുന്ന, അവർക്ക് സഹായങ്ങൾ നൽകുന്ന, കൂലിക്ക് പുറമെ അവരുടെ ദൈന്യതകൾ കണ്ട് സകാത്തും സ്വദഖയും നൽകിക്കൊണ്ടിരിക്കുന്ന, തൊഴിലിന്റെ തിരക്കിലും മണൽപരപ്പിൽ നിന്ന് നമസ്കാരമാകുന്ന പ്രാർഥന നിർവഹിക്കുന്നതിൽ ശുഷ്കാന്തി കാണിക്കുന്ന ആ നല്ല മനുഷ്യരെ കണ്ടപ്പോൾ ഇവരുടെ വർഗമേതായിരുന്നാലും ഇവർ ഏത് നാട്ടുകാരായിരുന്നാലും ഇവർ മനുഷ്യത്വമുള്ളവരാണ്, ഇവരുടെ ആദർശം അത്യുന്നതമാണ് എന്ന് സ്വയം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മലയാളികൾ ഇസ്‌ലാമിലേക്ക് കടന്നുവന്നു

> **കച്ചവടക്കാർ മുഖേനയാണ് കേരളത്തിലേക്ക് ഇസ്‌ലാമിക സന്ദേശം എത്തിയിട്ടുള്ളത്. ആരും ഇസ്‌ലാമിക പ്രബോധകന്മാരായി ഇവിടെ വന്നതായിരുന്നില്ല. അറിയപ്പെട്ടിടത്തോളം കൃത്യതയുള്ള ചരിത്രം വെച്ച് നോക്കുമ്പോൾ പ്രവാചകന്റെ കാലത്ത് പ്രവാചകനോ സ്വഹാബിമാരോ അയച്ച ഒരു പ്രബോധക വിഭാഗം ഇവിടെ വന്നിട്ടില്ല. എന്നാൽ അറബികൾ തങ്ങളുടെ വരണ്ട മരുഭൂമിയിൽനിന്ന് പച്ചപ്പുകൾ തേടി കടലിന്റെ ഭീകരതകൾ താണ്ടിക്കൊണ്ട് പല നാടുകളിലും എത്തിച്ചേരുകയും അവിടങ്ങളിലുള്ള മനുഷ്യരുമായി ബന്ധപ്പെടുകയും അവരിലൂടെ നാഗരികതകളെപ്പോലെ തന്നെ ധാർമികമായ ചിന്തകളും കൈമാറ്റം ചെയ്യുവാൻ പറ്റുമോ എന്ന് ചിന്തിച്ചിട്ടുമുണ്ടായിരുന്നു. അങ്ങനെ അവരെത്തിപ്പെട്ട ഒരു സ്ഥലമാണ് കേരളം**

തുടങ്ങി. അങ്ങനെയാണ് കേരളത്തിൽ ഇസ്‌ലാം മതത്തിന് അനുയായികൾ ഉണ്ടാകുന്നത്. അല്ലാതെ ആരെങ്കിലും അന്യനാട്ടിൽനിന്ന് വാളുമായി വന്ന് വെട്ടിപ്പിടിച്ചുണ്ടാക്കിയതല്ല. ലോകത്തെവിടെയും അങ്ങനെ സംഭവിച്ചിട്ടില്ല.

'മതത്തിൽ ബലാൽക്കാരമില്ല' എന്ന ക്വുർആനിന്റെ പ്രഖ്യാപനം ആദർശം അടിച്ചേൽപിക്കുന്നതിന് എതിരാണ്. ഒരാളെപ്പോലും മതത്തിലേക്ക് നിർബന്ധിക്കരുത്. കണ്ടും കേട്ടും മനസ്സിലാക്കി ബോധ്യപ്പെട്ട ശേഷം വേണമെങ്കിൽ സ്വീകരിക്കാം; അത്രമാത്രം. ഇതിനു വിപരീതമായുള്ള പ്രചാരണം ചരിത്ര ധ്വംസനമാണ്, ചരിത്ര വസ്തുതകൾക്കെതിരിലുള്ള കടന്നുകയറ്റമാണ്.

അറബികൾ പലരും ഇവിടെ താമസമാക്കി. അതോടൊപ്പം ഇസ്‌ലാമിക ജീവിതം അവർ ജനങ്ങൾക്ക് കാണിച്ചുകൊടുത്തു. അതുമുഖേന ഇസ്‌ലാമിന്റെ സന്ദേശം താനെ നടന്നുവന്നു. പ്രാർഥന നിർവഹിക്കുവാനുള്ള തക്വിയ്യാവുകളുണ്ടായി. പിന്നീടത് സ്രാമ്പികളും പള്ളികളുമായി. ഇസ്‌ലാമിന്റെ വെളിച്ചം പരന്നുതുടങ്ങി. അതിന്റെ വെളിച്ചത്തിൽ, അധഃസ്ഥിതവിഭാഗം ശാന്തിയും സമാധാനവും സുരക്ഷിതത്വവും കണ്ടെത്തി. ഇതെല്ലാം കണ്ടപ്പോൾ ഉയർന്ന ജാതിക്കാർക്കിടയിലും വിസ്മയം ജനിച്ചു. ഇക്കൂട്ടർ പിന്തുടരപ്പെടേണ്ടവരാണെന്ന് അവർക്കും തോന്നി.

അറബികളുടെ വരവിനുശേഷം നൂറ്റാണ്ടുകളോളം അന്തസ്സും അഭിമാനവുമുള്ള അസ്തിത്വമായിരുന്നു മുസ്‌ലിംകൾക്ക് ഇവിടെയുണ്ടായിരുന്നത്. ക്രിസ്തുവർഷം 5ാം നൂറ്റാണ്ടിന്റെയും 15ാം നൂറ്റാണ്ടിന്റെയും ഇടയിലുള്ള കാലം പരിശോധിച്ചാലറിയാം; ഇവിടുത്തെ നാട്ടുരാജാക്കന്മാരും നാട്ടുമുഖ്യൻമാരും പ്രമാണിമാരുമെല്ലാം മുസ്‌ലിംകളിൽ വിശ്വാസമർപ്പിച്ചവരായിരുന്നു. അതുകൊണ്ടുതന്നെ അവർ മുസ്‌ലിംകളെ വിശ്വസ്തന്മാരായ പടയാളികളും സേവകരുമായി നിയോഗിച്ചിരുന്നു. അവരിൽ പലരുടെയും രഹസ്യസൂക്ഷിപ്പുകാരും മുസ്‌ലിംകളായിരുന്നു. തൊഴിലുടമകൾ ആരായിരുന്നാലും അവരെ ചതിക്കുവാൻ മുസ്‌ലിംകൾ തയ്യാറായിരുന്നില്ല. ഏത് രാജ്യത്താണോ ജീവിക്കുന്നത് ആ രാജ്യത്തോട് കൂറും സ്നേഹവുമുള്ളവരാണ് മുസ്‌ലിംകൾ. അതുകൊണ്ടാണ് അവർ മറ്റുള്ളവരെക്കാൾ പരിഗണിക്കപ്പെട്ടത്.

പോർച്ചുഗീസുകാർ ഇവിടെ ആധ്യപത്യമുറപ്പിക്കാൻ വന്നപ്പോൾ സാമൂതിമാർക്കു കീഴിൽ അണിനിരന്ന് പ്രതിരോധിക്കുവാൻ മുന്നിൽ നിന്നത് മുസ്‌ലിംകളായിരുന്നു. അവർ ജന്മനാടിനു വേണ്ടി ജീവൻ ബലിനൽകാൻ തയ്യാറായിരുന്നു. ഇത് പോർച്ചുഗീസുകാർ തിരിച്ചറിഞ്ഞു. രാജ്യത്തോട് ഇത്രമാത്രം സ്നേഹവും തുല്യതയില്ലാത്ത ധീരതയും പോരാട്ടവീര്യവും മുസ്‌ലിംകളിൽ നിലനിൽക്കുന്നതിന്റെ കാരണം അവരുടെ ആദർശമാണെന്നു മനസ്സിലാക്കിയ പോർച്ചുഗീസുകാർ ഇസ്‌ലാമെന്ന ആശയത്തെ തകർക്കുക എന്നതാക്കി തങ്ങളുടെ പ്രധാന ലക്ഷ്യം. അതിനായി മുസ്‌ലിംകളെയും നാട്ടുരാജാക്കന്മാരെയും തമ്മിലടിപ്പിക്കുവാനും ശത്രുക്കളാക്കുവാനുമുള്ള ശ്രമങ്ങൾ അവർ നടത്തി.

'മതത്തിൽ ബലാൽക്കാരമില്ല' എന്ന ക്വുർആനിന്റെ പ്രഖ്യാപനം ആദർശം അടിച്ചേൽപിക്കുന്നതിന് എതിരാണ്. ഒരാളെപ്പോലും മതത്തിലേക്ക് നിർബന്ധിക്കരുത്. കണ്ടും കേട്ടും മനസ്സിലാക്കി ബോധ്യപ്പെട്ട ശേഷം വേണമെങ്കിൽ സ്വീകരിക്കാം; അത്രമാത്രം. ഇതിനു വിപരീതമായുള്ള പ്രചാരണം ചരിത്ര ധ്വംസനമാണ്, ചരിത്ര വസ്തുതകൾക്കെതിരിലുള്ള കടന്നുകയറ്റമാണ്.

പിന്നീട് ഫ്രഞ്ചുകാരും ഡച്ചുകാരുമൊക്കെ ഇവിടെ വന്നിട്ടുണ്ട്. അവസാനമായി ബ്രിട്ടീഷുകാർ വന്നു. അവരൊക്കെ മനസ്സിലാക്കിയത് മുസ്‌ലിംകളെ തകർക്കാതെ തങ്ങൾക്കിവിടെ നിലനിൽപില്ല എന്നാണ്. എങ്ങനെയെങ്കിലും, ആരെയൊക്കെ കൂട്ടുപിടിച്ചിട്ടാണെങ്കിലും മുസ്‌ലിംശക്തി ക്ഷയിപ്പിക്കണം, അല്ലാതെ തങ്ങളുടെ അധിനിവേശ താൽപര്യങ്ങൾ വിജയിക്കാൻ പോകുന്നില്ല എന്ന് ഇവരൊക്കെയും തീർച്ചപ്പെടുത്തി.

ഭിന്നിപ്പിച്ചു ഭരിക്കുക എന്ന കുതന്ത്രം ബ്രിട്ടീഷുകാരും പയറ്റിനോക്കി. പ്രഭുക്കന്മാരെയും നാട്ടുരാജാക്കന്മാരെയും മുസ്‌ലിംകൾക്കെതിരിൽ അവർ തിരിച്ചുവിട്ടു. അത് മുസ്‌ലിംകൾക്ക് വലിയ പ്രയാസമുണ്ടാക്കി.

നൂറ്റാണ്ടുകൾക്കു മുമ്പേ ഇവിടെ ഇസ്‌ലാം വേരുറച്ചുവെങ്കിലും ശരിയായ രൂപത്തിലുള്ള ഇസ്‌ലാമിക പഠനം ഇവർക്ക് സാധ്യമായിരുന്നില്ല. അറബികളെ കണ്ട് ഇസ്‌ലാം സ്വീകരിച്ചുവെങ്കിലും പഴയ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മറ്റു പല ജീർണതകളും അവരിൽ നിലനിൽക്കുന്നുണ്ടായിരുന്നു. ക്വുർആനും സുന്നത്തും പഠിക്കുവാനും മനസ്സിലാക്കുവാനുമുള്ള സാഹചര്യത്തിന്റെ അഭാവം ഇതിന് വളം നൽകി. ബ്രിട്ടീഷുകാരുടെ രാഷ്ട്രീയമായ അധീശത്വവും മതരംഗത്തുള്ള ജീർണതകളും മുസ്‌ലിംകളുടെ തകർച്ചക്കും അവർ പീഡനങ്ങൾക്കിരകളാക്കപ്പെടുന്നതിനും കാരണമായി.

ഏഴ് നൂറ്റാണ്ടുകാലം മുഗിളന്മാർ ഇന്ത്യ ഭരിച്ചിട്ടുണ്ട്. എന്നാൽ അവരിൽ അധിക ഭരണാധികാരികളും ഇസ്‌ലാമിന്റെ വളർച്ചക്കായി കാര്യമായി ഒന്നും ചെയ്തുകാണുന്നില്ല. വലിയ വലിയ സ്മാരകങ്ങളും മണിമന്ദിരങ്ങളും മിനാരങ്ങളുണ്ടാക്കുന്നതിലായിരുന്നു അവരുടെ ശ്രദ്ധ.

മുസ്‌ലിംകൾക്ക് മതപരമായി അറിവില്ല. അവരെ നേരെ നയിക്കാൻ ഒരു നേതാവില്ല. ഇങ്ങനെയുള്ള അവസരത്തിലാണ് ഉത്തരേന്ത്യയിൽ സർ സയ്യിദിനെ പോലുള്ള ആളുകൾ രംഗത്തു വരുന്നത്. മുസ്‌ലിംകളുടെ അറിവില്ലായ്മയാണ് ആദ്യം പരിഹരിക്കേണ്ടത് എന്ന് അവർ തിരിച്ചറിഞ്ഞു. സമുദായത്തിന് ഉൾക്കാഴ്ച ലഭിക്കേണ്ടതുണ്ട്. രാഷ്ട്രീയരംഗത്തും മതരംഗത്തും അവർ ഉൽബുദ്ധരാവുകയും ഉയർന്നുവരികയും ചെയ്യേണ്ടതുണ്ട്. അതിനായുള്ള ശ്രമം അവർ നടത്തി. അലിഗഡ് പോലുള്ള സ്ഥാപനങ്ങൾ അതിന്റെ ഉൽപന്നമാണ്. അങ്ങനെ വിദ്യാഭ്യാസരംഗത്തും രാഷ്ട്രീയരംഗത്തും മതരംഗത്തുമെല്ലാം ഉണർവുണ്ടായി.

കേരളത്തിലും അതിന്റെ അലയൊലികളുണ്ടായി. ഇതേസമയത്തുതന്നെ ലോകത്തിന്റെ പല ഭാഗങ്ങളിലും മുസ്‌ലിംകൾക്കിടയിൽ മാറ്റത്തിന്റെ അടയാളങ്ങൾ ദൃശ്യമായിരുന്നു. ശൈഖ് മുഹമ്മദുബ്നു അബ്ദുൽ വഹാബും ഇബ്നുതീമിയയുമൊക്കെ കൊളുത്തിവെച്ച നവോത്ഥാനത്തിന്റെ വെളിച്ചം കേരളത്തിലുമെത്തി. മക്തി തങ്ങൾ സർസയ്യിദിന്റെ വിദ്യാഭ്യാസപരവും മതപരവുമായ നവോത്ഥാന ശ്രമങ്ങളെ ഉൾക്കൊണ്ട് മലയാളമണ്ണിലും മാറ്റമുണ്ടാക്കാൻ ശ്രമം നടത്തി. സർക്കാർ ജോലി രാജിവെച്ചാണ് അദ്ദേഹം മുസ്‌ലിം സമൂഹത്തിന്റെ നവോത്ഥാനത്തിനായി രംഗത്തിറങ്ങിയത്. മുസ്‌ലിം സമൂഹത്തിന് ക്വുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിലുള്ള അറിവു നൽകണം; രാഷ്ട്രീയമായ അവബോധമുണ്ടാക്കണം. രണ്ടും സമന്വയിച്ചാലേ സമൂഹം നന്നാകൂ എന്ന് മനസ്സിലാക്കിയപ്പോഴാണ് അദ്ദേഹം സമുദായോദ്ധാരണത്തിനായി കർമനിരതനായത്.

കേരളത്തിൽ അദ്ദേഹം ഓടിനടന്നപ്പോൾ അതിന്റെ സദ്ഫലങ്ങൾ കണ്ടുതുടങ്ങി. വക്കം മൗലവി, ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി പോലുള്ളവരും സമുദായ സമുദ്ധാരണത്തിനായി രംഗത്തു വന്നു. അധിനിവേശക്കാരോടുള്ള സമരരംഗത്ത് അണിനിരക്കുവാനും മതരംഗത്ത് ഉറച്ചുനിൽക്കുവാനും അവർ സമുദായത്തെ പ്രേരിപ്പിച്ചു.

1900ത്തിന്റെ തുടക്കത്തിൽതന്നെ നവോത്ഥാനത്തിന്റെ വിത്തുകൾ കേരളത്തിൽ ഉണ്ടായിട്ടുണ്ട്. ഒരു സംഘടനയായി രൂപം പ്രാപിച്ചിരുന്നില്ലെന്നു മാത്രം. വക്കം മൗലവിയെ പോലുള്ള നേതാക്കൾ സമുദായത്തിന്റെ വിദ്യാഭ്യാസപരമായ വളർച്ചക്കുവേണ്ടി പ്രവർത്തിച്ചു. കെ.എം. മൗലവി, ഇ. കെ മൗലവി തുടങ്ങിയവർ മതപരമായ അറിവ് പകർന്നുകൊടുക്കുന്നതിൽ വ്യാപൃതരായി. ഇ.മൊയ്തു മൗലവി, മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് പോലുള്ളവർ മതപരവും രാഷ്ട്രീയപരവുമായ പ്രബുദ്ധതക്കായി യത്നിച്ചു. ഇതിന്റെ ശ്രമഫലമായി കൊടുങ്ങല്ലൂരിലുണ്ടായ 'നിഷ്പക്ഷ സംഘം' താമസിയാതെ 'കേരള മുസ്‌ലിം ഐക്യസംഘം' (1922) ആയി മാറി. കൊടുങ്ങല്ലൂരിനും തലശ്ശേരിക്കും ഇടയിലുള്ള വിവിധ സ്ഥലങ്ങളിൽ ഐക്യസംഘം നടത്തിയ മുപ്പതോളം സമ്മേളനങ്ങളിലൂടെ ഈ ജാഗരണ ചിന്ത സമുദായത്തിൽ പടരാൻ തുടങ്ങി.

സമുദായം ഉയരണം, വളരണം, പഠിക്കണം, മുന്നിലാകണം... ഈ സന്ദേശം ജനങ്ങളിലേക്കെത്തിയപ്പോൾ പണ്ഡിതന്മാരുണർന്നു. തങ്ങളുടെതായ ഭാഗധേയം ഈ മുന്നേറ്റത്തിൽ വഹിക്കാൻ അവർ തയ്യാറായി. അങ്ങനെ 1924ൽ കേരളത്തിലെ ആദ്യത്തെ പണ്ഡിത സംഘടനയുണ്ടായി. നേതാക്കളുടെയും പണ്ഡിതരുടെയും പ്രവർത്തനങ്ങൾ സമന്വയിച്ചപ്പോൾ കേരള മുസ്‌ലിംകൾക്കിടയിൽ നവോത്ഥാനമുണ്ടായി. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരിൽ ജനങ്ങൾ ചിന്തിക്കാനും അവ കയ്യൊഴിക്കാനും തുടങ്ങി; തൗഹീദിന്റെ മാധുര്യം അനുഭവിക്കാനും. അതോടൊപ്പം രാഷ്ട്രീയമായ ഉൽബുദ്ധതയും വളർന്നുവന്നു. രാജ്യസ്നേഹത്തിന്റെ പ്രാധാന്യവും അധിനിവേശക്കാരെ എതിർക്കേണ്ടതിന്റെ ആവശ്യകതയും അവർ മനസ്സിലാക്കി. അങ്ങനെ മുസ്‌ലിം സമുദായം ആലസ്യത്തിൽനിന്നുണർന്നു.

ഈ നവോത്ഥാനം പിന്നീട് വൃദ്ധിക്ഷയങ്ങൾക്ക് വിധേയമായി. ഒരു നൂറ്റാണ്ട് പിന്നിട്ടപ്പോൾ അതിനുമേൽ ചെറിയ രൂപത്തിലെങ്കിലും കരിനിഴൽ വീണിട്ടുണ്ട്. എന്നിരുന്നാലും അതിന്റെ വളിച്ചം നിലനിർത്താൻ ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നവരുണ്ട് എന്നത് ആശ്വാസകരമാണ്. എന്നാൽ വീണ്ടും ആ ഇരുണ്ട മാറാലക്കെട്ടിലേക്ക് സമുദായത്തെ തിരിച്ചുകൊണ്ടുപോകാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട് എന്നത് ആശങ്കയുളവാക്കുന്നതുമാണ്. അതിനെതിരിൽ ശബ്ദമുയർത്തിയേ തീരൂ. ചരിത്രത്തിന്റെ ആവർത്തനത്തിൽകൂടി മാത്രമെ സമൂഹത്തിൽ നവോത്ഥാനത്തിന് സാധിക്കുകയുള്ളൂ.

(2021 ഡിസംബർ 12ന് കോഴിക്കോട്ടുവെച്ച് നടന്ന ചരിത്ര സെമിനാറിലെ പ്രസംഗത്തിന്റെ സംക്ഷിപ്ത രൂപം). ■

**സമുദായം ഉയരണം, വളരണം, പഠിക്കണം, മുന്നിലാകണം... ഈ സന്ദേശം ജനങ്ങളിലേക്കെത്തിയപ്പോൾ പണ്ഡിതന്മാരുണർന്നു. തങ്ങളുടെതായ ഭാഗധേയം ഈ മുന്നേറ്റത്തിൽ വഹിക്കാൻ അവർ തയ്യാറായി. അങ്ങനെ 1924ൽ കേരളത്തിലെ ആദ്യത്തെ പണ്ഡിത സംഘടനയുണ്ടായി. നേതാക്കളുടെയും പണ്ഡിതരുടെയും പ്രവർത്തനങ്ങൾ സമന്വയിച്ചപ്പോൾ കേരള മുസ്‌ലിംകൾക്കിടയിൽ നവോത്ഥാനമുണ്ടായി. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരിൽ ജനങ്ങൾ ചിന്തിക്കാനും അവ കയ്യൊഴിക്കാനും തുടങ്ങി; . രാജ്യസ്നേഹത്തിന്റെ പ്രാധാന്യവും അധിനിവേശക്കാരെ എതിർക്കേണ്ടതിന്റെ ആവശ്യകതയും അവർ മനസ്സിലാക്കി. അങ്ങനെ മുസ്‌ലിം സമുദായം ആലസ്യത്തിൽനിന്നുണർന്നു.**

അബ്ദുർറഹ്മാനുബ്ന നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
: 95444 92089



അധ്യായം: 51

# അദ്ദാരിയാത്
# (വിതറുന്നവ)

مُّسَوَّمَةً عِندَ رَبِّكَ لِلْمُسْرِفِينَ ﴿٣٤﴾

فَأَخْرَجْنَا مَن كَانَ فِيهَا مِنَ ٱلْمُؤْمِنِينَ ﴿٣٥﴾

فَمَا وَجَدْنَا فِيهَا غَيْرَ بَيْتٍ مِّنَ ٱلْمُسْلِمِينَ ﴿٣٦﴾

وَتَرَكْنَا فِيهَآ ءَايَةً لِّلَّذِينَ

يَخَافُونَ ٱلْعَذَابَ ٱلْأَلِيمَ ﴿٣٧﴾

وَفِى مُوسَىٰٓ إِذْ أَرْسَلْنَٰهُ

إِلَىٰ فِرْعَوْنَ بِسُلْطَٰنٍ مُّبِينٍ ﴿٣٨﴾

فَتَوَلَّىٰ بِرُكْنِهِۦ وَقَالَ سَٰحِرٌ أَوْ مَجْنُونٌ ﴿٣٩﴾

فَأَخَذْنَٰهُ وَجُنُودَهُۥ فَنَبَذْنَٰهُمْ

فِى ٱلْيَمِّ وَهُوَ مُلِيمٌ ﴿٤٠﴾

وَفِى عَادٍ إِذْ أَرْسَلْنَا عَلَيْهِمُ ٱلرِّيحَ ٱلْعَقِيمَ ﴿٤١﴾

34. അതിക്രമകാരികൾക്ക് വേണ്ടി തങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ അടയാളപ്പെടുത്തിയ (കല്ലുകൾ).

35. അപ്പോൾ സത്യവിശ്വാസികളിൽപ്പെട്ടവരായി അവിടെ ഉണ്ടായിരുന്നവരെ നാം പുറത്തുകൊണ്ടുവന്നു (രക്ഷപ്പെടുത്തി).

36. എന്നാൽ മുസ്ലിംകളുടെതായ ഒരു വീടല്ലാതെ നാം അവിടെ കണ്ടെത്തിയില്ല.

37. വേദനയേറിയ ശിക്ഷ ഭയപ്പെടുന്നവർക്ക് ഒരു ദൃഷ്ടാന്തം നാം അവിടെ അവശേഷിപ്പിക്കുകയും ചെയ്തു.

38. മൂസായുടെ ചരിത്രത്തിലുമുണ്ട് (ദൃഷ്ടാന്തങ്ങൾ.) വ്യക്തമായ ആധികാരിക പ്രമാണവുമായി ഫിർഔന്റെ അടുത്തേക്ക് നാം അദ്ദേഹത്തെ നിയോഗിച്ച സന്ദർഭം.

39. അപ്പോൾ അവൻ തന്റെ ശക്തിയിൽ അഹങ്കരിച്ച് പിന്തിരിഞ്ഞുകളയുകയാണ് ചെയ്തത്. (മൂസാ) ഒരു ജാലവിദ്യക്കാരനോ അല്ലെങ്കിൽ ഭ്രാന്തനോ എന്ന് അവൻ പറയുകയും ചെയ്തു.

40. അതിനാൽ അവനെയും അവന്റെ സൈന്യങ്ങളെയും നാം പിടികൂടുകയും എന്നിട്ട് അവരെ കടലിൽ എറിയുകയും ചെയ്തു. അവൻ തന്നെയായിരുന്നു ആക്ഷേപാർഹൻ.

41. ആദ് ജനതയിലും (ദൃഷ്ടാന്തമുണ്ട്). വന്ധ്യമായ കാറ്റ് നാം അവരുടെ നേരെ അയച്ച സന്ദർഭം!

مَا تَذَرُ مِن شَىْءٍ أَتَتْ عَلَيْهِ إِلَّا

جَعَلَتْهُ كَٱلرَّمِيمِ ﴿٤٢﴾

وَفِى ثَمُودَ إِذْ قِيلَ لَهُمْ تَمَتَّعُوا۟ حَتَّىٰ حِينٍ ﴿٤٣﴾

فَعَتَوْا۟ عَنْ أَمْرِ رَبِّهِمْ فَأَخَذَتْهُمُ

ٱلصَّـٰعِقَةُ وَهُمْ يَنظُرُونَ ﴿٤٤﴾

فَمَا ٱسْتَطَـٰعُوا۟ مِن قِيَامٍ

وَمَا كَانُوا۟ مُنتَصِرِينَ ﴿٤٥﴾

وَقَوْمَ نُوحٍ مِّن قَبْلُ ۖ إِنَّهُمْ كَانُوا۟ قَوْمًا فَـٰسِقِينَ ﴿٤٦﴾

وَٱلسَّمَآءَ بَنَيْنَـٰهَا بِأَيْي۟دٍ وَإِنَّا لَمُوسِعُونَ ﴿٤٧﴾

وَٱلْأَرْضَ فَرَشْنَـٰهَا فَنِعْمَ ٱلْمَـٰهِدُونَ ﴿٤٨﴾

وَمِن كُلِّ شَىْءٍ خَلَقْنَا زَوْجَيْنِ لَعَلَّكُمْ تَذَكَّرُونَ ﴿٤٩﴾

فَفِرُّوٓا۟ إِلَى ٱللَّهِ ۖ إِنِّى لَكُم مِّنْهُ نَذِيرٌ مُّبِينٌ ﴿٥٠﴾

42. ആ കാറ്റ് ഏതൊരു വസ്തുവിന്മേൽ ചെന്നെത്തിയോ, അതിനെ ദ്രവിച്ച തുരുമ്പു പോലെ ആക്കാതെ അത് വിടുമായിരുന്നില്ല.
43. ഥമൂദ് ജനതയിലും (ദൃഷ്ടാന്തമുണ്ട്). ഒരു സമയം വരെ നിങ്ങൾ സുഖം അനുഭവിച്ചു കൊള്ളുക എന്ന് അവരോട് പറയപ്പെട്ട സന്ദർഭം!
44. എന്നിട്ട് അവർ തങ്ങളുടെ രക്ഷിതാവിന്റെ കൽപനക്കെതിരായി ധിക്കാരം കൈക്കൊണ്ടു. അതിനാൽ അവർ നോക്കിക്കൊണ്ടിരിക്കെ ആ ഘോരനാദം അവരെ പിടികൂടി.
45. അപ്പോൾ അവർക്ക് എഴുന്നേറ്റുപോകാൻ കഴിവുണ്ടായില്ല. അവർ രക്ഷാനടപടികളെടുക്കുന്നവരായതുമില്ല.
46. അതിനുമുമ്പ് നൂഹിന്റെ ജനതയെയും (നാം നശിപ്പിക്കുകയുണ്ടായി). തീർച്ചയായും അവർ അധർമകാരികളായ ഒരു ജനതയായിരുന്നു.
47. ആകാശമാകട്ടെ നാം അതിനെ ശക്തി കൊണ്ട് നിർമിച്ചിരിക്കുന്നു. തീർച്ചയായും നാം വികസിപ്പിച്ചെടുക്കുന്നവനാകുന്നു.
48. ഭൂമിയാകട്ടെ നാം അതിനെ ഒരു വിരിപ്പാക്കിയിരിക്കുന്നു. എന്നാൽ അത് വിതാനിച്ചവൻ എത്ര നല്ലവൻ!
49. എല്ലാ വസ്തുക്കളിൽനിന്നും ഈരണ്ട് ഇണകളെ നാം സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുവാൻ വേണ്ടി.
50. അതിനാൽ നിങ്ങൾ അല്ലാഹുവിങ്കലേക്ക് ഓടിച്ചെല്ലുക. തീർച്ചയായും ഞാൻ നിങ്ങൾക്ക് അവന്റെ അടുക്കൽനിന്നുള്ള വ്യക്തമായ താക്കീതുകാരനാകുന്നു.

35-36. (അപ്പോൾ സത്യവിശ്വാസികളിൽ പെട്ടവരായി അവിടെ ഉണ്ടായിരുന്നവരെ നാം പുറത്തുകൊണ്ടുവന്നു. എന്നാൽ മുസ്‌ലിംകളുടെതായ ഒരു വീടല്ലാതെ നാം അവിടെ കണ്ടെത്തിയില്ല). ലൂത്വിന്റെ വീട്ടിലുള്ളവരാണവർ. അദ്ദേഹത്തിന്റെ ഭാര്യയൊഴിച്ച്. തീർച്ചയായും അവൾ നശിക്കേണ്ടവരിൽ പെട്ടവളാണ്.

37. (വേദനയേറിയ ശിക്ഷ ഭയപ്പെടുന്നവർക്ക് ഒരു ദൃഷ്ടാന്തം നാം അവിടെ അവശേഷിപ്പിക്കുകയും ചെയ്തു). ആ ദൃഷ്ടാന്തത്തിലൂടെ അവർ പാഠം പഠിക്കാനും അല്ലാഹുവിന്റെ ശിക്ഷ കഠിനമാണെന്ന് അവരറിയാനും വേണ്ടി. തീർച്ചയായും അവന്റെ ദൂതർ സത്യസന്ധരും സത്യപ്പെടുത്തപ്പെടേണ്ടവരും തന്നെ.

**ഈ ചരിത്രം ഉൾക്കൊള്ളുന്ന ചില തത്ത്വങ്ങളും വിധികളും**

അതിലൊന്ന്: മുൻകാലത്തിലെ അധർമകാരികളുടെയും പുണ്യവാന്മാരുടെയും ചരിത്രം പറയുന്നതിലെ തത്ത്വം അവരിൽനിന്ന് ഗുണപാഠമുൾക്കൊള്ളാനും അവർക്കെന്ത് സംഭവിച്ചു എന്ന് മനസ്സിലാക്കാനുമാണ്.

മറ്റൊന്ന്, ഇബ്‌റാഹീം നബി(അ)യുടെ മഹത്വമാണ്. അദ്ദേഹത്തിന്റെ ചരിത്രം കൊണ്ട് ആരംഭിച്ചതിനാൽ അതിലുള്ള ശ്രദ്ധയും പ്രാധാന്യവും മനസ്സിലാകുന്നു. മറ്റൊന്ന്, ആതിഥ്യത്തിന്റെ നിയമങ്ങൾ, അത് ഇബ്‌റാഹീ(അ)മിന്റെ ചര്യകളിൽപെട്ടതാണ്. ആ മാർഗം പിൻപറ്റാൻ മുഹമ്മദ് നബി(സ്വ)യോടും സമുദായത്തോടും അല്ലാഹു കൽപിക്കുന്നു. ഇവിടെ അല്ലാഹു അത് കൊണ്ടുവന്നിട്ടുള്ളത് അദ്ദേഹത്തിനുള്ള ഒരു പ്രശംസയായിട്ടാണ്.

മറ്റൊന്ന്, അതിഥി വാക്കുകൊണ്ടും പ്രവൃത്തികൊണ്ടുമെല്ലാം ആദരിക്കപ്പെടേണ്ടവനാണ്. അല്ലാഹു ഇബ്‌റാഹീം നബി(അ)യുടെ അതിഥികളെ 'ആദരണീയർ' എന്നാണ് വിശേഷിപ്പിച്ചത്. ഇബ്‌റാഹീം നബി(അ) അവരെ ആദരിച്ചു.

തുടർന്ന് അവരോട് അദ്ദേഹം വാക്കിലും പ്രവൃത്തിയിലും കാണിച്ച ആതിഥ്യം വിശദീകരിക്കുന്നു

## അല്ലാഹുവിന്റെ അടുക്കലും ആദരണീയർ

മറ്റൊന്ന്, ഇബ്റാഹീം നബി(അ)യുടെ വീട് സന്ദർശകർക്കും അതിഥികൾക്കുമുള്ള ഒരു താവളമായിരുന്നു. വഴി മര്യാദയനുസരിച്ച് സലാം പറഞ്ഞുകൊണ്ട് പ്രവേശിക്കുകയാണ് അവർ ചെയ്തത്; സമ്മതം കൂടാതെ തന്നെ. അപ്പോൾ പൂർണമായ രൂപത്തിൽ ഇബ്റാഹീം നബി(അ) അവർക്ക് സലാം മടക്കി. സ്ഥാപിക്കാനും സ്ഥിരപ്പെടുത്താനും ഉപയോഗിക്കുന്ന പ്രത്യേക വാചക ഘടനയിലായിരുന്നു അദ്ദേഹം സലാം മടക്കിയത്. ഒരു മനുഷ്യനിലേക്ക് ഒരാൾ വരികയോ എന്തെങ്കിലും ബന്ധങ്ങളുണ്ടാവുകയോ ചെയ്താൽ പരിചയപ്പെടേണ്ടത് എങ്ങനെയാണെന്നും ഇതിലുണ്ട്. അതിലാവട്ടെ ധാരാളം പ്രയോജനങ്ങളുണ്ട്.

മറ്റൊന്ന്, ഇബ്റാഹീം നബി(അ)യുടെ സംസാരത്തിലെ സൗമ്യതയും മര്യാദയും. അദ്ദേഹം പറയുന്നത് (അപരിചിതരായ ആളുകളാണല്ലോ) എന്നാണ്. മറിച്ച് 'നിങ്ങളെ എനിക്ക് പരിചയമില്ല' എന്നല്ല. ഈ രണ്ട് പദങ്ങളും തമ്മിൽ വ്യക്തമായ അന്തരമുണ്ട്. മറ്റൊന്ന്, ആതിഥ്യം വേഗത്തിലാക്കുക എന്നതാണ്. ഒരു പുണ്യം ചെയ്യുമ്പോൾ ഉത്തമൻ അത് വേഗത്തിൽ ചെയ്യുന്നവനാണ്. അതിനാൽ ഇബ്റാഹീം നബി(അ) അതിഥികൾക്കുള്ള ആതിഥ്യത്തിൽ ധൃതി കാണിച്ചു.

മറ്റൊന്ന്, അതിഥിക്കല്ലാതെ അറുത്തത് അതിഥിക്ക് നൽകുന്നതിൽ അനാദരവില്ല. മറിച്ച് അത് ആദരവ് കൂടിയാണ്. ഇബ്റാഹീം നബി (അ)ചെയ്തത് അതാണ്. ആദരണീയരാണ് അദ്ദേഹത്തിന്റെ അതിഥികളെന്ന് അല്ലാഹു തന്നെ പറഞ്ഞു. മറ്റൊന്ന്, തന്റെ ഖലീലായ ഇബ്റാഹീം നബി(അ)ക്ക് അല്ലാഹു ധാരാളം അനുഗ്രഹങ്ങൾ നൽകിയിട്ടുണ്ട് എന്നതാണ്. അങ്ങാടിയിൽനിന്നോ, അയൽവാസികളിൽനിന്നോ കൊണ്ടുവരാതെത്തന്നെ അതിഥികൾക്ക് ആവശ്യമുള്ളത് അവിടെ ഉണ്ടായിരുന്നു. മറ്റൊന്ന്, ഇബ്റാഹീം നബി(അ) തന്നെ തന്റെ അതിഥിക്ക് സേവനം ചെയ്യുന്നു. ആതിഥ്യം നൽകിയവരുടെ നേതാവും പരമകാരുണികന്റെ ഖലീലുമായിരുന്നിട്ടും.

മറ്റൊന്ന്, അവരുള്ള സ്ഥലത്തേക്ക് ഭക്ഷണം അങ്ങോട്ട് എത്തിച്ചുകൊടുത്തു. ഒരു സ്ഥലത്ത് വെച്ചിട്ട് ഇങ്ങോട്ട് വരൂ എന്ന് പറഞ്ഞില്ല. ഇത് ഏറ്റവും നല്ലതും സൗകര്യപ്രദവുമാണ്. മറ്റൊന്ന്, മൃദുലമായ സംസാരത്തിലൂടെ അതിഥിയോട് കാണിക്കുന്ന സൗമ്യത. പ്രത്യേകിച്ച് ഭക്ഷണം നൽകുമ്പോൾ. തീർച്ചയായും ഇബ്റാഹീം നബി(അ) വളരെ സൗമ്യമായാണ് അതവർക്ക് നൽകിയത്. എന്നിട്ടദ്ദേഹം ചോദിച്ചു: (നിങ്ങൾ തിന്നുന്നില്ലേ?) നിങ്ങൾ തിന്നൂ എന്നോ മറ്റ് പദങ്ങൾ പറഞ്ഞില്ല. മറിച്ച്, ഒരു അന്വേഷണത്തിന്റെ പദമാണ് ഉപയോഗിച്ചത് (നിങ്ങൾ തിന്നുന്നില്ലേ?). അദ്ദേഹത്തെ പിൻപറ്റുന്നവർ സന്ദർഭത്തിൽ യോജിക്കുന്ന ഇത്തരം നല്ല പദങ്ങളാണ് ഉപയോഗിക്കേണ്ടത്. അദ്ദേഹം തന്റെ അതിഥിയോട് പറഞ്ഞതുപോലെ 'നിങ്ങൾ തിന്നുന്നില്ലേ?' അല്ലെങ്കിൽ 'വരുന്നില്ലേ,' 'വന്നാലും, 'ഞങ്ങൾക്ക് നല്ലത് ചെയ്താലും' എന്നതുപോലുള്ള പ്രയോഗങ്ങൾ.

മറ്റൊന്ന്, എന്തെങ്കിലും കാരണങ്ങളാൽ ഒരാളിൽ നിന്ന് ഭയമുണ്ടായാൽ ആ ഭയം അകറ്റാൻ അയാൾക്ക് ബാധ്യതയുണ്ട്. അയാളുടെ ഭയം ഇല്ലാതാക്കാനും മനസ്സ് ശാന്തമാകാനും ഉതകുന്നത് അയാളോട് പറയണം. ഇബ്റാഹീം നബി(അ) ഭയപ്പെട്ടപ്പോൾ മലക്കുകൾ അദ്ദേഹത്തോട് പറഞ്ഞതുപോലെ (താങ്കൾ ഭയപ്പെടേണ്ട). ഭയത്തിനുശേഷം ആ സന്തോഷകരമായ വാർത്ത അദ്ദേഹത്തെ അവർ അറിയിക്കുകയും ചെയ്തു.

മറ്റൊന്ന്, ഇബ്റാഹീം നബി(അ)യുടെ ഭാര്യ സാറയുടെ സന്തോഷത്തിന്റെ ആധിക്യം. ഒരു പ്രത്യേക ശബ്ദവും അപൂർവമായ മുഖത്തടിയുംവരെ അവരിൽനിന്നുണ്ടായി. മറ്റൊന്ന്, ജ്ഞാനിയായ ഒരു കുട്ടിയെക്കുറിച്ച് സന്തോഷവാർത്ത അറിയിച്ച് ഇബ്റാഹീം നബി(അ)യുടെ ഭാര്യ സാറയെയും അല്ലാഹു ആദരിച്ചു.

38. അതായത് (മൂസായുടെ ചരിത്രത്തിലുമുണ്ട്) ഫിർഔനിലേക്കും അവന്റെ ജനതയിലേക്കും വ്യക്തമായ തെളിവുകളും അമാനുഷിക ദൃഷ്ടാന്തങ്ങളുമായി അല്ലാഹു അദ്ദേഹത്തെ അയച്ചു എന്നതിൽ, അല്ലാഹുവിന്റെ വേദനിക്കുന്ന ശിക്ഷയെ ഭയപ്പെടുന്നവർക്ക് ദൃഷ്ടാന്തമുണ്ട്.

39. വ്യക്തമായ പ്രമാണങ്ങളുമായി മൂസാ (അ) ഫിർഔനിന്റെ അടുക്കൽ ചെന്നപ്പോൾ ഫിർഔൻ പിന്തിരിഞ്ഞു. (ശക്തിയിൽ അഹങ്കരിച്ചു) വലിയ കഴിവിലും ശക്തിയിലും. അവൻ സത്യത്തിൽനിന്ന് തിരിഞ്ഞുകളഞ്ഞു. അതിലേക്കവൻ തിരിഞ്ഞുനോക്കിയില്ല. അതിനെക്കുറിച്ചവൻ വലിയ ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്തു.

അവർ പറഞ്ഞു: (ഒരു ജാലവിദ്യക്കാരനോ ഭ്രാന്തനോ ആണ്). മൂസാ കൊണ്ടുവന്നത് ഒന്നുകിൽ മായാജാലവും മാരണവും. സത്യത്തിന്റെ അംശംപോലും അതിലില്ല. അല്ലെങ്കിൽ അവൻ ഭ്രാന്തൻ. ബുദ്ധിയില്ല, അതുകൊണ്ട് അവനിൽനിന്ന് ഉണ്ടാകുന്നതിന് അവനെ പിടികൂടേണ്ടതില്ല. അവർക്കറിയാം-പ്രത്യേകിച്ചും ഫിർഔനിന്- മൂസാ സത്യമാണ് പറയുന്നതെന്ന്. അല്ലാഹു പറയുന്നു: "അവയെപ്പറ്റി അവരുടെ മനസ്സുകൾക്ക് ദൃഢമായ ബോധ്യം വന്നിട്ടും അക്രമവും അഹങ്കാരവും മൂലം അവരതിനെ നിഷേധിച്ചുകളഞ്ഞു" (27:14). ഫിർഔനിനോട് മൂസാ(അ) പറഞ്ഞു: "കണ്ണുതുറപ്പിക്കുന്ന ദൃഷ്ടാന്തങ്ങളുമായിക്കൊണ്ട് ഇവ ഇറക്കിയത് ആകാശങ്ങളുടെയും ഭൂമിയുടെയും രക്ഷിതാവുതന്നെയാണ് എന്ന് തീർച്ചയായും നീ മനസ്സിലാക്കിയിട്ടുണ്ട്"(17:102).

40. (അതിനാൽ അവനെയും അവന്റെ സൈന്യങ്ങളെയും നാം പിടികൂടുകയും എന്നിട്ടവരെ കടലിൽ എറിയുകയും ചെയ്തു. അവൻ തന്നെയായിരുന്നു ആക്ഷേപാർഹൻ). അതായത് അല്ലാഹുവോട് ധിക്കാരവും അതിക്രമവും പാപവും ചെയ്തവൻ. അപ്പോൾ അല്ലാഹു അവനെ പ്രതാപശാലിയുടെയും കഴിവുറ്റവന്റെയും ശിക്ഷ പിടിച്ച് ശിക്ഷിച്ചു.

41. അതായത്, അതിൽ അവർക്ക് ദൃഷ്ടാന്തമുണ്ട്. (ആദ്) പ്രസിദ്ധമായൊരു ഗോത്രം. വന്ധ്യമായ കാറ്റ് നാം അവരുടെ നേരെ അയച്ച സന്ദർഭം). അതായത് യാതൊരു ഗുണവുമില്ലാത്ത. അവരുടെ ദൂതനായ ഹൂദ് നബി(അ)യെ അവർ കളവാക്കിയപ്പോൾ.

42. ആ കാറ്റ് ഏതൊരു വസ്തുവിന്മേൽ ചെന്നെത്തിയോ, അതിനെ ദ്രവിച്ച തുരുമ്പുപോലെ ആക്കാതെ അത് വിടുമായിരുന്നില്ല. വളരെ ശക്തിയും കഴിവും ഉണ്ടായിട്ടും; അവരെ നശിപ്പിച്ചവന്റെ ശക്തിയും കഴിവും ഇവിടെ തെളിയുന്നു. ഒരു കാര്യത്തിനും അവൻ അശക്തനല്ലെന്നും അവനെതിരു പ്രവർത്തിക്കുന്നവരെ ശിക്ഷിക്കുമെന്നും മനസ്സിലാക്കാം.

43. (ഥമൂദിലും) അവരിലേക്ക് സ്വാലിഹ് നബി(അ)യെ നിയോഗിച്ച സമയത്തും വലിയ ദൃഷ്ടാന്തമുണ്ടായി. അവരദ്ദേഹത്തെ കളവാക്കുകയും ധിക്കരിക്കുകയും ചെയ്തു. അല്ലാഹു അവർക്ക് കണ്ണ് തുറപ്പിക്കപ്പെട്ട ഒരു ദൃഷ്ടാന്തമായി ഒരു ഒട്ടകത്തെ നിയോഗിച്ചു. അതവരിൽ ധിക്കാരവും അകൽച്ചയുമല്ലാതെ വർധിപ്പിച്ചില്ല. (ഒരു സമയം വരെ നിങ്ങൾ സുഖം അനുഭവിച്ചുകൊള്ളുക എന്ന് അവരോട് പറയപ്പെട്ട സന്ദർഭം).

44. എന്നിട്ടവർ തങ്ങളുടെ രക്ഷിതാവിന്റെ കൽപനക്കെതിരായി ധിക്കാരം കൈക്കൊണ്ടു. അതിനാൽ അവർ നോക്കിക്കൊണ്ടിരിക്കെ ആ ഘോരനാദം അവരെ പിടികൂടി). അതായത് വിനാശകരമായ വമ്പിച്ച ആ ശബ്ദം. (അവർ നോക്കിക്കൊണ്ടിരിക്കെ) നേർക്കുനേരെ കണ്ണുകൾകൊണ്ട് കണ്ടു അവരുടെ ശിക്ഷ.

45. (അപ്പോൾ അവർക്ക് എഴുന്നേറ്റ് പോകാൻ കഴിവുണ്ടായിരുന്നില്ല) അതിലൂടെ ശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ. (അവർ രക്ഷാനടപടി എടുക്കുന്നവരായതുമില്ല). അവരുടെ ശരീരങ്ങൾക്കുവേണ്ടി)

45. (അതിന് മുമ്പ് നൂഹിന്റെ ജനതയെയും നാം നശിപ്പിക്കുകയുണ്ടായി. തീർച്ചയായും അവർ അധർമകാരികളായ ഒരു ജനതയായിരുന്നു). നൂഹ് നബി(അ)യെ കളവാക്കുകയും അല്ലാഹുവിന്റെ കൽപനകൾ വിട്ട് അധർമകാരികളാവുകയും ചെയ്തപ്പോൾ അദ്ദേഹത്തിന്റെ ജനതയെയും അല്ലാഹു ചെയ്തത് ഇപ്രകാരം തന്നെയാണ്. കോരിച്ചൊരിയുന്ന വെള്ളം ഭൂമിയിൽനിന്നും ആകാശത്തുനിന്നുമായി അല്ലാഹു അവരുടെമേൽ അയച്ചു. അവരിൽ അവസാനത്തവനെയും അല്ലാഹു മുക്കിനശിപ്പിച്ചു. സത്യനിഷേധികളിൽ ഒരു വീട്ടുകാരനും അവശേഷിച്ചില്ല. തന്നോട് എതിരു പ്രവർത്തിക്കുന്നവരോട് അല്ലാഹുവിന്റെ നടപടിക്രമവും പതിവും ഇതാണ്.

47. അല്ലാഹുവിന്റെ മഹത്തായ കഴിവിനെ വ്യക്തമാക്കിക്കൊണ്ട് അല്ലാഹു പറയുന്നു: (ആകാശമാകട്ടെ, അതിനെ നാം നിർമിച്ചു). അതായത് അതിനെ നാം സൃഷ്ടിക്കുകയും സുദൃഢമാക്കുകയും ഭൂമിക്ക് മുകളിൽ അതിനെ ഒരു മേൽക്കൂരയാക്കുകയും ചെയ്തു. (ശക്തിയാൽ) മഹത്തായ കഴിവുകൊണ്ടും ശക്തികൊണ്ടും. (തീർച്ചയായും നാം വികസിപ്പിച്ചെടുക്കുന്നവനാകുന്നു). അതിന്റെ വശങ്ങളെയും ഭാഗങ്ങളെയും. നമ്മുടെ അടിമകൾക്ക് ഭക്ഷണം നൽകുന്നതി ലും നാം വിശാലത വരുത്തുന്നവനാണ്. വിജനതകളിലും കടലിന്റെ വിശാലതകളിലും ഉപരിയിലും അല്ലാതെയുമുള്ള ലോക മണ്ഡലങ്ങളിലും മതിയായ ഭക്ഷണം അവൻ എത്തിക്കാതിരിക്കില്ല. അതിന്നാവശ്യമായ നന്മകൾ അതിന് നൽകും. സകല സൃഷ്ടികൾക്കും ഔദാര്യം ചെയ്യുന്നവൻ മഹാപരിശുദ്ധൻ. സർവ ചരാചരങ്ങളിലും തന്റെ കാരുണ്യം വിശാലമായ അനുഗ്രഹപൂർണനായവൻ.

48. (ഭൂമിയാകട്ടെ, അതിനെ നാം ഒരു വിരിപ്പാക്കിയിരിക്കുന്നു). പടപ്പുകൾക്ക് നാം അതിനെ ഒരു വിരിപ്പാക്കി. അവർക്കാവശ്യമായ എല്ലാ നന്മകൾക്കുമുള്ള സൗകര്യം അവനതിലേർപ്പെടുത്തി. താമസം, കൃഷി, ഉദ്ദിഷ്ട സ്ഥലങ്ങളിലേക്ക് എത്തിപ്പെടാനുള്ള വണ്ടികൾ എല്ലാം തന്നെ. എല്ലാ നിലക്കുമുള്ള പ്രയോജനങ്ങൾക്ക് പറ്റുന്നതായിരിക്കും. ഏറ്റവും നല്ലതും പരിപൂർണവുമായ വിധത്തിലാണ് വിരിപ്പ് സംവിധാനിച്ചതെന്ന് അല്ലാഹു തന്നെ പറയുന്നു. ആ വിഷയത്തിൽ അവൻ അവനത്തന്നെ പുകഴ്ത്തുകയും ചെയ്യുന്നു (എന്നാൽ അത് വിതാനിച്ചവൻ എത്ര നല്ലവൻ). അവന്റെ യുക്തിക്കും കാരുണ്യത്തിനും അനുസരിച്ച് തന്റെ അടിമക്ക് അവൻ അതിനെ സൗകര്യപ്പെടുത്തി.

49. (എല്ലാ വസ്തുക്കളിൽനിന്നും ഈരണ്ടിണകളെ നാം സൃഷ്ടിച്ചിരിക്കുന്നു). ജീവിവർഗങ്ങളിലെ എല്ലാ ഇനങ്ങളിലും ആൺ-പെൺ വർഗങ്ങളെ. (നിങ്ങൾ ആലോചിച്ച് മനസ്സിലാക്കാൻ വേണ്ടി) അല്ലാഹു നിങ്ങൾക്ക് തന്ന അനുഗ്രഹങ്ങളെക്കുറിച്ച്. അവ നിശ്ചയിച്ചതിലും അവന്റെ യുക്തിയുണ്ട്. എല്ലാ ജീവി വർഗങ്ങളും അവശേഷിക്കാനുള്ള ഒരു കാരണമായ നിലയ്ക്കാണ് അവനത് ചെയ്തത്. അതിന്റെ വളർച്ചയും സേവനവും സംരക്ഷണവും നി ർവഹിക്കത്തക്കവിധത്തിലും അതിലൂടെയുള്ള പ്രയോജനങ്ങൾ ലഭിക്കാനും.

50. അല്ലാഹുവിനെ ഭയപ്പെടാനും അവനിലേക്ക് ഖേദിച്ചു മടങ്ങാനും നിർബന്ധിപ്പിക്കുന്ന അവന്റെ ദൃഷ്ടാന്തങ്ങളിലേക്ക് തന്റെ അടിമകളെ ക്ഷണിക്കുമ്പോൾ തന്നെ അതിന്നാവശ്യമായത് നിർദേശിക്കുകയും ചെയ്യുന്നു. അത് അവനിലേക്ക് ഓടിച്ചെല്ലാനാണ്. അതായത് പ്രത്യക്ഷമായും പരോക്ഷമായും അവൻ ഇഷ്ടപ്പെടാത്ത കാര്യങ്ങളിൽനിന്നും ഇഷ്ടപ്പെടുന്നതിലേക്കുള്ള ഓട്ടം. അജ്ഞതയിൽനിന്ന് അറിവിലേക്ക്, അവിശ്വാസത്തിൽനിന്ന് വിശ്വാസത്തിലേക്ക്, അനുസരണക്കേടിൽ നിന്ന് അനുസരണത്തിലേക്ക്, അശ്രദ്ധയിൽനിന്ന് അല്ലാഹുവിന്റെ സ്മരണയിലേക്ക്. ഈ കാര്യങ്ങൾ ആർക്ക് പൂർണമായോ അവന്റെ ദീൻ മുഴുവൻ പരിപൂർണമായി. എല്ലാ ഭയവും നീങ്ങി. ഉദ്ദിഷ്ട ലക്ഷ്യം അവൻ കരസ്ഥമാക്കി. തന്നിലേക്കുള്ള മടക്കത്തെ അല്ലാഹു വിളിച്ചത് 'ഓടിച്ചെല്ലുക' എന്നാണ്. അവനല്ലാത്തവരിലേക്കുള്ള മടക്കം ഭയങ്ങളിലേയും അനിഷ്ടങ്ങളിലേക്കുമാണ്. എന്നാൽ അവനിലേക്കുള്ള മടക്കം ഇഷ്ടങ്ങളിലേക്കാണ്. വിജയത്തിലേക്കും സൗഭാഗ്യത്തിലേക്കും സന്തോഷത്തിലേക്കും നിർഭയത്വത്തിലേക്കും. അവന്റെ വിധിതീരുമാനങ്ങളിൽ നിന്ന് അവന്റെ വിധിതീരുമാനങ്ങളിലേക്കുതന്നെ. എന്തെല്ലാം നീ ഭയപ്പെടുന്നുവോ അതിൽനിന്നെല്ലാം നീ അല്ലാഹുവിലേക്ക് ഓടിച്ചെല്ലുക. ഭയത്തിന്നനുസരിച്ചാണ് അവനിലേക്കുള്ള ഓടിച്ചെല്ലൽ. (തീർച്ചയായും ഞാൻ നിങ്ങൾക്ക് അവന്റെ അടുക്കൽനിന്നുള്ള വ്യക്തമായ താക്കീതുകാരനാകുന്നു). അതായത് അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ചുള്ള താക്കീതുകാരനാണ്. താക്കീത് വ്യക്തമാക്കിക്കൊടുക്കുന്ന ഭയപ്പെടുത്തുന്നവനും. ■



# ഖയ്ബർ യുദ്ധം

മുഹമ്മദ് നബി 55

ഹുസൈൻ സലഫി
: +971 50 634 6963

നബി(സ്വ)യുടെ മഹത്ത്വവും പ്രത്യേകതകളും നമുക്ക് മനസ്സിലാക്കിത്തരുന്ന ഒരു സന്ദർഭമായിരുന്നു ഖയ്ബർ യുദ്ധം. ധാരാളം കോട്ടകളും കൃഷിസ്ഥലങ്ങളും ഉൾക്കൊള്ളുന്ന ഫലഭൂയിഷ്ഠമായ ഒരു പ്രദേശമായിരുന്നു ഖയ്ബർ. ജൂതന്മാരുടെ ആവാസകേന്ദ്രം കൂടിയായിരുന്നു അത്.

ഹുദയ്ബിയ സന്ധിക്ക് ശേഷം ക്വുറയ്ശികളിൽനിന്ന് ഉണ്ടായിരുന്ന ഉപദ്രവങ്ങൾ ഇല്ലാതായത് നാം മനസ്സിലാക്കി. എന്നാൽ മുസ്‌ലിംകൾക്ക് ഭീഷണിയായി പിന്നീട് ഉണ്ടായിരുന്നത് ഖയ്ബറിൽ ഉണ്ടായിരുന്ന ജൂതന്മാരായിരുന്നു. മുസ്‌ലിംകളോട് കടുത്ത വഞ്ചനയും കുതന്ത്രങ്ങളും നടത്തിയിരുന്ന ഇക്കൂട്ടർ മുസ്‌ലിംകൾക്കെതിരിൽ നിരന്തരം അക്രമങ്ങൾ അഴിച്ചുവിടൽ പതിവായിരുന്നു. അങ്ങനെ ഒരിക്കൽ മുസ്‌ലിംകൾക്കെതിരിൽ അവർ യുദ്ധത്തിന് സംഘടിക്കുന്നത് നബി(സ്വ) അറിഞ്ഞു. മദീനയിലേക്ക് അവർ പ്രവേശിക്കുന്നതിന് മുമ്പ് അവർ വസിക്കുന്ന ഖയ്ബറിലേക്ക് പോയി അവരുടെ കുതന്ത്രങ്ങളുടെ മുനയൊടിക്കാനായി നബി(സ്വ) തീരുമാനിച്ചു.

സ്വഹാബിമാരെയും കൂട്ടി ഖയ്ബറിലേക്ക് പോകുന്നതിന് വേണ്ടി നബി(സ്വ) മദീനയിൽ ആഹ്വാനം നടത്തി. ഹുദയ്ബിയ സന്ധി കഴിഞ്ഞ് ഏതാണ്ട് ആഴ്ചകൾ പിന്നിടുമ്പോഴാണ് ഖയ്ബറിലേക്കുള്ള ഈ പടപ്പുറപ്പാട്.

നബി(സ്വ)യും അനുചരന്മാരും മക്കയിലേക്ക് ഉംറ നിർവഹിക്കാൻ വേണ്ടി പോയതാണല്ലോ ഹുദയ്ബിയയിൽ വെച്ച് മുശ്‌രിക്കുകളുമായി സന്ധിയിൽ കലാശിച്ചത്. എന്നാൽ നബി(സ്വ) അന്ന് ഉംറക്കായി പുറപ്പെടാൻ മദീനയിൽ വിളംബരം നടത്തിയപ്പോൾ പല ആളുകളും പല കാരണങ്ങളും ചൂണ്ടിക്കാണിച്ച് അതിനോട് വിസമ്മതം കാണിച്ചു. മക്കയിലേക്കാണല്ലോ ഉംറക്കായി പോകേണ്ടത്. അവിടെയാണെങ്കിൽ കേമന്മാരും അക്രമികളുമായ ആളുകളാണ് ഉള്ളത്. അവരുമായി പോരാടേണ്ടി വരുമോ, അങ്ങനെ വന്നാൽ ജീവൻ അപകടത്തിലാകുമോ എന്ന പേടിയായിരുന്നു അവരുടെ മനസ്സിൽ ഉണ്ടായിരുന്നതെങ്കിലും മറ്റു പല കാരണങ്ങളായിരുന്നു അവർ പറഞ്ഞിരുന്നത്. മദീനയുടെ പ്രാന്തപ്രദേശങ്ങളിൽ വസിക്കുന്ന ഗ്രാമീണ അറബിക

ളായിരുന്നു അവർ. അവരുടെ ഹൃദയത്തിലേക്ക് വേണ്ട വിധത്തിൽ വിശ്വാസം പ്രവേശിച്ചിട്ടില്ലായിരുന്നു.

ഹുദയ്ബിയയിൽ നിന്നും മദീനയിലേക്ക് മടങ്ങി വരുന്ന നബി(സ്വ)ക്ക് ഉംറ നിർവഹിക്കാതെ മദീനയിൽത്തന്നെ ഇരുന്നിരുന്ന ഈ ആളുകളെ സംബന്ധിച്ച് അല്ലാഹു വിവരം നൽകിയിരുന്നു.

''ഗ്രാമീണ അറബികളിൽനിന്ന് പിന്നോക്കം മാറിനിന്നവർ നിന്നോട് പറഞ്ഞേക്കും: ഞങ്ങളുടെ സ്വത്തുക്കളുടെയും കുടുംബങ്ങളുടെയും കാര്യം ഞങ്ങളെ (നിങ്ങളോടൊപ്പം വരാൻ പറ്റാത്തവിധം) വ്യാപൃതരാക്കിക്കളഞ്ഞു. അതുകൊണ്ട് താങ്കൾ ഞങ്ങൾക്കു പാപമോചനത്തിനായി പ്രാർഥിക്കണം. അവരുടെ നാവുകൾ കൊണ്ട് അവർ പറയുന്നത് അവരുടെ ഹൃദയങ്ങളിലുള്ളതല്ലാത്ത കാര്യമാണ്. നീ പറയുക: അപ്പോൾ അല്ലാഹു നിങ്ങൾക്കു വല്ല ഉപദ്രവവും ചെയ്യാൻ ഉദ്ദേശിച്ചാൽ അല്ലെങ്കിൽ അവൻ നിങ്ങൾക്ക് വല്ല ഉപകാരവും ചെയ്യാൻ ഉദ്ദേശിച്ചാൽ അവന്റെ പക്കൽനിന്ന് നിങ്ങൾക്കു വല്ലതും അധീനപ്പെടുത്തിത്തരാൻ ആരുണ്ട്? അല്ല, നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു. അല്ല, റസൂലും സത്യവിശ്വാസികളും ഒരിക്കലും അവരുടെ കുടുംബങ്ങളിലേക്ക് തിരിച്ചെത്തുകയേ ഇല്ല എന്ന് നിങ്ങൾ വിചാരിച്ചു. നിങ്ങളുടെ ഹൃദയങ്ങളിൽ അത് അലംകൃതമായി തോന്നുകയും ചെയ്തു. ദുർവിചാരമാണ് നിങ്ങൾ വിചാരിച്ചത്. നിങ്ങൾ തുലഞ്ഞ ഒരു ജനവിഭാഗമാകുന്നു'' (ക്വുർആൻ 48:11,12).

അവർ ഉംറ നിർവഹിക്കുന്നതിനായി പുറപ്പെടാൻ തയ്യാറാകാതിരുന്നതിന്റെ യഥാർഥ കാരണം നബി(സ്വ)യെ അല്ലാഹു ഈ സൂക്തങ്ങളിലൂടെ അറിയിച്ചതോടുകൂടി അവരുടെ എല്ലാ ഉള്ളുകള്ളികളും പുറത്തായി.

അന്ന് ഉംറക്ക് പുറപ്പെടാതെ മാറിനിന്ന പലരും ഖയ്ബറിലേക്കുള്ള യാത്രക്ക് താൽപര്യം കാണിച്ചു. മക്കയിലെ ക്വുറയ്ശികൾ അടങ്ങിയല്ലോ. അവരിൽനിന്നുള്ള യുദ്ധമോ മറ്റു പ്രയാസങ്ങളോ ഇനി ഉണ്ടാകില്ലെന്ന് ഉറപ്പാണ്. ഇപ്പോൾ പോകുന്നത് യഹൂദികളിലേക്കാണ്. മുസ്‌ലിംകൾക്കാണെങ്കിൽ നല്ല ശക്തി കൈവന്ന സമയവുമാണ്. അതിനാൽ ഈ യുദ്ധം വിജയിക്കുകതന്നെ ചെയ്യും എന്ന് അവർ കണക്കുകൂട്ടി. ഖയ്ബർ ഫലഭൂയിഷ്ഠമായ മണ്ണുള്ള സ്ഥലമാണ്. സമ്പത്ത് കുമിഞ്ഞുകൂടിക്കിടക്കുന്ന ധാരാളം കൊട്ടാരങ്ങളും കോട്ടകളുമുണ്ട് അവിടെ. യുദ്ധത്തിൽ വിജയിച്ചാൽ ധാരാളം യുദ്ധാർജിത സ്വത്ത് ലഭിക്കുവാൻ സാധ്യതയുണ്ട്. അത് മനസ്സിലാക്കി ഇക്കൂട്ടർ നബി(സ്വ)യോട് ഖയ്ബറിലേക്കുള്ള പുറപ്പാടിന് താൽപര്യം കാണിക്കുകയും തിടുക്കം കൂട്ടുകയും ചെയ്യുകൊണ്ടിരുന്നു. അവരെ സംബന്ധിച്ച് അല്ലാഹു പറയുന്നത് നോക്കൂ:

''സ്വത്തുക്കൾ കൈവശപ്പെടുത്താൻ ഉള്ളേടത്തേക്ക് നിങ്ങൾ (യുദ്ധത്തിന്) പോകുകയാണെങ്കിൽ ആ പിന്നോക്കം മാറിനിന്നവർ പറയും: ഞങ്ങളെ നിങ്ങൾ (തടയാതെ) വിട്ടേക്കണം. ഞങ്ങളും നിങ്ങളെ അനുഗമിക്കാം. അല്ലാഹുവിന്റെ വാക്കിന് മാറ്റം വരുത്താനാണ് അവർ ഉദ്ദേശിക്കുന്നത്. നീ പറയുക: നിങ്ങൾ ഒരിക്കലും ഞങ്ങളെ അനുഗമിക്കുകയില്ല, അപ്രകാരമാണ് അല്ലാഹു മുമ്പേ പറഞ്ഞിട്ടുള്ളത്. അപ്പോൾ അവർ പറഞ്ഞേക്കും; അല്ല, നിങ്ങൾ ഞങ്ങളോട് അസൂയ കാണിക്കുകയാണ് എന്ന്. അങ്ങനെയല്ല. അവർ (കാര്യം) ഗ്രഹിക്കാതിരിക്കുകയാകുന്നു; അൽപം മാത്രമല്ലാതെ'' (ക്വുർആൻ 48:15).

മുമ്പ് ഉംറക്ക് പോകാൻ മനസ്സ് കാണിക്കാത്ത ഈ ആളുകൾ ഖയ്ബറിലേക്ക് പോകാൻ അത്യുത്സാഹം കാണിക്കുകയാണ്. എന്നാൽ ഹുദയ്ബിയ കരാറിൽ പങ്കെടുത്തവർ മാത്രമേ ഖയ്ബറിലേക്ക്

**അലി(റ) നബി(സ്വ)യുടെ ഉപദേശപ്രകാരം ഖയ്ബർ കോട്ടയിലേക്ക് പ്രവേശിച്ചു. പിന്നീട് ശക്തമായ പോരാട്ടം നടന്നു. അവസാനം, അവരിലെ ഏറ്റവും വലിയ ആരോഗ്യവും ധീരനുമായ മിർഹബിനെ അലി(റ) വധിച്ചു. അവനായിരുന്നു യഹൂദികളുടെ നേതാവും. നേതാവ് വധിക്കപ്പെട്ടതോടെ യഹൂദികൾ പതറി. വീണ്ടും അവർ അവരുടെ കോട്ടകളിലേക്ക് കയറി. മുസ്‌ലിംകൾ അലി(റ)യുടെ നേതൃത്വത്തിൽ ഓരോ കോട്ടയിലേക്കും ഇരച്ചു കയറുകയും ഓരോന്നായി കീഴടക്കുകയും ചെയ്തു. അങ്ങനെ എല്ലാ കോട്ടകളും മുസ്‌ലിംകൾക്ക് അധീനപ്പെട്ടു. ഖയ്ബർ പരിപൂർണമായി മുസ്‌ലിംകൾ ജയിച്ചടക്കുകയും ചെയ്തു. ഖയ്ബറുകാരായ തൊണ്ണൂറ്റി മൂന്ന് പേർ വധിക്കപ്പെട്ടു. മുസ്‌ലിംകളിൽനിന്ന് പതിനഞ്ച് പേർ രക്തസാക്ഷികളായി.**

പുറപ്പെടേണ്ടതുള്ളൂ എന്ന് അല്ലാഹു നബി(സ്വ)യെ അറിയിച്ചു. ഇത് അല്ലാഹുവിന്റെ തീരുമാനമാണ്. ആ തീരുമാനം മാറ്റി നബി(സ്വ)യുടെ കൂടെ പുറപ്പെടാനാണ് ഇക്കൂട്ടർ മോഹിക്കുന്നത്. അല്ലാഹുവിന്റെ കൽപന പ്രകാരം നബി(സ്വ) അവരോട് പറഞ്ഞു; നിങ്ങൾ ഞങ്ങളെ പിന്തുടരേണ്ടതില്ല. അല്ലാഹു അപ്രകാരം തീരുമാനിച്ചിരിക്കുന്നു.

ഇനി യുദ്ധത്തിൽ പങ്കെടുത്തതിന്റെ പ്രതിഫലം മോഹിച്ചാണ് അവർ യുദ്ധത്തിന് വരുന്നതെങ്കിലോ, അവരോട് ഇപ്രകാരം പറഞ്ഞു: ''ഗ്രാമീണ അറബികളിൽനിന്നും പിന്നോക്കം മാറിനിന്നവരോട് നീ പറയുക: കനത്ത ആക്രമണശേഷിയുള്ള ഒരു ജനവിഭാഗത്തെ നേരിടാനായി നിങ്ങൾ വഴിയെ വിളിക്കപ്പെടും. അവർ കീഴടങ്ങുന്നതു വരെ നിങ്ങൾ അവരുമായി യുദ്ധം ചെയ്യേണ്ടിവരും. അപ്പോൾ നിങ്ങൾ അനുസരിക്കുന്നപക്ഷം അല്ലാഹു നിങ്ങൾക്ക് ഉത്തമമായ പ്രതിഫലം നൽകുന്നതാണ്. മുമ്പ് നിങ്ങൾ പിന്തിരിഞ്ഞുകളഞ്ഞതുപോലെ (ഇനിയും) പിന്തിരിഞ്ഞുകളയുന്നപക്ഷം വേദനയേറിയ ശിക്ഷ അവൻ നിങ്ങൾക്കു നൽകുന്നതുമാണ്'' (ക്വുർആൻ 48:16).

അല്ലാഹുവിന്റെ റസൂലിന്റെ കൂടെ അനുസരണയോടെ നിന്നവരായിരുന്നല്ലോ ഹുദയ്ബിയ സന്ധിയിൽ പങ്കെടുത്തിരുന്ന സ്വഹാബിമാർ. അതിനാൽ അവർ മാത്രമെ ഖയ്ബറിലേക്കുള്ള ഈ പുറപ്പാടിൽ ഉണ്ടാകാവൂ എന്നതാണ് അല്ലാഹുവിന്റെ നിശ്ചയം. അതോടൊപ്പം ഇത്രകൂടി അറിയിച്ചു; ഖയ്ബറിലേക്ക് പുറപ്പെടാം. പക്ഷേ, സമരാർജിത സമ്പത്ത് ഹുദയ്ബിയയിൽ പങ്കെടുത്തവർക്ക് മാത്രമാണ്.

മദീനയിൽനിന്നും നബി(സ്വ)യുടെ നേതൃത്വത്തിൽ മുസ്‌ലിം സൈന്യം ഖയ്ബറിലേക്ക് പുറപ്പെടാൻ തയ്യാറായി. ഈ വിവരം ഖയ്ബറിലെ ജൂതന്മാർക്ക് മദീനയിലെ ഒരു കൂട്ടർ തന്ത്രപരമായി എത്തിച്ചു. ആരായിരിക്കും അവർ? അബ്ദുല്ലാഹിബ്നു സബഇന്റെ ആളുകൾ അഥവാ കപടവിശ്വാസികൾ ! ജൂതന്മാരുടെ സഖ്യകക്ഷിയായിരുന്നു അറബി ഗോത്രക്കാരായ ഗ്വത്ഫാൻ ഗോത്രം. അവരോട് യഹൂദികൾ സഹായം അഭ്യർഥിച്ചു. അത് ഗ്വത്ഫാൻ ഗോത്രം സ്വീകരിച്ചു.

മദീനയിൽനിന്നും നബി(സ്വ) യുടെ നേതൃത്വത്തിൽ മുസ്‌ലിം സൈന്യം ഖയ്ബറിലേക്ക് പുറപ്പെടാൻ തയ്യാറായി. ഈ വിവരം ഖയ്ബറിലെ ജൂതന്മാർക്ക് മദീനയിലെ ഒരു കൂട്ടർ തന്ത്രപരമായി എത്തിച്ചു. ആരായിരിക്കും അവർ? അബ്ദുല്ലാഹിബ്നു സബഇന്റെ ആളുകൾ അഥവാ കപടവിശ്വാസികൾ ! ജൂതന്മാരുടെ സഖ്യകക്ഷിയായിരുന്നു അറബി ഗോത്രക്കാരായ ഗ്വത്ഫാൻ ഗോത്രം. അവരോട് യഹൂദികൾ സഹായം അഭ്യർഥിച്ചു. അത് ഗ്വത്ഫാൻ ഗോത്രം സ്വീകരിച്ചു. നബി(സ്വ)യുടെ നേതൃത്വത്തിൽ വൻസൈന്യം ഖയ്ബറിലേക്ക് എത്തി. മുസ്‌ലിം സൈന്യത്തെ കണ്ട ഗ്വത്ഫാൻ ഗോത്രം പേടിച്ച് അന്ധാളിച്ച് പിന്മാറുകയായിരുന്നു. ഗ്വത്ഫാൻ ഗോത്രം യഹൂദികൾക്ക് സഹായം നൽകുവാനോ നബി(സ്വ)ക്ക് എതിരെ പോരാടുവാനോ കൂട്ടാക്കിയതേയില്ല.

നബി(സ്വ)യുടെ നേതൃത്വത്തിൽ വൻസൈന്യം ഖയ്ബറിലേക്ക് എത്തി. മുസ്‌ലിം സൈന്യത്തെ കണ്ട ഗ്വത്ഫാൻ ഗോത്രം പേടിച്ച് അന്ധാളിച്ച് പിന്മാറുകയായിരുന്നു. ഗ്വത്ഫാൻ ഗോത്രം യഹൂദികൾക്ക് സഹായം നൽകുവാനോ നബി(സ്വ)ക്ക് എതിരെ പോരാടുവാനോ കൂട്ടാക്കിയതേയില്ല. ഹുദയ്ബിയയിൽ വെച്ച് ഉണ്ടായിട്ടുള്ള കരാറിനെപ്പറ്റി ശരിക്കും മനസ്സിലാക്കിയവരായിരുന്നല്ലോ ഗ്വത്ഫാൻ ഗോത്രം. അതിനാൽ അവർക്ക് മുസ്‌ലിംകളുടെ ശക്തിയും സ്വാധീനവും നന്നായി അറിയാമായിരുന്നു.

നബി(സ്വ)യും സ്വഹാബിമാരും ഖയ്ബറിനെ ലക്ഷ്യമാക്കി നീങ്ങി. നബി(സ്വ) ഒരു പ്രദേശത്തേക്ക് യാത്ര പുറപ്പെടുമ്പോൾ അതിന് തൊട്ടു സമീപത്തുള്ള പ്രദേശത്തായിരുന്നു രാത്രി താമസിച്ചിരുന്നത്. ഈ യാത്രയിലും അപ്രകാരം തന്നെ ചെയ്തു. ഖയ്ബറിന്റെ സമീപത്ത് മുസ്‌ലിം സൈന്യം രാത്രി താമസിച്ചു. പിറ്റേന്ന് ഫജ്റ് നമസ്കാരത്തിന് ശേഷം സൈന്യം ഖയ്ബറിലേക്ക് യാത്ര പുറപ്പെട്ടു. തുടർന്ന് യഹൂദികൾ താമസിക്കുന്നിടത്തേക്ക് സൈന്യം ഇരച്ചുകയറി. മുസ്‌ലിം സൈന്യത്തിന്റെ ഇപ്രകാരമുള്ള വരവ് യഹൂദികൾ വിചാരിച്ചിരുന്നില്ല. പതിവുപോലെ യഹൂദികൾ രാവിലെ അവരുടെ തോട്ടങ്ങളിലേക്ക് കൈക്കോട്ടും പിക്കാസുമെല്ലാമായി കൃഷിപ്പണിക്കായി ഇറങ്ങിയിരുന്നു. ആ സമയത്താണ് അവർ നബി(സ്വ)യെയും അനുചരന്മാരെയും കാണുന്നത്. അക്ഷരാർഥത്തിൽ അവർ ഞെട്ടി. അവർ പറഞ്ഞു: 'മുഹമ്മദ്! അല്ലാഹുവാണെ സത്യം... മുഹമ്മദും മഹാസൈന്യവും!' പേടിച്ചരണ്ട യഹൂദികൾ അവരുടെ കോട്ടകളിലേക്ക് ഓടിയൊളിച്ചു. അവയിലായിരുന്നു അവരുടെ സ്വർണവും വെള്ളി

യും കാർഷികോൽപന്നങ്ങളും ആയുധങ്ങളുമെല്ലാം. എല്ലാവിധത്തിലും സുശക്തമായ കോട്ടകളായിരുന്നു അവ. അവരുടെ കോട്ടകളിൽ പ്രധാനപ്പെട്ടവ നാഇമ്, നത്വാത്, സ്വഅ്ബ്, ക്വമൂസ്വ് എന്നിവയായിരുന്നു. ഈ കോട്ടകളിലേക്ക് മുസ്‌ലിം സൈന്യം ഇരച്ചുകയറി. ഓരോ കോട്ടയും മുസ്‌ലിം സൈന്യം കീഴടക്കി. കോട്ടകളിൽ ഉണ്ടായിരുന്ന യഹൂദികളെ സൈന്യം ബന്ദികളാക്കി. ശക്തമായി ചെറുത്തുനിന്ന ആളുകളോട് പോരാടേണ്ടി വന്നു.

ഒരു പാറക്കുന്നിന്റെ മുകളിൽ നിലകൊള്ളുന്ന ഒരു സുശക്തമായ കോട്ടക്കു ചുറ്റും കല്ലുകൾ കൊണ്ടുണ്ടാക്കിയ ഉയർന്ന മതിലുകൾ ഉണ്ടായിരുന്നു. അത് കീഴടക്കുക മുസ്‌ലിംകൾക്ക് പ്രയാസമായിരുന്നു. അത് കീഴടക്കുവാൻ അവർക്ക് വലിയ ത്യാഗം സഹിക്കേണ്ടി വന്നു. അവസാനം അലി(റ)യുടെ നേതൃത്വത്തിൽ ആ കോട്ടയും സൈന്യം കീഴടക്കി. തലേദിവസം ഇപ്രകാരം ഒരു സംഭവം നടന്നിരുന്നു:

സലമത് ഇബ്‌നൽ അക്‌വഇ(റ)ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: ''ഖയ്ബറിൽ നബി(സ്വ)യിൽ നിന്നും അലി(റ) അധികാരം സ്വീകരിച്ചിരുന്നു. അദ്ദേഹത്തിന്റെ കൈയിലായിരുന്നു പതാക. അങ്ങനെ അദ്ദേഹം പറഞ്ഞു: 'ഞാൻ അല്ലാഹുവിന്റെ റസൂലി(സ്വ)ൽനിന്ന് അധികാരം ഏറ്റടുത്തു.' അങ്ങനെ അലി(റ) പുറപ്പെടുകയും നബി(സ്വ)യുമായി ചേരുകയും ചെയ്തു. അങ്ങനെ അത് വിജയിച്ചടക്കിയ രാത്രിയുടെ വൈകുന്നേരം (വിജയം പ്രഭാതത്തിലായിരുന്നു) ആയപ്പോൾ അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: ''നാളെ ഞാൻ (ഈ) പതാക ഒരാൾക്ക് നൽകുക-അല്ലെങ്കിൽ നബി(സ്വ) പറഞ്ഞത്: അദ്ദേഹം സ്വീകരിക്കുക- തന്നെ ചെയ്യുന്നതാണ്. അദ്ദേഹത്തെ അല്ലാഹുവും റസൂലും ഇഷ്ടപ്പെടുകയും ചെയ്യുന്നതാണ്.'' അല്ലെങ്കിൽ നബി(സ്വ) പറഞ്ഞത് (ഇപ്രകാരമാണ്): 'അദ്ദേഹം അല്ലാഹുവിനെയും അവന്റെ റസൂലിനെയും ഇഷ്ടപ്പെടുന്നതാണ്, അല്ലാഹു അദ്ദേഹത്തിലൂടെ വിജയം നൽകുകയും ചെയ്യുന്നതാണ്.' അങ്ങനെ ഞങ്ങൾ അലിയുടെ അടുക്കലാണ്. ഞങ്ങൾ അത് പ്രതീക്ഷിക്കുന്നവരുമായിരുന്നു. അങ്ങനെയിരിക്കവെ അവർ പറഞ്ഞു: 'ഇതാ, അലി' എന്നിട്ട് അല്ലാഹുവിന്റെ റസൂൽ(സ്വ) അദ്ദേഹത്തിന് അത് നൽകി. അങ്ങനെ അല്ലാഹു അദ്ദേഹത്തിലൂടെ വിജയം നൽകി.'' (ബുഖാരി)

''അങ്ങനെ ജനങ്ങൾ അവരിൽ ആർക്കാണ് അത് നൽകുക എന്ന് രാത്രി ചർച്ച ചെയ്യാൻ തുടങ്ങി. നേരം പുലർന്നപ്പോൾ അവർ എല്ലാവരും അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ അടുത്തേക്ക് എത്തി. അവർ എല്ലാവരും അത് തനിക്ക് നൽകപ്പെടുമെന്ന് പ്രതീക്ഷിച്ചു. അങ്ങനെ (അവിടുന്ന്) ചോദിച്ചു: 'അലിയ്യ് ഇബ്‌നു അബീത്വാലിബ് എവിടെ?' അപ്പോൾ അവർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അദ്ദേഹത്തിന്റെ കണ്ണുകൾക്ക് വേദനയാണ്.' നബി(സ്വ) പറഞ്ഞു: 'എങ്കിൽ അദ്ദേഹത്തിലേക്ക് ആളെ അയക്കുകയും അദ്ദേഹത്തെയും കൂട്ടി എന്റെ അടുത്ത് വരികയും ചെയ്യൂ.' അദ്ദേഹം വന്നപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകളിൽ അവിടുന്ന് ഉമിനീർ പുരട്ടുകയും അദ്ദേഹത്തിന് വേണ്ടി പ്രാർഥിക്കുകയും ചെയ്തു. അങ്ങനെ അദ്ദേഹത്തിന് ഒട്ടും വേദനയില്ലാത്ത വിധം സുഖപ്പെട്ടു. എന്നിട്ട് നബി(സ്വ) അദ്ദേഹത്തിന് പതാക നൽകുകയും ചെയ്തു. അപ്പോൾ അലി(റ) പറഞ്ഞു: ''അല്ലാഹുവിന്റെ റസൂലേ, അവർ നമ്മളെപ്പോലെ ആകുന്നതുവരെ ഞാൻ അവരോട് പോരാടണമോ?'' അപ്പോൾ നബി (സ്വ) പറഞ്ഞു: ''താങ്കൾ അവരുടെ മുറ്റത്ത് ഇറങ്ങുന്നതുവരെ അവരിലേക്ക് സാവധാനത്തിൽ ചെല്ലുക. പിന്നീട് അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും അവരുടെമേൽ നിർബന്ധമായിട്ടുള്ള അല്ലാഹുവിന്റെ അവകാശത്തെപ്പറ്റി അറിയിക്കുകയും ചെയ്യുക. അല്ലാഹുവാണെ സത്യം, നിന്നെക്കൊണ്ട് ഒരാളെ അല്ലാഹു സന്മാർഗത്തിലാക്കുന്നത് നിനക്ക് ചുവന്ന ഒട്ടകം ഉണ്ടാകുന്നതിനെക്കാളും ഉത്തമമാകുന്നു'' (ബുഖാരി).

**അന്യായമായി യുദ്ധം ചെയ്തും പോരാടിയും കൊന്നൊടുക്കിയുമാണ് ഇസ്‌ലാം ലോകത്ത് പ്രചരിച്ചത് എന്ന് ഇസ്‌ലാമിന്റെ ചരിത്രം അറിയാതെയും വസ്തുതകൾ മൂടിവെച്ചും ജനങ്ങൾക്കിടയിൽ തെറ്റുധാരണ പരത്തുന്ന കുബുദ്ധികൾ ധാരാളമുണ്ട്. അവർക്കുള്ള മറുപടി കൂടിയാണ് ഈ ചരിത്രം. അലി(റ)യോട് നബി(സ്വ) കൽപിച്ചത് അവർക്ക് ഇസ്‌ലാമിനെക്കുറിച്ച് പറഞ്ഞുകൊടുക്കുവാനും അല്ലാഹുവിനോടുള്ള അവരുടെ ഉത്തരവാദിത്തം അറിയിക്കുവാനുമാണ്. ഇക്കൂട്ടർ പ്രചരിപ്പിക്കുന്നത് പോലെയായിയിരുന്നെങ്കിൽ നബി(സ്വ) അലി(റ)യോട് ശത്രുക്കളെ ആദ്യംതന്നെ വകവരുത്താൻ കൽപിക്കുമായിരുന്നു ചെയ്യേണ്ടിയിരുന്നത്. എന്നാൽ നബി(സ്വ) അതിന് അനുവാദം നൽകുകയല്ല ചെയ്തത്.**

അന്യായമായി യുദ്ധം ചെയ്തും പോരാടിയും കൊന്നൊടുക്കിയുമാണ് ഇസ്‌ലാം ലോകത്ത് പ്രചരിച്ചത് എന്ന് ഇസ്‌ലാമിന്റെ ചരിത്രം അറിയാതെയും വസ്തുതകൾ മൂടിവെച്ചും ജനങ്ങൾക്കിടയിൽ തെറ്റുധാരണ പരത്തുന്ന കുബുദ്ധികൾ ധാരാളമുണ്ട്. അവർക്കുള്ള മറുപടി കൂടിയാണ് ഈ ചരിത്രം. അലി(റ)യോട് നബി(സ്വ) കൽപിച്ചത് അവർക്ക് ഇസ്‌ലാമിനെക്കുറിച്ച് പറഞ്ഞുകൊടുക്കുവാനും അല്ലാഹുവിനോടുള്ള അവരുടെ ഉത്തരവാദിത്തം അറിയിക്കുവാനുമാണ്. ഇക്കൂട്ടർ പ്രചരിപ്പിക്കുന്നത് പോലെയായിയിരുന്നെങ്കിൽ നബി(സ്വ) അലി(റ)യോട് ശത്രുക്കളെ ആദ്യംതന്നെ വകവരുത്താൻ കൽപിക്കുമായിരുന്നു ചെയ്യേണ്ടിയിരുന്നത്. എന്നാൽ നബി(സ്വ) അതിന് അനുവാദം നൽകുകയല്ല ചെയ്തത്.

അങ്ങനെ അലി(റ) നബി(സ്വ)യുടെ ഉപദേശപ്രകാരം ഖയ്ബർ കോട്ടയിലേക്ക് പ്രവേശിച്ചു. പിന്നീട് ശക്തമായ പോരാട്ടം നടന്നു. അവസാനം, അവരിലെ ഏറ്റവും വലിയ ആരോഗ്യവാനും ധീരനുമായ മിർഹബിനെ അലി(റ) വധിച്ചു. അവനായിരുന്നു യഹൂദികളുടെ നേതാവും. നേതാവ് വധിക്കപ്പെട്ടതോടെ യഹൂദികൾ പതറി. വീണ്ടും അവർ അവരുടെ കോട്ടകളിലേക്ക് കയറി. മുസ്‌ലിംകൾ അലി(റ)യുടെ നേതൃത്വത്തിൽ ഓരോ കോട്ടയിലേക്കും ഇരച്ചു കയറുകയും ഓരോന്നായി കീഴടക്കുകയും ചെയ്തു. അങ്ങനെ എല്ലാ കോട്ടകളും മുസ്‌ലിംകൾക്ക് അധീനപ്പെട്ടു. ഖയ്ബർ പരിപൂർണമായി മുസ്‌ലിംകൾ ജയിച്ചടക്കുകയും ചെയ്തു. ഖയ്ബറുകാരായ തൊണ്ണൂറ്റി മൂന്ന് പേർ വധിക്കപ്പെട്ടു. മുസ്‌ലിംകളിൽനിന്ന് പതിനഞ്ച് പേർ രക്തസാക്ഷികളായി.

ഖയ്ബറിൽ മുസ്‌ലിംകൾ വിജയിച്ചു. ഖയ്ബറിലെ യഹൂദികൾ കീഴടങ്ങി. ഖയ്ബറിൽനിന്ന് പുറത്ത് പോകാൻ നബി(സ്വ) അവരോട് ആവശ്യപ്പെട്ടു. എന്നാൽ അവർ അതിന് തയ്യാറായില്ല. അങ്ങനെ അവർ നബി(സ്വ)യോട് ഒരു വ്യവസ്ഥ വെച്ച് ഖയ്ബർ തങ്ങൾക്ക് വിട്ടുനൽകണം എന്ന് ആവശ്യപ്പെട്ടു.

''മുഹമ്മദേ, ഞങ്ങൾ ഈ നാട്ടിൽ ജനിച്ചു വളർന്നവരാണ്. ഈ മണ്ണിൽ കൃഷി ചെയ്ത് ഇവിടെ തന്നെ ജീവിക്കുന്നവരുമാണ്. ഇതല്ലാത്ത ഒരു ജോലി ഞങ്ങൾക്ക് അറിയുകയുമില്ല. അതിനാൽ ഞങ്ങളെ ഇവിടെനിന്നും നീ പുറത്താക്കരുത്. ഈ ഭൂമിയിൽ കൃഷി ചെയ്ത് നന്നാക്കി ഇവിടെത്തന്നെ ഞങ്ങൾ കഴിഞ്ഞു കൊള്ളാം. അതിന് നീ ഞങ്ങളെ സമ്മതിക്കണം. ഈ ഭൂമി ഏറ്റെടുത്ത് ഞങ്ങളെ പോലെ കൃഷി ചെയ്യാൻ നിങ്ങൾക്ക് സാധിക്കുകയില്ല. നിങ്ങൾക്ക് അത് വശമില്ലാത്ത ജോലിയുമാണ്. ഖയ്ബറിലെ മണ്ണിനെക്കുറിച്ചും അതിലെ കൃഷി രീതിയെക്കുറിച്ചും നിങ്ങളെക്കാൾ അറിവ് ഞങ്ങൾക്കാണല്ലോ. ഇപ്പോൾ ഈ ഭൂമി നിങ്ങളുടേതാണ്. അതിനാൽ നിങ്ങൾ സമ്മതിക്കുകയാണെങ്കിൽ ഞങ്ങൾ ഇവിടെ കൃഷി ചെയ്തു ജീവിച്ചുകൊള്ളാം. അതിൽനിന്നും ലഭിക്കുന്ന ഉൽപന്നത്തിൽനിന്ന് പകുതി നിങ്ങൾക്ക് ഞങ്ങൾ നൽകുന്നതുമാണ്.'' ഇതായിരുന്നു അവർ നബി(സ്വ)യുടെ മുമ്പിൽ വെച്ച വ്യവസ്ഥ. ഈ വ്യവസ്ഥ നബി(സ്വ) അംഗീകരിച്ചുകൊടുക്കുകയാണ് ചെയ്തത്.

അബ്ദുല്ലാഹ് ഇബ്‌നു റവാഹ(റ)ക്ക് അവിടത്തെ ഉത്തരവാദിത്തം നബി(സ്വ) നൽകി. ഓരോ വർഷവും അവിടെ ചെന്ന് യഹൂദികൾ കരാർ ചെയ്ത തുപോലെ മുസ്‌ലിംകൾക്കുള്ള വിഹിതവും അവർക്കുള്ള വിഹിതവും വെവ്വേറെയാക്കുക എന്നതായിരുന്നു അദ്ദേഹത്തിന് നബി(സ്വ) നൽകിയ നിർദേശം. എന്നാൽ ഉൽപന്നത്തിൽനിന്നും മുസ്‌ലിംകൾക്ക് നൽകേണ്ടുന്ന വിഹിതം പൂർണമായി വിട്ടുകൊടുക്കാൻ യഹൂദികൾ വൈമനസ്യം കാണിച്ചു. അതിന് അവർ ഒരു കുതന്ത്രം കണ്ടു. അബ്ദുല്ലാഹ് ഇബ്‌നു റവാഹ(റ)യെ സ്വാധീനിക്കുക. അങ്ങനെ അബ്ദുല്ലാഹ് ഇബ്‌നു റവാഹ(റ)യെ സ്വാധീനിക്കാൻ യഹൂദികൾ ശ്രമം നടത്തി. ധാരാളം കൈക്കൂലി നൽകിയിട്ടായിരുന്നു അവർ അദ്ദേഹത്തെ തങ്ങളുടെ വരുതിയിലാക്കാൻ ശ്രമിച്ചത്. മദീനയിൽ പ്രവാചകന് തങ്ങളുടെ കാർഷികോൽപന്നങ്ങളെ സംബന്ധിച്ച് നൽകുന്ന വിവരത്തിൽ അൽപം കുറവ് വരുത്താൻ അവർ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. മഹാനായ സ്വഹാബി പ്രവാചകന് കൈമാറുന്ന വിവരമാണല്ലോ അറിയുക. അതിനാൽ ആ കണക്കിൽ കുറവ് കാണിച്ചാൽ യഹൂദികൾക്ക് അത്രയും ലഭിക്കുമല്ലോ. അതിന് എന്താണോ താങ്കൾക്ക് വേണ്ടത് അത് ഞങ്ങൾ നൽകാം എന്ന് അവർ അദ്ദേഹത്തോട് പറഞ്ഞു. വിശ്വസ്തതയും നീതിയും പ്രവാചകനിൽനിന്നും പഠിച്ചിട്ടുള്ള അബ്ദുല്ലാഹ് ഇബ്‌നു റവാഹ(റ) അവർക്ക് ഇപ്രകാരം മറുപടി നൽകി:

''അല്ലാഹുവിന്റെ ശത്രുക്കളേ, നിങ്ങൾ എന്നെ അധർമം തീറ്റിക്കുകയാണോ? അല്ലാഹുവാണെ സത്യം, തീർച്ചയായും ജനങ്ങളിൽ എനിക്ക് ഏറ്റവും ഇഷ്ടമുള്ളയാളുടെ അടുക്കൽനിന്നാണ് ഞാൻ നിങ്ങളുടെ അടുത്തേക്ക് വന്നിട്ടുള്ളത്. (നിങ്ങളുടെ ഈ പ്രവർത്തനത്താൽ) കുരങ്ങുകളെക്കാളും പന്നികളെക്കാളും എനിക്ക് ഏറ്റവും കൂടുതൽ വെറുപ്പുള്ളവരാണ് നിങ്ങൾ. നിങ്ങളോടുള്ള എന്റെ കോപമോ അവിടുത്തോടുള്ള എന്റെ ഇഷ്ടമോ നിങ്ങളോട് നീതി കാണിക്കാതിരിക്കുന്നതിന് എന്നെ പ്രേരിപ്പിക്കാതിരിക്കട്ടെ.'' അപ്പോൾ അവർ പറഞ്ഞു: ''ഇതുകൊണ്ടാണ് ആകാശഭൂമികൾ നിലനിൽക്കുന്നത്.'' (താരീഖുൽ ഇസ്‌ലാം).

ഈ സ്വഹാബിവര്യന്റെ വാക്കുകളിൽനിന്ന് ഇസ്‌ലാമിന്റെ നീതിനിഷ്ഠയെക്കുറിച്ച് മനസ്സിലാക്കിയ യഹൂദികൾ അത് അംഗീകരിക്കുകയും ആകാശഭൂമികളുടെ നിലനിൽപ്പ് പോലും ഈ നീതിയുടെ അടിസ്ഥാനത്തിലാണെന്ന് പറയാൻ അത് കാരണമാവുകയും ചെയ്തു. (തുടരും)



# കൊലയാളി ന്യായങ്ങൾ

സുലൈമാൻ പെരുമുക്ക്

തല്ലാനും
കൊല്ലാനുമുള്ള
ന്യായങ്ങളാണ്
എല്ലാവരും
തിരയുന്നതെങ്കിൽ
എല്ലാവർക്കും
വടിയും കത്തിയും
എടുക്കാനുള്ള
ന്യായങ്ങൾ കാണും!
അങ്ങനെ
തല്ലിയും കുത്തിയും
കഥതീരുമ്പോൾ
ഈ മണ്ണിന് എന്നും
സമാധാനമായിരിക്കും!
അപ്പോൾ പിശാച്
പൊട്ടിച്ചിരിച്ചുകൊണ്ട്
പറയും;
ഈ വിഡ്ഢികൾ
സ്വപ്നംകണ്ട
സമാധാനം ഇതാണെന്ന്!
കഷ്ടം,
ഈ പ്രബുദ്ധത
എത്ര നാണംകെട്ടതാണ്!
അയൽവാസിയെ
പേടിപ്പിച്ചുകൊണ്ട്
ആരും
ചരിത്രത്തിൽ
സുഖമായി
ഉറങ്ങിയിട്ടില്ലെന്നതാണ്
സത്യം.
അനാഥകളും
വിധവകളും
നിരാലംബരും നിറഞ്ഞ
ലോകത്തിനാണ്
'ആരെടാ'യെന്ന
ചോദ്യവും
'ഞാനെടാ'യെന്ന
മറുപടിയും
പാടുപെടുന്നത്!
അധികാരികൾ
നോക്കുകുത്തികളായാൽ
രക്തപ്പുഴ തിരയടിച്ചു
പരന്നൊഴുകുന്നതു
കാണാം.
സ്വന്തക്കാരൻ
കൊല്ലപ്പെട്ടതിലെ
വേദനയെക്കാൾ
ശത്രുവിനെ
വകരുത്തിയതിലെ
സന്തോഷപ്രകടനം
സമൂഹത്തെ
പരിഹസിക്കലാണ്!
അവരാണ്
ഞങ്ങൾക്കുനേരെ
ആദ്യം വാളെടുത്തതെന്ന
ഓരോ കൊലയാളി
സംഘത്തിന്റെയും
കാലങ്ങളായുള്ള
അവകാശവാദത്തിനു
മുന്നിൽ
കണ്ണും കാതും
അടച്ചുകൊണ്ട്
അധികാരം
വീണവായിച്ചു
പഠിക്കുകയാണ്.

# വീണുപോയവരെ ചേർത്തുപിടിക്കുക

ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര
: 99460 42525



'കിടപ്പിലായാൽ
ഒരു വലിയ ലോകമാവാൻ കഴിയും
തൊട്ടപ്പുറത്തേക്ക് ഒരു കടൽദൂരം
തൊട്ടടുത്ത ആളിലേക്ക് ഒരു ജന്മദൂരം
നിങ്ങളുടെ ഭാഷ
ആർക്കും മനസ്സിലാവാതെയാവാം
മറ്റുള്ളവരുടെ ശബ്ദം
ഒരു പ്രകാശ വർഷത്തിനപ്പുറത്താവാം.
ടീപോയ്മേൽ ഇരിക്കുന്ന ഗ്ലാസിലേക്ക്
നീളുന്ന നിങ്ങളുടെ കൈ
ഒരു വിദേശ രാജ്യത്തിലേക്ക് നീളുകയാണ്.'

-റഫീഖ് അഹ്മദ്



'കിടന്നു പോയാൽ കഴിഞ്ഞു. ഇങ്ങനെ എഴുന്നേറ്റു നടക്കുന്നതുകൊണ്ട് കുഴപ്പമില്ല'- പ്രായാധിക്യമുള്ള പലരോടും വിശേഷം ചോദിക്കുമ്പോൾ കിട്ടുന്ന മറുപടിയാണിത്.

മനുഷ്യനേറ്റവും ഭയക്കുന്നത് കിടപ്പിലായി പോകുന്നതിനെയാണെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്.  നട്ടെല്ല് നമ്മുടെ ശരീരത്തിൽ നിർവഹിക്കുന്ന മഹാധർമം തിരിച്ചറിയണമെങ്കിൽ എപ്പോഴെങ്കിലുമൊരിക്കൽ നല്ലപ്രായത്തിൽ വീണു കിടപ്പിലായ ഒരാളെ കണ്ടാൽ മതി.

ഊഹിക്കാനാവാത്ത പ്രതിസന്ധികളിലേക്കാണത് നമ്മെ എടുത്തെറിയുക. കവി പറഞ്ഞതുപോലെ നമ്മുടെ ചെറിയലോകം വിശ്വസിക്കാനാവാത്തവിധം അകലങ്ങളിലേക്ക് വഴിമാറും. തൊട്ടപ്പുറത്തിരിക്കുന്ന ചായക്കപ്പിലേക്കോ പുസ്തകത്തിലേക്കോ വർഷങ്ങളുടെ വഴിദൂരമുണ്ടാകുമെന്നത് ചിന്തിക്കുമ്പോഴേ നടുക്കമുണ്ടാകുന്നു!

ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് വർഷം തോറും രണ്ടര ലക്ഷം മുതൽ അഞ്ച് ലക്ഷംവരെയാളുകൾ നട്ടെല്ലിന് ക്ഷതംവന്ന് ജീവിതത്തിന്റെ  സജീവതയിൽനിന്ന് ഒറ്റമുറികളിലേക്ക് വഴിമാറ്റപ്പെടുന്നുണ്ട്.

നമുക്ക് ചുറ്റിലും കാണും അത്തരത്തിൽ ദൈവത്തിന്റെ പരീക്ഷണത്തിന് വിധേയരായവർ. ഓരോ രോഗിയും അയാൾക്ക് മാത്രമല്ല അയാൾക്ക് ചുറ്റിലുള്ളവർക്ക് കൂടി പരീക്ഷണമത്രെ. നമുക്കുള്ള പരീക്ഷണമാരായിരിക്കും, നാമറിഞ്ഞിട്ടുണ്ടോ? തിരഞ്ഞു നോക്കിയിട്ടുണ്ടോ?

പാരത്രിക കോടതിയിൽ അടിമയോട് അല്ലാഹു ചോദിക്കുന്നുണ്ട്; 'ഞാൻ രോഗിയായി ക്കിടന്നു, നിനക്കെന്നെ വന്ന് ഒന്നു കണ്ടുകൂടായിരുന്നില്ലേ?'

മണ്ണും വിണ്ണും നിയന്ത്രിക്കുന്ന നീ രോഗിയാവുകയോ എന്നാശ്ചര്യപ്പെടുന്ന അടിമയോട് അല്ലാഹു പറയുന്നത് 'നിന്റെ വിളിപ്പുറത്ത്, ഒരു കണ്ണകലെ ഇന്നയാൾ രോഗിയായി ക്കിടന്നിരുന്നില്ലേ? അയാളെ നീ സന്ദർശിച്ചിരുന്നെങ്കിൽ നീ എന്നെ അവിടെ കണ്ടുമുട്ടുമായിരുന്നു' എന്നാണ്!

നമുക്ക് വേണ്ടി കൂടിയാണവർ വെള്ളം നിറച്ച കിടക്കകളിൽ മുറിവ് പറ്റാതെ കിടക്കാൻ ശ്രമിക്കുന്നത് എന്നറിയുമ്പോഴാണ് 'ഞാൻ' എന്നത് നമ്മളാകുന്നത്.

കൊറോണക്കാലത്ത് നീ മാസ്ക്ക് വെക്കുന്നതും പുറത്ത് പോകാതിരിക്കുന്നതും 'നിനക്ക് വേണ്ടി' മാത്രമല്ല; 'നമുക്ക് വേണ്ടി'യാണെന്ന പാഠം ലോകം മുഴുവൻ പഠിച്ചതുപോലെയല്ലേ?

മുൻകാലങ്ങളിലില്ലാത്തവിധം ഇന്ന് കിടപ്പിലായവരെ പരിചരിക്കാൻ സംവിധാനങ്ങൾ, ബോധവൽക്കരണങ്ങൾ, പാലിയേറ്റീവ് കൂട്ടായ്മകൾ ഒക്കെ ഉയർന്നു വന്നിട്ടുണ്ട്. അവയിൽ നമ്മുടെ റോളെന്ത് എന്ന് ചിന്തിക്കേണ്ടതും നമുക്ക് എന്ത് ചെയ്യാനാവും എന്ന് തീരുമാനിക്കേണ്ടതും നമ്മൾ മാത്രമാണ്! ഏതൊരു ദുരന്തവും നമ്മെ സ്പർശിക്കുന്നതുവരെ അതിനെ നിസ്സാരമായി നമുക്ക് തോന്നിയേക്കാം.

സുദീർഘമായ നടത്തം പ്രതീക്ഷിച്ചതിനിടയിൽ വീണുപോയവരുണ്ടാകാം. അവരുടെ അടുത്തുചെന്ന് ചേർത്തുപിടിച്ച് സാധ്യമാകുന്ന സാന്ത്വന വാക്കുകൾ പറയാൻ ശ്രമിച്ചു നോക്കൂ, അവർക്കു വേണ്ടി അവരുടെ സാന്നിധ്യത്തിൽ പ്രാർഥിച്ചുനോക്കൂ... ഞാൻ യഥാർഥ മനുഷ്യനായിരിക്കുന്നു എന്ന് നമ്മുടെ ഉള്ള് നമ്മോട് പറയും, തീർച്ച. അത് രോഗിക്ക് തെല്ലൊന്നുമല്ല ആശ്വാസമേകുക.



# വാനവും ലോകവും

സാദിഖ് ബിൻ സലീം
9447350061

ആകാശത്തെന്തൊക്കെ
കാണുന്നു നീ?
ആവോളം നക്ഷത്രം
കാണുന്നു ഞാൻ!
മുറ്റത്തു നിന്നു നീ
നോക്കിടുമ്പോൾ
മറ്റെന്തു കാണുന്നു
മേലേവാനിൽ?
തിങ്കൾ കല മേലെ
വാനിൻ കോണിൽ
ഭൂമിയെ നോക്കി
ചിരിച്ചിടുന്നു!
ചന്തമെഴുന്നൊരീ
നീലവാനം
അന്തിയായപ്പോൾ
കറുത്തതെന്തേ?
കത്തിജ്വലിക്കുന്ന
സൂര്യഗോളം
ഇത്തിരി നേരം
മറഞ്ഞതിനാൽ!
താരക കൂട്ടവും
പൂനിലാവും
സൂര്യന്റെ ശോഭയിൽ
കാണുകില്ല.
ഉച്ചിയിൽ നിൽക്കുന്ന
സൂര്യശോഭ
ഇച്ചിരി മാഞ്ഞാൽ
തെളിഞ്ഞു കാണും!
എത്ര കണിശമാണീ
സൃഷ്ടിപ്പ്!
ആരുടെ
കൈവിരുതാണിതെല്ലാം?
അല്ലാഹുവാണിതിൻ പിന്നിലെന്ന
സത്യമതുള്ളിൽ കുറിച്ചുവെച്ചോ.
വാനവും ലോകവും
മറ്റെല്ലാതും
നന്നായ് പടച്ചതാ
സ്രഷ്ടാവാണേ!




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm

RNI NO: KERMAL/2015/64152
Registered NO: KL/CT/225/2022-24

Nerpatham Weekly
Published on 2022 JANUARY 15

Vol No: 06 I Issue 03
Price: ₹10/-

വിപണിയിൽ

# നേർപഥം

സ്‌പെഷ്യൽ പതിപ്പ്

## കേരള മുസ്‌ലിം നവോത്ഥാനത്തിന്റെ നൂറ് വർഷങ്ങൾ

സഹസ്രാബ്ദങ്ങളുടെ പൈതൃകമുൾക്കൊള്ളുന്ന ഭൂപ്രദേശമാണ് ഇന്നത്തെ കേരളം. വൈദേശികരുമായുള്ള ആദാന പ്രദാനങ്ങളിലൂടെ സംസ്‌കാരം കരുപ്പിടിപ്പിച്ച മലയാളനാടിന്റെ പായും പങ്കായവുമായി വർത്തിച്ച മുസ്‌ലിം ജനവിഭാഗത്തിന്റെ അതിജീവന അടയാളങ്ങളെ രേഖപ്പെടുത്താനുള്ള എളിയ ശ്രമം.




224 പേജുകൾ, മൾട്ടി കളർ
പെർഫെക്ട് ബൈന്റിംഗ്, വില ₹100